# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം
TIMES OF AMERICAN MALAYALI

2026
മെയ്





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**


www.timesofamericanmalayali.com




സുഹൃത്തുക്കളേ,


ഭാരതം എല്ലായ്പ്പോഴും ശാസ്ത്രത്തെ രാജ്യത്തിന്റെ പുരോഗതിയുമായി ബന്ധിപ്പിച്ചാണ് കാണുന്നത്. ഇതേ ചിന്തയോടെയാണ്, നമ്മുടെ ശാസ്ത്രജ്ഞർ സിവിൽ ന്യൂക്ലിയർ പ്രോഗ്രാം മുന്നോട്ട് കൊണ്ടുപോകുന്നത്. അവരുടെ ശ്രമങ്ങൾ രാഷ്ട്രനിർമ്മാണത്തിന് ഗണ്യമായ സംഭാവന നൽകുന്നു. ഇത് നമ്മുടെ വ്യാവസായിക മേഖലയുടെ വള?ർച്ചയ്ക്കും ഊർജ മേഖലയ്ക്കും ആരോ ഗ്യമേഖലയ്ക്കും വളരെ ഗുണം ചെയ്തിട്ടുണ്ട്.




ജന്മശതാബ്ദി പ്രഭാഷണം

**സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്**

**ബ്രഹ്മശ്രീ ഡോ. സച്ചിദാനന്ദസ്വാമി** .......... **3**

ഗുരുവിന്റെ കൃതികളെയും ജീവിതത്തെയും ദർശനത്തെയും ആസ്പദമാക്കി മൂന്നുദിവസം പണ്ഡിതന്മാരായ വ്യക്തികൾ ചേർന്ന് ധർമ്മത്തെ മീമാംസ്യമായി വിലയിരുത്തുന്ന ഒരു വിദ്വൽ പരിഷത്ത് സദസ്സാണ് ശാരദാപ്രതിഷ്ഠയുടെ വാർഷികം പ്രമാണിച്ച് മൂന്നു ദിവസങ്ങളിലായി ഇവിടെ നടത്തിപ്പോരുന്നത്.


**കോടതികഥകൾ**


ഒ.വി.ആർ വക്കീലിന്റെ ഏകലോചനവിദ്യ
**അഡ്വ. വർഗീസ് പി. തോമസ്** .......... **4**






**പുസ്തക പരിചയം**
ചിത്രമെഴുത്ത് കെ.എം.വറുഗീസിന്റെ
ചരിത്രകഥകൾ
**ഡോ.പോൾ മണലിൽ** .......... **6**






ഷാജി എൻ കരുൺ –
ആത്മവ്യഥകളുടെ അഭ്രസഞ്ചാരങ്ങൾ
**മധു ഇറവങ്കര** .......... **8**

**അനുഗാമി** – പ്രൊഫ. വി. രാധാമണിക്കുഞ്ഞമ്മ
**രേഖ ആർ. താങ്കൾ**

**സാംസ്കാരികം** .......... **7**

**മറ്റു പംക്തികൾ**


# ജ്ഞാനസൗരഭ്യം ചൊരിഞ്ഞ
# ഗുരു മുനിനാരായണപ്രസാദ്



**ജോർജ് തഴക്കര**

**(1938 മെയ് 2–2026 ഏപ്രിൽ 25)**



**ഭാര**തീയ തത്ത്വചിന്തയെ ശ്രീനാരായണഗുരുവിന്റെ ചിന്തയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച മുനിശ്രേഷ്ഠനായിരുന്നു മുനി നാരായണ പ്രസാദ്.

നടരാജഗുരുവിൽ നിന്നും ബ്രഹ്മചര്യം സ്വീകരിക്കുകയും നിത്യചൈതന്യ യതിയിൽ നിന്നും സംന്യാസം സ്വീകരിക്കുകയും രണ്ടുപേരിൽ നിന്നും ശ്രീനാരായണ ദർശനങ്ങൾ സ്വാംശീകരിച്ചു പ്രചരിപ്പിച്ച ജ്ഞാനഗുരുവായിരുന്നു അദ്ദേഹം.

2024ൽ രാജ്യം പദ്മശ്രീ നൽകി ആദരിക്കുകയുണ്ടായി. മികച്ച വിവർത്തനത്തിനും; ആത്മകഥയ്ക്കുമുള്ള കേരള സാഹിത്യ അക്കാദമി അവാർഡ്, വാഗ്ഭടാനന്ദ ഗുരുദേവ പുരസ്കാരം, കുളത്തൂർ അദ്വൈതാശ്രമം വേദാന്തരത്നം പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി.

അച്ഛൻ ജി. മാധവൻ. അമ്മ നാരായണി. 1938 ഡിസംബർ 9ന് ആറ്റിങ്ങലിനടുത്തുള്ള നഗരൂരിൽ തണ്ണിക്കോണത്ത് ജനിച്ചു. വയലിനും രണ്ടു വലിയ മലകൾക്കും ഇടയിലുള്ള ഗ്രാമം. സ്വകാര്യ മാനേജ്മെന്റിന്റെ ചുമതലയിലുള്ള പ്രൈമറി സ്കൂളിലെ പ്രഥമ അദ്ധ്യാപകനായിരുന്നു അച്ഛൻ. പ്രതിമാസം ഏഴു രൂപയായിരുന്നു ശമ്പളം. അമ്മയ്ക്ക് വേണ്ടത്ര വിദ്യാഭ്യാസം ഇല്ലായിരുന്നു. കൃഷിയായിരുന്നു പ്രധാന ഉപജീവന മാർഗ്ഗം. തെങ്ങ്, മരച്ചീനി, വാഴ എന്നിവ കൂടാതെ നെൽവയലിൽ നിന്നും വർഷത്തിൽ രണ്ടു പ്രാവശ്യം കിട്ടുന്ന നെല്ലുമാണ് ആകെയുള്ള വരുമാനം. അനിയൻ സുധി. അനുജത്തി സുധ.

സന്ധ്യാസമയത്ത് അമ്മ വിളക്ക് തെളിച്ച് കുട്ടികളെ അരികിലിരുത്തി പ്രാർത്ഥന നടത്തിയിരുന്നു. അച്ഛനിൽ നിന്നാണ് 'ദൈവദശകം' ആദ്യമായി കേൾക്കുന്നതും അതു ഹൃദസ്ഥമാക്കി അച്ഛനെ കേൾപ്പിക്കുന്നതും. അതിനുശേഷം 'നാരായണ മൂർത്തേ ഗുരു നാരായണ മൂർത്തേ' എന്നു തുടങ്ങുന്ന ഗുരുസ്തുതി പഠിച്ചു. നീലകണ്ഠപിള്ള, കുഞ്ചു, പപ്പൂട്ടി എന്നിവരായിരുന്നു പ്രൈമറി സ്കൂളിലെ അദ്ധ്യാപകർ. അഞ്ചാം ക്ലാസു തുടങ്ങി ഇംഗ്ലീഷ് പഠനം ആരംഭിച്ചു. ഇക്കാലത്താണ് നഷ്ടത്തിലായ സ്കൂൾ, മാനേജർ സർക്കാരിന് വിട്ടുകൊടുത്തത്. അതോടെ ശമ്പളം അമ്പതു രൂപയിലേക്കു വർദ്ധിച്ചു.

ഇളയ സഹോദരി സുധ രണ്ടര വയസ്സുള്ളപ്പോൾ ശന്നി (ഛന്നി) പിടിച്ചു മരിച്ചു. പ്രസാദിന് പത്തുവയസ്സുള്ളപ്പോഴാണ് അമ്മയുടെ മരണം. പ്രസവ സമയത്ത് അമ്മയുടെ ആരോഗ്യാവസ്ഥയിൽ പെട്ടെന്നു മാറ്റമുണ്ടായി. പതിച്ചി നിസ്സഹായയായി. അച്ഛൻ കിളിമാനൂരിൽ പോയി ഡോക്ടറെ കൂട്ടിക്കൊണ്ടുവന്നപ്പോഴേക്കും അമ്മയും കുഞ്ഞും മരിച്ചിരുന്നു. അമ്മയും രണ്ടു സഹോദരങ്ങളും മാത്രമല്ല, അമ്മയുടെ മൂന്നു സഹോദരങ്ങളും അകാല ത്തിലാണ് മരിച്ചത്. മരണത്തിന്റെ ആ ഴം തിരിച്ചറിയാനുള്ള പ്രായമായില്ലെങ്കിലും അതിന്റെ

➲12






**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2026 ഏപ്രിൽ 26ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**

133

# മനസ്സ് പറയുന്നത്

**എന്റെ** പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം. മൻ കി ബാത്തിന്റെ മറ്റൊരു എപ്പിസോഡിൽ നിങ്ങളോടൊപ്പം ചേരുന്നതിൽ എനിക്ക് സന്തോഷമുണ്ട്. തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ തിരക്കിലായിരിക്കുമ്പോഴും, നിങ്ങളുടെ കത്തുകളിലൂടെയും സന്ദേശങ്ങളിലൂടെയും, രാജ്യത്തിന്റെയും പൗരന്മാരുടെയും നേട്ടങ്ങളെക്കുറിച്ചുള്ള സന്തോഷങ്ങൾ നമ്മൾ പരസ്പരം പങ്കിട്ടു. ഇത്തവണ, രാജ്യത്തിന്റെ അത്തരമൊരു സുപ്രധാന നേട്ടത്തോടെ നമുക്ക് മൻ കി ബാത്ത് ആരംഭിക്കാം.

**കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, നമ്മുടെ ന്യൂക്ലിയർ ശാസ്ത്രജ്ഞർ മറ്റൊരു പ്രധാന നേട്ടത്തിലൂടെ ഭാരതത്തിന്റെ യശസ്സ് ഉയർത്തിയിരിക്കുന്നു. തമിഴ്നാട്ടിലെ കൽപ്പാക്കത്തുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടർ ക്രിട്ടിക്കാലിറ്റി കൈവരിച്ചിരിക്കുന്നു. ക്രിട്ടിക്കാലിറ്റി ഒരു സ്റ്റേജാണ്. ഇതിൽ ഒരു റിയാക്ടർ ആദ്യമായി സെൽഫ് സസ്റ്റെയിനിംഗ് ന്യൂക്ലിയർ ചെയിൻ റിയാക്ഷനിൽ വിജയം കൈവരിക്കുന്നു. ഇത് അർത്ഥമാക്കുന്നത് റിയാക്ടർ ഓപ്പറേഷൻ ഫേസിലെത്തി എന്നാണ്. ഭാരതത്തിന്റെ ആണവോ?ർജ്ജ യാത്രയിലെ ഒരു നാഴികക്കല്ലാണിത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ആണവ റിയാക്ടർ പൂർണ്ണമായും തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത് എന്നതാണ്.**

സുഹൃത്തുക്കളേ,
ഭാരതം എല്ലായ്പ്പോഴും ശാസ്ത്രത്തെ രാജ്യത്തിന്റെ പുരോഗതിയുമായി ബന്ധിപ്പിച്ചാണ് കാണുന്നത്. ഇതേ ചിന്തയോടെയാണ്, നമ്മുടെ ശാസ്ത്രജ്ഞർ സിവിൽ ന്യൂക്ലിയർ പ്രോഗ്രാം മുന്നോട്ട് കൊണ്ടുപോകുന്നത്. അവരുടെ ശ്രമങ്ങൾ രാഷ്ട്രനിർമ്മാണത്തിന് ഗണ്യമായ സംഭാവന നൽകുന്നു. ഇത് നമ്മുടെ വ്യാവസായിക മേഖലയുടെ വള?ർച്ചയ്ക്കും ഊർജ മേഖലയ്ക്കും ആരോ ഗ്യമേഖലയ്ക്കും വളരെ ഗുണം ചെയ്തിട്ടുണ്ട്. ഭാരതത്തിന്റെ സിവിൽ ന്യൂക്ലിയർ പ്രോഗ്രാം, കൃഷിക്കാർ മുതൽ ആധുനിക നൂതനാശയവിദഗ്ധർ വരെയുള്ള എല്ലാവരെയും വളരെയധികം സഹായിച്ചിട്ടുണ്ട്.

സുഹൃത്തുക്കളേ,
കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, നമ്മുടെ ന്യൂക്ലിയർ ശാസ്ത്രജ്ഞർ മറ്റൊരു പ്രധാന നേട്ടത്തിലൂടെ ഭാരതത്തിന്റെ യശസ്സ് ഉയർത്തിയിരിക്കുന്നു. തമിഴ്നാട്ടിലെ കൽപ്പാക്കത്തുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടർ ക്രിട്ടിക്കാലിറ്റി കൈവരിച്ചിരിക്കുന്നു. ക്രിട്ടിക്കാലിറ്റി ഒരു സ്റ്റേജാണ്. ഇതിൽ ഒരു റിയാക്ടർ ആദ്യമായി സെൽഫ് സസ്റ്റെയിനിംഗ് ന്യൂക്ലിയർ ചെയിൻ റിയാക്ഷനിൽ വിജയം കൈവരിക്കുന്നു. ഇത് അർത്ഥമാക്കുന്നത് റിയാക്ടർ ഓപ്പറേഷൻ ഫേസിലെത്തി എന്നാണ്. ഭാരതത്തിന്റെ ആണവോ?ർജ്ജ യാത്രയിലെ ഒരു നാഴികക്കല്ലാണിത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ആണവ റിയാക്ടർ പൂർണ്ണമായും തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത് എന്നതാണ്.

സുഹൃത്തുക്കളേ,
ഇതിനെ ബ്രീഡർ റിയാക്ടർ എന്ന് വിളിക്കുന്നത് എന്തുകൊണ്ടാണ്? അതിന് പിന്നിലും ഒരു കാരണമുണ്ട്. ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനു പുറമേ, ഭാവിയിലേക്ക് പുതിയ ഇന്ധനം ഉൽപ്പാദിപ്പിക്കുകയും കൂടി ചെയ്യുന്ന ഒരു സംവിധാനമാണിത്. സുഹൃത്തുക്കളേ, 2024 മാർച്ചിൽ കൽപ്പാക്കത്ത് റിയാക്ടറിന്റെ കോർ ലോഡിംഗ് കണ്ട സമയം, ഞാൻ ഓർക്കുന്നു. ഭാരതത്തിന്റെ ആണവ പദ്ധതിക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. നമ്മുടെ നാട്ടുകാരുടെ ജീവിതം മികച്ചതും ലളിതവുമാക്കുന്നതിനുള്ള അവരുടെ ശ്രമങ്ങൾ വളരെ പ്രശംസനീയമാണ്. ഇത് ഒരു വികസിത ഭാരതത്തിനായുള്ള നമ്മുടെ ദൃഢനിശ്ചയത്തിന് പുതിയ ഊർജ്ജം നൽകും.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
ഇന്ന് മൻ കി ബാത്തിൽ, അദൃശ്യമായ ഒരു ശക്തിയെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, ഇതില്ലാതെ നമ്മുടെ ജീവിതത്തിന് ഒരു നിമിഷം പോലും നിലനിൽക്കാൻ കഴിയില്ല. ഈ ശക്തി ഭാരതത്തെ മുന്നോട്ട് നയിക്കുന്നു. അത് കാറ്റിന്റെ ശക്തിയാണ്. നമ്മുടെ പുരാതന ഗ്രന്ഥങ്ങൾ പറയുന്നു

*വായുർവ ഇതി വ്യഷ്ടി:, വായുരവൈ സമഷ്ടി:*
അതായത്, വായു ഒരു ഘടകം മാത്രമല്ല; അത് ജീവന്റെ ഊർജ്ജമാണ്, അത് പ്രപഞ്ചത്തിന്റെ ശക്തിയാണ്.

സുഹൃത്തുക്കളേ,
ഇന്ന് കാറ്റിന്റെ ശക്തി ഭാരതത്തിന്റെ വികസനത്തിൽ ഒരു പുതിയ കഥ എഴുതുകയാണ്. ഭാരതം അടുത്തിടെ പവനോർജ മേഖലയിൽ ഒരു സുപ്രധാന നാഴികക്കല്ല് പിന്നിട്ടിരിക്കുന്നു. ഇപ്പോൾ ഭാരതത്തിന്റെ വിൻഡ് എനർജി ജനറേഷൻ കപ്പാസിറ്റി 56 ഗിഗാവാട്ട് കവിഞ്ഞു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാത്രം ഏകദേശം 6 ഗിഗാവാട്ട് പുതിയ ശേഷി കൂട്ടിചേർത്തു. വിൻഡ് എനർജിയിൽ ഭാരതം അതിവേഗം പുരോഗമിക്കുകയാണ്, ലോകം നമ്മളെ ഉറ്റുനോക്കുന്നു.

സുഹൃത്തുക്കളേ,
ഇന്ന് ഭാരതം വിൻഡ് എനർജി കപ്പാസിറ്റിയിൽ ലോകത്ത് നാലാം സ്ഥാനത്താണ്. ഇത് നമ്മുടെ എഞ്ചിനീയർമാരുടെ കഠിനാധ്വാനവും, നമ്മുടെ യുവാക്കളുടെ പരിശ്രമവും, നമ്മുടെ രാഷ്ട്രത്തിന്റെ കൂട്ടായ ഇച്ഛാശക്തിയുടെ പ്രതീകവുമാണ്.

സുഹൃത്തുക്കളേ,
ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നിവയുൾപ്പെടെ രാജ്യത്തുടനീളമുള്ള നിരവധി സംസ്ഥാനങ്ങൾ ഈ മേഖലയിൽ കഴിവ് തെളിയിച്ചുകൊണ്ടിരിക്കുന്നു. ഒരുകാലത്ത് മരുഭൂമി മാത്രമായിരുന്ന ഗുജറാത്തിലെ കച്ച്, പാടൻ, ബനാസ്കാം തുടങ്ങിയ പ്രദേശങ്ങളിൽ ഇപ്പോൾ വലിയ പുനരുപയോഗ ഊർജ പാർക്കുകൾ നിർമിച്ചുവരുന്നു. യുവാക്കൾക്ക് ഇതിൽ നിന്ന് പ്രയോജനം ലഭിക്കുന്നു, പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു, പുതിയ നൈപുണ്യങ്ങൾ വികസിക്കുന്നു, പുതിയ തൊഴിലവസരങ്ങൾ തുറക്കുന്നു.

സുഹൃത്തുക്കളേ,
സൗരോർജ്ജവും പവനോർജ്ജവും ഭാരതത്തിന്റെ വികസനത്തിന് അത്യാവശ്യമാണ്. ഇത് പരിസ്ഥിതിയുടെ കാര്യം മാത്രമല്ല നമ്മുടെ ഭാവിയുടെ സുരക്ഷയാണ്. ഇതിൽ നമുക്കെല്ലാവർക്കും പങ്കുണ്ട്. നാം വൈദ്യുതി സംരക്ഷിക്കുകയും ശുദ്ധ ഊർജം സ്വീകരിക്കുകയും വേണം. അത്തരം ശ്രമങ്ങൾ രാജ്യത്തെ എല്ലാ തലങ്ങളിലും അനിവാര്യമാണ്, കാരണം അവ കാര്യമായ മാറ്റം കൊണ്ടുവരുന്നു.

സുഹൃത്തുക്കളേ,
മെയ് മാസം ഒരു പവിത്രമായ ആഘോഷത്തോടെ ആരംഭിക്കുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ, നമ്മൾ ബുദ്ധപൂർണ്ണിമ ആഘോഷിക്കും. എന്റെ എല്ലാ സഹപൗരന്മാർക്കും ഞാൻ എന്റെ ആശംസകൾ ഇപ്പോഴേ നേരുന്നു. ഭഗവാൻ ഗൗതമബുദ്ധന്റെ ജീവിത സന്ദേശം ഇന്നും, എന്നത്തേയും പോലെ പ്രസക്തമാണ്. സമാധാനം നമ്മിൽ നിന്നാണ് ആരംഭിക്കുന്നതെന്നും, ആത്മജയമാണ് ഏറ്റവും വലിയ വിജയമെന്നും അദ്ദേഹം നമ്മെ പഠിപ്പിച്ചു. ഇന്ന് ലോകം നേരിടുന്ന സമ്മർദ്ദങ്ങളും സംഘർഷങ്ങളും കണക്കിലെടുക്കുമ്പോൾ, ബുദ്ധന്റെ ചിന്തകൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നു.


സുഹൃത്തുക്കളേ,
തെക്കേ അമേരിക്കയിലെ ചിലിയിലുള്ള ഒരു സംഘടന, ഭഗവാൻ ബുദ്ധന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ലഡാക്കിൽ ജനിച്ച, ഡ്രബ്പോൺ ഓത്ജർ റിൻപോച്ചെ (Drubpon Otzer Rinpoche)യുടെ മാർഗനിർദേശത്തിലാണ് ഈ പ്രവർത്തനം നടക്കുന്നത്. ധ്യാനത്തെയും കാരുണ്യത്തെയും ജനങ്ങളുടെ ജീവിതവുമായി ഈ സ്ഥാപനം ബന്ധിപ്പിക്കുകയാണ്. കോച്ചിഗുവാസ് (Cochiguaz) താഴ്വരയിൽ നിർമ്മിച്ച സ്തൂപം ആളുകൾക്ക് സമാധാനബോധം നൽകുന്നു. ഇത് കാണുന്നത് ശരിക്കും അഭിമാനകരമാണ്. ഭാരതത്തിന്റെഈ പുരാതനധാര വിദൂരലോകത്തിലേക്ക് എത്തുന്നു. വിദൂരദേശങ്ങളിൽ നിന്നുള്ളവരും ഇതിൽ പങ്കുചേരുന്നു.

സുഹൃത്തുക്കളേ,
ബുദ്ധമത പാരമ്പര്യം നമ്മെപ്രകൃതിയുമായി ഇഴുകിച്ചേർന്ന് ജീവിക്കാൻ പ്രേരിപ്പിക്കുന്നു. ഭഗവാൻ ബുദ്ധൻ ഒരു മരച്ചുവട്ടിൽ ഇരുന്നാണ് ജ്ഞാനോദയം നേടിയത്. പ്രകൃതി നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. പ്രകൃതിയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്ന ഇത്തരം ശ്രമങ്ങൾ രാജ്യമെമ്പാടും നടക്കുന്നുണ്ട്. കർണാടകയിലെ കർമ മൊണാസ്ട്രി ഇതിനൊരു ഉത്തമ ഉദാഹരണമാണ്. 100 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഒരു വനമാണ് ഈ ആശ്രമം. 700ലധികം നാടൻ വൃക്ഷങ്ങൾ ഈ വനത്തിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. സുഹൃത്തുക്കളേ, ബുദ്ധന്റെ സന്ദേശം വെറും പഴങ്കഥയല്ല. അത് ഇന്ന് പ്രസക്തവും ഭാവിക്ക് അത്യന്താപേക്ഷിതവുമാണ്. ഈ ബുദ്ധപൂർണ്ണിമ ഒരു പ്രചോദനമാണ്. നമ്മുടെ ജീവിതത്തിൽ സമാധാനം വർദ്ധിപ്പിക്കാനും, അനുകമ്പ സ്വീകരിക്കാനും, ഒത്തൊരുമയോടെ മുന്നോട്ട് പോകാനും നമുക്ക് കഴിയട്ടെ.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
നമ്മുടെ രാജ്യത്ത് റിപ്പബ്ലിക് ദിനം നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനമായ ജനുവരി 23 മുതൽ ഗാന്ധിജിയുടെ ചരമവാർഷികമായ ജനുവരി 30 വരെ ആഘോഷിക്കുന്നുണ്ടെന്ന് നിങ്ങൾക്കെല്ലാവർക്കും ➲10




## പ്രഭാഷണം



സുകുമാർ അഴീക്കോട് ജന്മശതാബ്ദി സമിതി, മാവേലിക്കര 2026 ഏപ്രിൽ 16ന് ശിവഗിരിയിൽ നടത്തിയ സമ്മേളനത്തിൽ ശിവഗിരി മഠം ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് **ബ്രഹ്മശ്രീ. ഡോ. സച്ചിദാനന്ദസ്വാമികൾ** നടത്തിയ പ്രഭാഷണം.

# സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്

ശ്രീനാരായണ ഗുരുദേവന്റെ ധർമ്മത്തിൽ ഊന്നിനിന്നുകൊണ്ട് സ്വജീവിതത്തെ ധന്യമാക്കിയ ഒരു മഹാനുഭാവനാണ് സുകുമാർ അഴീക്കോട്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷ പരിപാടിയിലാണ് നാം, ശിവഗിരി മഠത്തിന്റെ ദൈവദശകം ഹാളിൽ പങ്കാളികളാകുന്നത്.

ശിവഗിരിമഠവും സുകുമാർ അഴീക്കോടും തമ്മിലുള്ള ആത്മബന്ധത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ ജന്മശതാബ്ദി ആഘോഷപരിപാടികൾ ശിവഗിരിയിൽ ഇപ്രകാരം നടന്നാൽപോരാ എന്നു ചിന്തിക്കുന്ന ഒരാളാണ് ഞാൻ. കാരണം, മാഷ് ശിവഗിരി മഠത്തിലെ ഒരംഗത്തെപ്പോലെ, ഗുരുവിന്റെ ശിഷ്യപരമ്പരയിലെ വലിയ ഒരു സുവിശേഷകനായി നിലനിന്ന് പ്രവർത്തിച്ച വ്യക്തിയാണ്. തെറ്റുകളെ ചൂണ്ടിക്കാണിക്കുവാനും ശരിയോടൊപ്പം നിന്ന് പടപൊരുതുവാനും എന്തുത്യാഗവും സഹിച്ചിരുന്ന ഒരു മഹദ്വ്യക്തിയാണ്.

**ശിവഗിരിമഠവും സുകുമാർ അഴീക്കോടും തമ്മിലുള്ള ആത്മബന്ധത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ ജന്മശതാബ്ദി ആഘോഷപരിപാടികൾ ശിവഗിരിയിൽ ഇപ്രകാരം നടന്നാൽ പോരാ എന്നു ചിന്തിക്കുന്ന ഒരാളാണ് ഞാൻ. കാരണം, മാഷ് ശിവഗിരി മഠത്തിലെ ഒരംഗത്തെപ്പോലെ, ഗുരുവിന്റെ ശിഷ്യപരമ്പരയിലെ വലിയ ഒരു സുവിശേഷകനായി നിലനിന്ന് പ്രവർത്തിച്ച വ്യക്തിയാണ്. തെറ്റുകളെ ചൂണ്ടിക്കാണിക്കുവാനും ശരിയോടൊപ്പം നിന്ന് പടപൊരുതുവാനും എന്തുത്യാഗവും സഹിച്ചിരുന്ന ഒരു മഹദ്വ്യക്തിയാണ്.**

ശിവഗിരി മഠവുമായി അദ്ദേഹത്തിന് ഒരമ്പതുവർഷത്തെയെങ്കിലും ആത്മബന്ധം ഉണ്ടായിരിക്കും. ശിവഗിരി തീർത്ഥാടക മഹാമഹം, ഗുരുദേവന്റെ ജയന്തി, ഗുരുദേവന്റെ മഹാസമാധി എന്നിവയിലെല്ലാം അഴീക്കോട് മാഷ് പങ്കെടുത്തിട്ടുണ്ട്. ഗുരുവിന്റെ നാമധേയത്തിൽ വർഷംതോറും ശ്രീനാരായണ ധർമമീമാംസ പരിഷത്ത് നടത്തിവരുന്നു. പരിഷത്തിൽ നടക്കുന്നത് ഗുരുവിനെക്കുറിച്ചുള്ള പഠന ക്ലാസുകളാണ്.

ഗുരുവിന്റെ കൃതികളെയും ജീവിതത്തെയും ദർശനത്തെയും ആസ്പദമാക്കി മൂന്നുദിവസം പണ്ഡിതന്മാരായ വ്യക്തികൾ ചേർന്ന് ധർമ്മത്തെ മീമാംസ്യമായി വിലയിരുത്തുന്ന ഒരു വിദ്വൽ പരിഷത്ത് സദസ്സാണ് ശാരദാപ്രതിഷ്ഠയുടെ വാർഷികം പ്രമാണിച്ച് മൂന്നു ദിവസങ്ങളിലായി ഇവിടെ നടത്തിപ്പോരുന്നത്.

ശാരദാമഠത്തിൽ ഉത്സവമില്ല. ഉത്സവത്തിനുപകരം വിജ്ഞാനദാന സദസ്സാണ് സംഘടിപ്പിച്ചുപോരുന്നത്. ആ സദസ്സിലും സുകുമാർ അഴീക്കോട് മാഷ് പങ്കെടുത്ത് പ്രഭാഷണ പരമ്പരകൾ നടത്തി പോകുമായിരുന്നു. അങ്ങനെയുള്ള സുകുമാർ അഴീക്കോട് മാഷിന്റെ ജന്മശതാബ്ദി ഈ വർഷം മെയ് 12 നാണ്. ആ മെയ് 12ന് വിപുലമായ രീതിയിൽ ശിവഗിരിയിൽ വച്ച് സംഘടിപ്പിക്കുന്നതാണെന്ന് നിങ്ങളെ എല്ലാവരേയും സന്തോഷപൂർവ്വം അറിയിക്കുകയാണ്.

സുകുമാർ അഴീക്കോട് നിര്യാതനായപ്പോൾ നമ്മുടെ കവയിത്രി സുഗതകുമാരി ഒരു ലേഖനം എഴുതി. ആ ലേഖനത്തിൽ ആ കവയിത്രി പറഞ്ഞു, ഇതുപോലെ ഒരാൾ കേരളത്തിൽ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുകയും ഇല്ല. തലവാചകം വായിച്ചതിനുശേഷം ഞാൻ കുറച്ചുനേരമിരുന്നു ചിന്തിച്ചു. കേരളത്തിൽ എത്രയോ മഹാത്മാക്കൾ ജനിച്ചിരിക്കുന്നു. ഗുരുദേവനും ചട്ടമ്പിസ്വാമികളും അങ്ങനെ എത്രയെത്ര മഹാത്മാക്കൾ ഇവിടെ വന്ന് അവതരിച്ചു. വായിച്ചു മുന്നോട്ടു പോയപ്പോൾ ആ കവയിത്രി എഴുതിയ വലിയ ആശയം സാരഗർഭമായി. സാഗരഗർജ്ജനങ്ങൾ നടത്തിയ ഒരാൾ സുകുമാർ അഴീക്കോടിനെപ്പോലെ കേരളത്തിൽ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല. അതുപോലെ സാഹിത്യ രംഗത്തും തൂലിക ചലിപ്പിച്ച ഇതുപോലൊരാൾ ഇല്ല. ഈ രണ്ടു കാര്യങ്ങളിൽ അനുപമേയനാണ് സുകുമാർ അഴീക്കോട് എന്ന് സുഗതകുമാരി അഭിപ്രായപ്പെട്ടു. ചിന്തിക്കുമ്പോൾ അത് സ്ഥിതികഥനമായിട്ട് എനിക്കു തോന്നുകയുണ്ടായി.

കേരളത്തിൽ ധാരാളം പ്രഭാഷകർ വന്നുപോയിട്ടുണ്ട്. പക്ഷെ, ഇത്ര ദീർഘകാലം, ഇത്ര ആശയ സമ്പുഷ്ടമായി, അനിതീകൾക്കെതിരെ ഇത്ര ശക്തമായി ഗർജ്ജിച്ചുകൊണ്ട് പ്രഭാഷണം നടത്തിയ മറ്റൊരാളിനെ നമുക്ക് കാണാൻ സാധിക്കുകയില്ല. ഏതാണ്ട് നാല്പതിലധികം ഗ്രന്ഥങ്ങളാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. അതിൽ നിരവധി അവാർഡുകൾ കരസ്ഥമാക്കിയ തത്ത്വമസി എന്ന ഗ്രന്ഥം വലിയ ഒരു പഠന ഗ്രന്ഥമാണ്.

ഉപനിഷത്തുക്കളെ സാംഗോപാംഗം പരിശോധിച്ചുകൊണ്ട് ഉപനിഷത്തിന്റെ ആശയം എന്താണ്, താത്വികമായ ദർശനം എന്താണ് എന്ന് അദ്ദേഹം അതിലൂടെ വെളിപ്പെടുത്തുകയാണ്. ഭാരതത്തെ സംബന്ധിച്ച് ഏറ്റവും വലിയ വൈജ്ഞാനിക സമ്പത്ത് എന്നുപറയുന്നത് നമ്മുടെ വേദങ്ങൾ തന്നെയാണ്. ആ വേദത്തിന്റെ അവസാനഭാഗമാണ് വേദാന്തം. വേദാന്തം എന്ന വാക്കിന്റെ അർത്ഥം അറിവിന്റെ അവസാനം എന്നാണ്. ആ അറിവിന്റെ അവസാനമായി ചൂണ്ടിക്കാണിക്കുന്നത് ഉപനിഷത്തുകളെയാണ്. ആ ഉപനിഷത്തുക്കളിൽ നാലു മഹാവാക്യങ്ങൾ ഉണ്ട്.

ഓരോ വേദങ്ങളിലും ഓരോ മഹാവാക്യം ഉണ്ട്. തത്ത്വമസി, അഹം ബ്രഹ്മാസ്മി, അയം ആത്മ ബ്രഹ്മ, പ്രജ്ഞാനം ബ്രഹ്മ എന്നിവയാണ് ആ നാലു മഹാവാക്യങ്ങൾ. ആ നാലു മഹാവാക്യങ്ങളിൽ ആദ്യത്തേതായ മഹാവാക്യമാണ് തത്ത്വമസി. അത് സാമവേദത്തിൽ നിന്നും എടുത്തതാണ്. സാമവേദത്തിൽപ്പെടുന്നതാണ് ഛാന്ദ്യോഗ്യം എന്ന ഉപനിഷത്ത്. ആ ഛാന്ദ്യോഗ്യോപനിഷത്തിന്റെ ആറാം അദ്ധ്യായത്തിലാണ് തത്ത്വമസി എന്നുള്ള പ്രയോഗം കടന്നുവരുന്നത്. ആറാം അദ്ധ്യായം കഥാരൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഉദ്ദാലകൻ എന്നൊരു മഹർ ഷി, ആ മഹർഷിക്ക് ഒരു മകനുണ്ട്. ശ്വേ തകേതു. ആ മകന് പന്ത്രണ്ട് വയസ്സായപ്പോൾ അച്ഛൻ, ഉദ്ദാലക മഹർഷി പറഞ്ഞു,

അല്ലയോ ശ്വേതകേതു, നിനക്ക് പന്ത്രണ്ട് വയസ്സായിട്ടുണ്ട്. നീ ഒരു ഗുരുകുലത്തിൽ പോയി പഠിക്കണം. ഒരു ഗുരുനാഥനെ സ്വീകരിച്ച് അധ്യയനം ചെയ്യണം. അങ്ങനെ ഗുരുനാഥനെ സ്വീകരിച്ച് അധ്യയനം ചെയ്യാതെ വന്നാൽ നമ്മുടെ കുലത്തിന് ഭ്രഷ്ട് ഉണ്ടാകും.

ഭാരതത്തിന്റെ ചിരന്തനമായ ഒരു ദർശനം നമ്മൾ മനസ്സിലാക്കണം. വിദ്യ അഭ്യസിക്കാത്തവനെ ഭ്രഷ്ട് കല്പിച്ച് പുറത്താക്കുന്ന ഒരു പാരമ്പര്യം, സംസ്കാരം നമ്മുടെ രാജ്യത്ത് ആയിരത്താണ്ടുകൾക്ക് മുമ്പ് നിലവിലിരുന്നു. അതിനുശേഷം ആയിരിക്കണം ചാതുർവർണ്യവ്യവസ്ഥ ഉണ്ടായത്. അക്ഷരം പഠിക്കുന്ന ശൂദ്രനെ അകറ്റി നിർത്തണം എന്നൊക്കെ പറയുന്നത് അതിനുശേഷമായിരിക്കണം. അതിനും അനാദിയായി നിൽക്കുന്ന സംസ്കാരത്തിൽ ഒരു സമത്വഭാവന, ഒരു സമത്വജീവിതം നമുക്ക് കാണാൻ സാധിക്കും. ഉപനിഷത്ത് വെളിപ്പെടുത്തുന്നത് ഈ സമത്വദർശനത്തെ തന്നെയാണ്.

ശേതകേതു എന്ന ബാലൻ ഒരു ഗുരുകുലത്തിൽ പോയി പഠിച്ചിട്ട് മടങ്ങിവന്നു. അവന്റെ വരവ് കണ്ടപ്പോൾ അച്ഛനായ ഉദ്ദാലക മഹർഷി ഇരുന്നാലോചിച്ചു, ഇവൻ പഠിക്കേണ്ടതൊക്കെ പഠിച്ചില്ലെ. പന്ത്രണ്ടുവർഷക്കാലമയല്ലോ പഠനം. വിദ്യ ഒരാൾക്ക് ഉണ്ടായാൽ അതിന്റെ പ്രതിഫലനം വിനയമാണല്ലോ. പക്ഷെ, ഇവനിൽ കാണുന്നത് വിനയമല്ല, ഇവൻ അഹങ്കാരിയായി കാണപ്പെടുന്നുവല്ലോ. ഒരു വൃക്ഷത്തിൽ ഫലം ഉണ്ടായാൽ ആ വൃക്ഷം തലതാഴ്ത്തി നമിക്കുന്നതുപോലെ ഇവൻ വേണ്ടവണ്ണം വിദ്യ സ്വീകരിച്ചിരുന്നുവെങ്കിൽ ഇപ്രകാരം അഹങ്കാരിയാകുമായിരുന്നില്ല എന്നു ചിന്തിച്ചു.

ശ്വേതകേതു വീട്ടിലേക്കുവന്നു. ഇന്ന് യുവാക്കൾ ഗൾഫിലൊക്കെ പോയി ജോലി ചെയ്ത് പണമൊക്കെ സമ്പാദിച്ച് വീട്ടിലേക്കു കയറിവരുന്ന അഹങ്കാര ഭാവത്തിൽ നിന്നപ്പോൾ ഉദ്ദാലക മഹർഷിമകനോടു ചോദിച്ചു.

മകനെ, നീ അറിയേണ്ടത് അറിഞ്ഞില്ലേ? ഒന്നിനെ അറിഞ്ഞാൽ എല്ലാത്തിനെയും അറിയുന്ന ഒരു വിദ്യയുണ്ട്. ഒന്നിനെ കേട്ടാൽ എല്ലാത്തിനെയും കേൾക്കപ്പെട്ടതായ ഒരു വിദ്യ ഉണ്ട്. നീ ആ വിദ്യ പഠിച്ചില്ലെ.

അവൻ കുറച്ചുനേരം ചിന്തിച്ചിരുന്നു. എന്നിട്ട് പറഞ്ഞു, എന്റെ ഗുരുനാഥന് അങ്ങനെയൊരു അറിവില്ല. എന്റെ ഗുരുനാഥന് അറിയാവുന്നതൊക്കെ എന്നെ പഠിപ്പിച്ചിട്ടുണ്ട്. ഒന്നിനെ കേട്ടാൽ എല്ലാം കേൾക്കപ്പെട്ടതായ, ഒന്നിനെ അറിഞ്ഞാൽ എല്ലാത്തിനെയും അറിഞ്ഞതായ ഒരു വിദ്യയെക്കുറിച്ച് എന്റെ ഗുരുനാഥന് അറിഞ്ഞുകൂടാ. അതുകൊണ്ട് അങ്ങ് എന്നെ ആ വിദ്യ പഠിപ്പിച്ചു തരണം. അവൻ നല്ല ഗുണവാനായിരുന്നു. അവനിൽ നല്ല സംസ്കാരം ഉണ്ടായിരുന്നു. സമത്പാണിയോടുകൂടി അവൻ അച്ഛനെ ഗുരുനാഥനായി സ്വീകരിച്ച് പഠനം ആരംഭിച്ചു.

മുറ്റത്ത് നിറയെ മൺപാത്രങ്ങൾ ഉണ്ടായിരുന്നു. അച്ഛൻ മകനോടു പറഞ്ഞു, ഈ പാത്രങ്ങളെല്ലാം എന്തുകൊണ്ട് നിർമ്മിച്ചതാണ്. ഇത് മണ്ണുകൊണ്ട് നിർമ്മിച്ചതാണ്. ഓരോ പാത്രത്തിന്റെയും രൂപം വേറെയാണ്. ഓരോന്നിന്റെയും നാമവും വേറെയാണ്. ഇതു ചട്ടിയാണ്, കൂജയാണ്, ഇതൊരു കലമാണ്, ഇത് മൺചട്ടിയാണ്. ഈ കാണുന്നതെല്ലാം നാമരൂപങ്ങൾകൊണ്ട് വിഭി ന്നമാണ്. പക്ഷെ, എല്ലാത്തിലും ഉള്ളത് മണ്ണുമാത്രമാണ്. ഈ മണ്ണുകൊണ്ട് നിർമ്മിച്ച പാത്രങ്ങളിൽ സത്യമായിരിക്കുന്നത് മണ്ണാണോ അല്ലെങ്കിൽ അതിന്റെ നാമരൂപങ്ങളാണോ?

അപ്പോൾ പിതാവ് പറഞ്ഞുകൊടുത്തു, കാരണം മാത്രമെ സത്യമാകൂ. മണ്ണായ കാരണത്തിൽ നിന്നും ഉണ്ടായതാണ് കാര്യപദാർത്ഥങ്ങളായിരിക്കുന്ന ഈ കലവും ചട്ടിയും കൂജയും ശലാകവും. നാമരൂപങ്ങളെല്ലാം വിഭിന്നമാണെങ്കിലും ഇതിനു കാരണഭൂതമായിരിക്കുന്ന മണ്ണാണ് സത്യമായിട്ടുള്ളത്. അതുകൊണ്ട് ഈ പാത്രങ്ങളിൽ സത്യമായത് കേവലമായ കാരണമായിരിക്കുന്ന മണ്ണാണ്. കാര്യമായിരിക്കുന്ന ഇതെല്ലാം അസത്യമാണ്. ഇതിനെത്തുടർന്ന് പലേ ഉദാഹരണങ്ങൾ മകന് വെളിപ്പെടുത്തി. ആ സിദ്ധാന്തം നല്ലതുപോലെ വിവരിച്ചുകൊടുക്കുന്നുണ്ട്. എന്നിട്ടാണ് ഗുരുനാഥൻ ശിഷ്യനോടു പറയുന്നത് തത്ത്വമസി ശേതകേതു.

ആ ഒരു തത്ത്വം അതു ബ്രഹ്മ തത്ത്വമാണ്. ആ ബ്രഹ്മതത്ത്വത്തിന്റെ കിരണങ്ങളാണ് എല്ലാ ജീവജാലങ്ങളും. സത്യമായിരിക്കുന്നത് കാരണഭൂതമായ ബ്രഹ്മസത്യമാണ്. ആ ബ്രഹ്മസത്യത്തിൽ വിവർത്തരൂപേണ ➲9

## കോടതിക്കഥകൾ – 37

# ഒ.വി.ആർ. വക്കീലിന്റെ 'ഏകലോചനവിദ്യ'

അഡ്വ.വർഗീസ് പി. തോമസ്



**ഒ.**വി.ആർ. വക്കീലിന്റെകൂടെ ചാക്യാർകൂത്ത് കണ്ട ഒരു വിദേശ വനിതയ്ക്കു പറ്റിയ അമളിയാണ് ഈ കഥയിലെ രംഗപടം. ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, കൂടിയാട്ടം, കഥകളി ഇവയെല്ലാം ക്ഷേത്രകലകളിൽ പെടുന്നു. വിദേശികൾക്ക് ഈ കലകളും അനുബന്ധ ശില്പങ്ങളും എന്തൊക്കെയെന്ന് അറിയില്ല. ഇവയിൽ ആകൃഷ്ടരായി ആസ്വദിക്കാനും പഠിക്കാനും എത്തുന്നവരുണ്ട്. ഒരു വിദേശ വനിത 'ദുര്യോധന വധം കഥകളി' എന്നതിന് 'ദുര്യോഠന വഠം കഠകളി' എന്ന് ഉച്ചരിച്ച സന്ദർഭവുമുണ്ട്.

ഈ കലകളിൽ കഥാപാത്രങ്ങൾ നവരസങ്ങളാൽ അല്ലെങ്കിൽ ഭാവങ്ങളാൽ, രംഗത്തിനിണങ്ങുംവിധം അഭിനയിച്ചു കാണിക്കും. ശൃംഗാരം, ഹാസ്യം, കരുണം, രൗദ്രം, വീരം, ഭയാനകം, ഭീബത്സം, അദ്ഭുതം, ശാന്തം എന്നിവകളാണല്ലോ നവരസങ്ങൾ. ഈ ഭാവങ്ങളിൽ കൈവിരൽ കൊണ്ടും കണ്ണുകൾ കൊണ്ടും ചില വിദ്യകൾ കാണിക്കും. അതിലൊന്നാണ് 'ഏകലോചനവിദ്യ'. ഒരേസമയം ഒരു കണ്ണിൽ ഒരു വികാരവും മറ്റേ കണ്ണിൽ മറ്റൊരു വികാരവും സമന്വയിപ്പിച്ച് ഭാവങ്ങൾ പ്രകടിപ്പിക്കുക എന്നതാണ്.

ചാക്യാർകൂത്തിലെ അവതരണരീതി വിനോദനിറവോടെ അവഹേളിക്കുക, അധിക്ഷേപിക്കുക, പരിഹസിക്കുക എന്നതാണ്. അതിൽ ഹാസ്യാനുകരണ കവിതകൾ ചൊല്ലാം, കോമാളിത്തം കാട്ടാം. എല്ലാം കാഴ്ചക്കാരുടെ വിനോദത്തിനു വേണ്ടിത്തന്നെ.

കുഞ്ചൻ നമ്പ്യാർ ചാക്യാർകൂത്തിന് മിഴാവ് കൊട്ടുന്ന കലാകാരനായിരുന്നു. കൊട്ടിക്കൊണ്ടിരുന്നപ്പോൾ ഉറങ്ങിപ്പോയി. അപ്പോൾ ചാക്യാർ സദസ്യരുടെ മുൻപിൽവച്ച് അദ്ദേഹത്തെ പരിഹസിച്ചു. അതുവരെ ചെയ്ത മിഴാവ് കൊട്ടൽ ഉപേക്ഷിച്ച് തുള്ളൽ കലാരൂപം എന്ന പ്രസ്ഥാനം തുടങ്ങി. അങ്ങനെ കുഞ്ചൻ നമ്പ്യാർ തുള്ളൽ കലാരൂപത്തിന്റെ ഉപജ്ഞാതാവായി. തൃപ്തി നൽകുന്ന ഈ കലയാണ് തനിക്കു യോജിച്ചതെന്നു ബോധ്യപ്പെട്ടു. ചിലർ നിത്യവും ചെയ്യുന്ന ജോലിയിൽനിന്നു വ്യത്യസ്തമായി മറ്റൊന്നു തിരഞ്ഞെടുക്കുമ്പോൾ അതു മികച്ചതായിത്തീരുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്.

ഈ അടുത്തകാലത്ത് ഒരു ചാക്യാർകൂത്ത് കലാകാരൻ പരിഹാസരൂപേണ ആനുകാലിക സംഭവം അവതരിപ്പിച്ചപ്പോൾ, ചാക്യാരെ ഒരു സ്ത്രീ വേദിയിൽ കയറി കരണത്തടിച്ചു. ശിവരാത്രിയോടനുബന്ധിച്ച് ആലുവ മണപ്പുറത്ത് നഗരസഭ നടത്തിയ ദൃശ്യോത്സവത്തിലാണ് ഈ സംഭവം അരങ്ങേറിയത്. പുരുഷന്മാരുടെയും സ്ത്രീകളുടെയും ന്യൂജൻ വസ്ത്രധാരണ രീതിയെപ്പറ്റി, കൂത്തിനിടയിൽ പരിഹാസരൂപേണ പാടി അഭിനയിച്ച് അവതരിപ്പിച്ചു. ഇതൊരു തമാശയായി കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ചാക്യാർ അരങ്ങിൽ കൂത്ത് നടത്തിയത്. എങ്കിലും അതിഷ്ടപ്പെടാതിരുന്ന ആ സ്ത്രീ വേദിയിലെത്തി അടിക്കുകയായിരുന്നു.

**ഈ അടുത്തകാലത്ത് ഒരു ചാക്യാർകൂത്ത് കലാകാരൻ പരിഹാസരൂപേണ ആനുകാലിക സംഭവം അവതരിപ്പിച്ചപ്പോൾ, ചാക്യാരെ ഒരു സ്ത്രീ വേദിയിൽ കയറി കരണത്തടിച്ചു. ശിവരാത്രിയോടനുബന്ധിച്ച് ആലുവ മണപ്പുറത്ത് നഗരസഭ നടത്തിയ ദൃശ്യോത്സവത്തിലാണ് ഈ സംഭവം അരങ്ങേറിയത്. പുരുഷന്മാരുടെയും സ്ത്രീകളുടെയും ന്യൂജൻ വസ്ത്രധാരണ രീതിയെപ്പറ്റി, കൂത്തിനിടയിൽ പരിഹാസരൂപേണ പാടി അഭിനയിച്ച് അവതരിപ്പിച്ചു. ഇതൊരു തമാശയായി കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ചാക്യാർ അരങ്ങിൽ കൂത്ത് നടത്തിയത്. എങ്കിലും അതിഷ്ടപ്പെടാതിരുന്ന ആ സ്ത്രീ വേദിയിലെത്തി അടിക്കുകയായിരുന്നു.**

നഗരസഭാ അധികാരികളും പോലീസും ചേർന്ന് അവരെ ബലമായി പിടിച്ചുമാറ്റി. ഏകദേശം 55 വയസ്സുണ്ടായിരുന്ന ആ സ്ത്രീ ലെഗ്ഗിൻസ് ആണ് ധരിച്ചിരുന്നത്. അകാരണമായി തന്റെ കരണത്തടിച്ചതിനെ കലാകാരൻ ചോദ്യം ചെയ്തപ്പോൾ, അവർ മൈക്കിനടുത്തെത്തി അസഭ്യം കൂടി പറഞ്ഞെന്ന് ദൃക്സാക്ഷികൾ സാക്ഷ്യപ്പെടുത്തുന്നു. സംഘാടകർ കലാകാരനെ ഒരുവിധം സമാധാനിപ്പിച്ച് കേസ് ഇല്ലാതാക്കി.

ഒരു ഓണനാളിൽ ഒ.വി.ആർ വക്കീലും കുടുംബവും അദ്ദേഹത്തിന്റെ കൂട്ടുകാരിയായ ഒരു ഫ്രഞ്ച് വനിതയേയും കൂട്ടി ചാക്യാർകൂത്തും മറ്റ് ഓണക്കളികളും കാണാൻ പോയി. അവർ ഫ്രഞ്ചുവനിതയെങ്കിലും ആംഗലേയ ഭാഷയിൽ പ്രാവീണ്യം നേടിയവരാണ്.

സംഭവം നടക്കുന്നത് എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിലാണ്. അവിടെ ഗ്രേയ്സ്ലാൻഡ് (കൃപാസ്ഥലം) എന്നു പേരുള്ള റിട്ടയർമെന്റ് ഹോം ഉണ്ട്. ഔദ്യോഗികമായി മുന്തിയ സ്ഥാനങ്ങൾ വഹിച്ചിരുന്നവർ അവിടെ താമസിക്കുന്നു. അവരുടെ മാന്യതയ്ക്കൊത്ത സൗകര്യങ്ങളോടെ ജീവിതകാലം താമസിക്കുന്നതിന് അവകാശമുണ്ട്. മുന്തിയ സങ്കേത സദനമെന്നോ റിസോർട്ട് എന്നോ വിളിക്കാം. അവിടെ സംഘടിപ്പിച്ച ഓണാഘോഷ പരിപാടിയിലെ മുഖ്യ അതിഥികളായിരുന്നു ഒ.വി.ആറും കുടുംബവും.

ഓണാഘോഷ പരിപാടികളിൽ ചാക്യാർകൂത്ത് എന്ന കലാപ്രകടനം പ്രധാന സ്ഥാനം പിടിച്ചിരുന്നു. 'പാഞ്ചാലി സ്വയംവരം' ആയിരുന്നു അരങ്ങത്തെ കഥാവതരണം. ഒരു മണിക്കൂർ നീളുന്ന ആ ക്ഷേത്ര കലാരൂപവും മറ്റും കാണാൻ വൻ സദസ്സുണ്ട്. കഥ അവതരിപ്പിക്കുന്ന ചാക്യാർ രംഗത്തെത്തി. ഒ.വി.ആറും കുടുംബവും കൂട്ടുകാരിയും മുൻസീറ്റുകളിൽ ഉപവിഷ്ടരായി.

ചാക്യാർ കൂത്താരംഭിച്ചു. തന്റെ മുഖത്തു നവരസങ്ങൾ സന്ദർഭത്തിനു ചേരുംവിധം താളമേളങ്ങൾക്കൊപ്പം പ്രകടിപ്പിച്ചുതുടങ്ങി. കണ്ണിൽ 'ഏകലോചനവിദ്യ' കാട്ടി. അദ്ദേഹം ദൃഷ്ടികൾ കൊണ്ട് രൗദ്രശോകരസങ്ങൾ സമന്വയിപ്പിച്ചു. ഇരുകൈകളിലെയും വിരലുകൾ കൊണ്ട് മിഴാവ് കൊട്ടുകാരന്റെ, ശബ്ദതാളത്തിനൊത്ത് മുദ്രകൾ കാട്ടി, 'അക്ഷരാമുഷ്ടികാകഥനം' (കാര്യങ്ങളെ സംക്ഷേപിക്കുവാനും പ്രകടമാക്കുവാനും അക്ഷരങ്ങളുടെ മുദ്രയനുസരിച്ച് അംഗുലത്തിൽ കൂടി ആശയം വെളിപ്പെടുത്തുന്ന പ്രകടനങ്ങൾ എന്നർത്ഥം.) നടത്തി. അല്പനേരം കഴിഞ്ഞ്, ചാക്യാർ സ്റ്റേജിൽ നിന്നും താളം തെറ്റാതെ പുറത്തുചാടി.

ആട്ടക്കഥയുടെ ഭാഗമായി പരിഹാസരൂപേണ രൗദ്രഭാവവും ശൃംഗാരവും സമ്മിശ്രമായി കാട്ടി, മുൻപിലിരുന്ന ഒ.വി.ആറിന്റെ നേരെ ചാക്യാർ ദൃഷ്ടി പതിപ്പിച്ച് അടുത്തുവന്ന് പാടി:

*പാഞ്ചാലിക്കഞ്ചുഭർത്താക്കന്മാരിവർ*
*അഞ്ചുപേരും കൊഞ്ചിക്കുഴഞ്ഞ്*
*പഞ്ചപ്രിഷ്ഠത്തു നിന്നങ്കിമാറ്റി*
*രോമകഞ്ചു കുഞ്ചിതരായി,*
*ട്ടഞ്ചുപേരുംകാമതരളിതയോടെ*
*കൊഞ്ചിക്കുഴഞ്ഞൻപോടപേക്ഷിച്ചു:*
*പാഞ്ചാലീ! നിൻ അധരങ്ങളിലടിപൊളിമുത്ത*
*മിട്ടടക്കുവാൻ വെമ്പൽകൊള്ളുന്നിതഞ്ചുപേരും*

പരിഹാസച്ചുവയുള്ള കവിതയുടെ തുടർച്ച പ്രാസമൊപ്പിച്ച് അടുത്ത പല്ലവിയും ഒ.വി.ആർ.നുമേൽ ചൊരിയുമെന്നുറപ്പായി. ചാക്യാരുടെ ശൃംഗാരം ഒ.വി.ആറിന് ഒട്ടും ഇഷ്ടമായില്ല.

ചാക്യാരുടെ രൗദ്രഭാവത്തിനും മേലേക്ക്, ചാക്യാരുടെ മുഖത്തേക്ക് ഒ.വി.ആർ. ക്രോധത്തോടെ ദൃഷ്ടിപതിപ്പിച്ച്, അല്ല ഏകലോചനവിദ്യ കാട്ടി. സിനിമാനടൻ മോഹൻലാൽ ഏതോ ഒരു സിനിമയിൽ "നീ പോടാ മോനെ ദിനേശാ..." എന്ന് പറഞ്ഞപ്പോൾ ഉണ്ടായ അതേ ഭാവപ്രകടനം!! പന്തികേടായെന്നു മനസ്സിലാക്കിയ ചാക്യാർ പെട്ടെന്ന് ഒ.വി.ആറിനെ ഒഴിവാക്കി ഫ്രഞ്ചുവനിതയുടെ മുൻപിലെത്തി. അവരുടെ കണ്ണിലേക്ക് ദൃഷ്ടിപതിപ്പിച്ച്, ചാക്യാരുടെ വലതുകൈയിലെ അഞ്ചു വിരലുകളും വിടർത്തി കൈപ്പത്തി അവരുടെ നേരേ നീട്ടി. തള്ളവിരലിന്റെ അറ്റം കൊണ്ട് ചൂണ്ടുവിരൽ മുതൽ അണിവിരൽ വരെ തൊട്ടുതൊട്ടു കാണിച്ചു. ഒന്നുരണ്ടു തവണ വലതു കൈപ്പത്തി നീട്ടിയും പിൻവലിച്ചും കാട്ടി, ഒ.വി.ആറിനെ പാടിക്കേൾപ്പിച്ചപോലെ പാടി.

ഈ ആട്ടവും കൂത്തും മുദ്രകളും വിദ്യകളും ഭാഷയും മനസ്സിലാകാതെ ആ വിദേശ വനിത അന്തംവിട്ട് ചാക്യാരുടെ കൈപ്പത്തിയിലും മുഖത്തും മാറി മാറി നോക്കി. ഇടയ്ക്ക് സംശയ നിവാരണം വരുത്താൻ ഒ.വി.ആർ.നെയും നോക്കി. ചാക്യാർ തുടർച്ചയായി വിവിധ ഭാവങ്ങൾ പ്രകടിപ്പിച്ച് ഏകലോചന വിദ്യയും അക്ഷരാമുഷ്ടികാകഥനവു ം നടത്തിക്കൊണ്ടിരുന്നു. ചാക്യാർ അടുത്തയാളിന്റെ അരികിലേക്ക് നീങ്ങുന്നതിനു മുൻപ് ദ്വിമുഷ്ടികൾ കൂട്ടി വിദേശ വനിതയെ കൂപ്പി നമസ്കരിച്ചു.

അഞ്ച് അംഗുലത്തിൽ തൊട്ട് മുദ്രകൾ കാട്ടിയപ്പോൾ അവർ അനുമാനിച്ചു, ഒന്നുകിൽ അഞ്ചു ഡോളറോ അല്ലെങ്കിൽ അഞ്ച് ഇന്ത്യൻ റുപ്പിയോ ആവശ്യപ്പെട്ടതായിരിക്കാം. സംശയനിവാരണത്തിന് പെട്ടെന്ന് അവർ ഒ.വി.ആറിനെ തോണ്ടി, ചോദിച്ചു:

" Shall I make a payment of Five Dollars or Five Rupees to him? He is asking!" ഒ.വി.ആർ. പൊട്ടിച്ചിരിച്ചു. ആ ചിരികണ്ടപ്പോൾ ഫ്രഞ്ചുവനിതയ്ക്ക് മനസ്സിലായി, ചോദ്യം അബദ്ധമായിരുന്നെന്ന്. ചാക്യാർകൂത്തിനെപ്പറ്റിയും കഥകളിയെപ്പറ്റിയും കൂടിയാട്ടത്തെപ്പറ്റിയും തനിക്കറിയാവുന്നത് അവരെ പറഞ്ഞു മനസ്സിലാക്കാൻ അദ്ദേഹം ശ്രമിച്ചു. അവർക്കു മനസ്സിലാകാത്ത ഭാഗം ഏകലോചനവിദ്യയിലും പഞ്ചപുഷ്ട അക്ഷരാമുഷ്ടികാകഥനത്തിലും കൂടി മനസ്സിലാക്കിക്കൊടുത്തു. ഇതു സുഹൃത്തുക്കളായ വക്കീലന്മാരുടെ ഇടയിലെ ഭാഷ്യം.

ഒ.വി.ആർ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഒ.വി.രാധാകൃഷ്ണനെപ്പറ്റി അറിയാത്ത അഭിഭാഷകർ കേരളക്കരയിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല.

അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുണ്ടായിരുന്ന പലരും ഹൈക്കോടതിയിൽ ന്യായാധിപന്മാരായി. ചെറുപ്പത്തിൽ വക്കീൽ തൊഴിലിലെത്തി ചുരുങ്ങിയ കാലത്തിനുള്ളിൽ മുൻനിരയിലെത്തിയ സുമുഖനായ ഇദ്ദേഹം, ന്യായാധിപരുടെയും അഭിഭാഷകരുടെയും ഉപദേഷ്ടാവായി.

സൗഹൃദം കാത്തുസൂക്ഷിക്കുന്ന ഈ സീനിയർ അഭിഭാഷകൻ നർമസംഭാഷണപ്രിയനാണ്. ഇതു മൂലം ഓവിയാർ നിൽക്കുന്നിടത്ത് അദ്ദേഹത്തെ കേൾക്കാൻ കൗതുകത്തോടെ മറ്റഭിഭാഷകർ വട്ടം കൂടും. കാരണം അദ്ദേഹം സ്വകാര്യ സംഭാഷണങ്ങളിൽ പോലും കാര്യങ്ങൾ അവതരിപ്പിക്കുന്നതു പഞ്ചമുഷ്ടിക അക്ഷരാമുഷ്ടികാകഥനത്താലും ഏകലോചനവിദ്യയാലും ആണെന്ന് അടുക്കുന്ന എല്ലാവർക്കും അറിയാം.

### ഇന്ത്യയ്ക്കു മാതൃകയായ കേരള വനിതകൾ

ആദ്യ ഡോക്ടർ, സർജൻ, മെഡിക്കൽ ഓഫീസർ – ഡോ.മേരി പുന്നൻ
ആദ്യ ചഫീ എഞ്ചിനീയർ – ത്രേസ്യാമ്മ
ആദ്യ ഐ.എ.എസ് – അന്നാ ജോർജ് (അന്ന മൽഹോത്ര)
ഭരണഘടന സമിതിയിലെ കേരളത്തിൽനിന്നുള്ള വനിത – ദാക്ഷായണി വേലായുധൻ
ആദ്യ ഹൈക്കോടതി ജഡ്ജി – അന്നാ ചാണ്ടി
ആദ്യ സുപ്രീം കോർട്ട് ജഡ്ജ് – ഫാത്തിമ ബീവി
കേരളത്തിൽ നിന്നുള്ള ആദ്യ രാജ്യസഭ അംഗം – ഭാരതി കെ.



## പുസ്തക പരിചയം

**ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രകഥകൾ**
സമാഹരണം, സംശോധനം
**ഡോ.പോൾ മണലിൽ**
എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം
വില: 600 രൂപ



# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

ഡോ. പോൾ മണലിൽ

## 6

തീരപ്രദേശത്തെ തൃണദ്രുമങ്ങളുടെ ഇടയിലൂടെ അപ്പോൾ സാന്ദ്രസുധാമസൃണമായ ഒരു മുരളീനാദം--മധുരരസശിശിരമായ ഒരു ശബ്ദബ്രഹ്മാമൃതഗാനം-നിർഗ്ഗളിച്ചുതരംഗഹൃദയത്തെ പ്രശാന്തമാക്കുകയും പ്രകൃതീമുഖബിംബത്തിൽ മൃദുസ്മിതകാന്തിയെ ഉദ്ദീപിപ്പിക്കയും ചെയ്തു. എന്റെ ചെറുതോണിയാവട്ടെ കല്ലോലകരാംഗുലികളാൽ ആശ്ലിഷ്ടമായി കരയോട് ഒട്ടു ദൂരം സമീപിച്ചു.

ആ കനകരഥം അപ്പോൾ പുഴവക്കത്തേയ്ക്ക് അടുത്തുവരുന്നതായി കണ്ടു. 'പ്രഭോ, മഹാരാജാവേ' എന്നുള്ള ദയനീയമായ മധുരശബ്ദം ആ മന്ദവായുവിൽ വീണ്ടും പ്രതിദ്ധ്വനിച്ചു. ഞാൻ ഉൽക്കണ്ഠിതനായി. ചുറ്റും നോക്കി. എന്റെ ജീവിതൈകാവലംബത്തെ സന്ദർശിപ്പാനുള്ള ജിജ്ഞാസാഭാരത്തോടെ ഞാൻ എന്റെ ചെറുതോണിയിൽനിന്നു ചെങ്കോലുമായി പിടഞ്ഞെഴുന്നേറ്റു.

അതാ ആ പഴയഭിക്ഷു--ആ അശുദ്ധൻ--ആ യാചകൻ--തന്റെ വസ്ത്രഭാണ്ഡവും, കടച്ചിരട്ടയും പിത്തളമുരളിയുമായി മൃദുസ്മേരാമൃതം ചൊരിഞ്ഞ് എന്റെ സമീപത്തേയ്ക്കു മന്ദമായി അടുത്തുവന്നു. അഗ്നിമയോജ്ജ്വലകിരണപ്രസരമായ ഒരു സ്വർഗ്ഗീയ നക്ഷത്രം ഒരു അഭൗമികബിരുദമെന്നോണം അവന്റെ വിരിമാറിടത്തിൽ മിന്നിത്തിളങ്ങി. പക്ഷേ അത് ഒന്നു മാത്രമോ! അല്ല; ഒന്നല്ല; പതിനായിരം പതിനായിരങ്ങളായി അവന്റെ ദിവ്യകളേബരത്തെ ചുഴലുന്നതായി ഒരു മിന്നൽ വേഗത്തിൽ ഞാൻ കണ്ടു. ഞാൻ വല്ലാതെ അമ്പരന്നു.

അയ്യോ! അത് അവിടുന്നായിരുന്നുവോ! എന്റെ തമ്പുരാനെ ആ ഭിക്ഷു അവിടുന്നായിരുന്നുവോ! എന്റെ ജഗദീശാ, ആ യാചകൻ എന്റെ സ്രഷ്ടാവായ നിന്തിരുവടി തന്നെ ആയിരുന്നുവോ!

ഓ! അങ്ങേ പ്രകാശമാനമായ ദിവ്യസന്നിധിയിൽ ഞാൻ എത്രയോ അല്പനും, കൃമിയും, കീടവുമാണെന്നു കാണിക്കുന്നതിന്, ഒരു യാചകനിലും യാചകനായി, ഏഴയിലും ഏഴയായി, വീഥിയിൽ വിങ്ങിക്കരയുന്ന പിച്ചക്കാരനായി, ഞാൻ ദയ കൂടാതെ ചവുട്ടി മെതിക്കുന്ന എന്റെ എളിയസഹോദരങ്ങളായ അനേകായിരങ്ങളുടെ നിർദ്ധനത്വത്തേയും, നിസ്സാരത്വത്തേയും, ദാരിദ്രത്തേയും ഇത്രയുമധികം ഉള്ളഴിഞ്ഞു മാനിപ്പാൻ നിന്തിരുവടി മനം കവിഞ്ഞുവല്ലോ.

അഹോ! അക്ഷന്തവ്യമായ എന്റെ ഘോരപരാധം മഹാമേരു തുല്യം എന്റെ തലയ്ക്കുമേൽ തൂങ്ങുന്നുവല്ലോ. അവിടുന്നു യാചകനോ? വിശ്വവിഭവസമ്പന്നനായ അവിടുന്നു ഭിക്ഷുവോ? അഭൗമികകുബേരനായ അവിടുന്നു ദരിദ്രനോ?

കനകവർണ്ണോജ്ജ്വലമായ അസ്തമയമേഘത്തിൽ ഞാൻ അവിടത്തെ തിരുവുടയാടകളെ ദർശിക്കുന്നു. ജാജ്ജ്വല്യമാനമായ മദ്ധ്യാഹ്ന സൂര്യബിംബനിചോളത്തിലൂടെ ഞാൻ അങ്ങേ തിരുമുഖത്തെ വീക്ഷിക്കുന്നു. ചഞ്ചൽപൂവൊളി ചിതറുന്ന വെൺചന്ദ്രികാപൂരത്തിൽ ഞാൻ അങ്ങേ മന്ദസ്മിതദീപ്തിയെ ഉൾക്കൊള്ളുന്നു. പുഷ്പസമൂഹങ്ങളിൽ ഞാൻ അവിടത്തെ ശരീരവർണ്ണമഹിമാവിനേയും, തരുണീമണികളുടെ മധുരാധരപുടത്തിൽനിന്നു ഞാൻ അങ്ങേ കൃപാസ്മിതമാധുര്യ ത്തേയും ആസ്വദിക്കുന്നു. സുന്ദരീരത്നങ്ങളുടെ ഘനോന്നത സ്തനകുംഭങ്ങളിൽ ഞാൻ എന്റെ തമ്പുരാന്റെ പൂവ ലംഗമൃദുലതയെ സദാ തൊട്ടറിയുന്നു. സ്വാമിൻ, അങ്ങ് ആപാദചൂഡം കാന്തിയും, കാരുണ്യവും, മൃദുലവും മാധുര്യവുമാണെന്നു പ്രകൃതി എന്നോടു പറഞ്ഞിരുന്നില്ലെങ്കിൽ അവിടുന്നു മുറ്റും സൗന്ദര്യപരിപൂർണ്ണനും കൃപാസമ്പന്നനുമായ ദൈവമാണെന്ന് എനിക്ക് എങ്ങനെ അറിവാൻ കഴിയുമായിരുന്നു.

പ്രാണനായകാ, അന്തരീക്ഷമണ്ഡലമാകെ വിദ്യോതിത വിദ്യുൽപ്പിണർ ചിന്തുന്നതും ഘോരഭീകരമായ ഇടിവാൾ ഉലയ്ക്കുന്നതുമായ അങ്ങേ ഈയൊരു തൃക്കൈകൾ തന്നെയോ പാഴ്ച്ചെടിക്കൂമ്പുകളിൽ ചെന്തളിർമാല ചാർത്തുന്നത്? ചക്രവാളം മുതൽ ചക്രവാളം വരെ ചെന്തീക്കൊള്ളിയാൻ ചിന്തുന്നതായ അങ്ങേ ഈയൊരു നേത്രോന്മീലനം തന്നെയോ ചെന്താമരമൊട്ടുകളെ വികസിപ്പിക്കുന്നത്? അഗ്നിപർവ്വതഗർഭത്തെ പിളർത്തിപ്പായുന്നതും നഭോഗോളസഹസ്രങ്ങളെ പ്രകമ്പനം ചെയ്ത് ഉൽക്കകളെ തെറിതെറിപ്പിക്കുന്നവയുമായ അങ്ങേ ഘോരനിശ്വാസസംഘട്ടനമേ ചിത്രശലഭമിഥുനങ്ങളുടെ പൊൻപുഞ്ചിറകുകളെ അങ്ങോ ക്രീഡാനർത്തനം ചെയ്യിക്കുന്നത്? ഈ മുരളീനാദം കൊണ്ടു തന്നെയോ അവിടുന്നു ജ്യോതിർഗോളങ്ങളെ നയിക്കുന്നത്? ഈ ഒരു കോലക്കുഴൽ കൊണ്ടുതന്നെയോ നിന്തിരുവടി കോകിലവർഗ്ഗത്തെ രാഗാഭ്യാസം ചെയ്യിക്കുന്നത്?

അയ്യോ! ഞാൻ ഏതൊരു നിലയിൽ അങ്ങയോടു ഉദ്ധാരണത്തെ അർത്ഥിക്കേണ്ടു. അങ്ങേ ദ്രോഹിയായ പുത്രൻ എന്ന നിലയിലോ; അഹോ! അതു മർമ്മഭേദകം. ഒരു സ്നേഹിതന്റെ നിലയിലോ, അതു അവാസ്തവം. ഒരു ദാസന്റെ നിലയിലോ, അത് അഭിമാനഭംഗം. ആയുധം വച്ചു കീഴടങ്ങിയ ഒരു ശത്രുവെന്ന നിലയിലെങ്കിലും അടിയനെ ഉദ്ധരിപ്പാനായി അടുത്തുവരണമേ.

**എന്റെ അരുമജനകനായുള്ളോവേ, അങ്ങയുടെ ഏതൊരു ശിക്ഷയാണ് എനിക്ക് ആശ്വാസകരവും ആനന്ദകരവുമല്ലാത്തത്? സർവ്വസംഹാരശക്തമായ ഒരു ഭയങ്കരഖണ്ഡഗം തന്നെ അവിടുന്ന് എന്റെ നേരെ മിന്നിച്ചാലും. അതിലും നിന്തിരുവടിയുടെ പ്രേമവാത്സല്യം അതിരുകവിഞ്ഞൊഴുകുമായിരിക്കുമല്ലോ. അങ്ങയുടെ ശിക്ഷയാൽ എന്റെ ശരീരത്തിൽ പതിയുന്നതായ ഓരോ അടിപ്പിണരുകളും അങ്ങേ തിരുനയനകൃപാബാഷ്പം വഴിഞ്ഞൊഴുകുന്നതിനുള്ള സ്ഫടിക നീർച്ചാലുകൾ മാത്രമായിരിക്കും. അങ്ങയുടെ ഇളം പവിഴച്ചുണ്ടിൽനിന്നു വാത്സല്യസുധാവർഷം ചെയ്ത് ഉതിരുന്നതായ കൃപാമന്ദസ്മിത കുസുമങ്ങളുടെ പരിമളശീതളിമയാൽ എന്റെ അടിപ്പിണരുകളെല്ലാം മാഞ്ഞു പോകുകയും ഞാൻ പൂർവ്വാധികം അരോഗദൃഢഗാത്രനായിച്ചമയുകയും ചെയ്യും.**

## VI

ഈ വൃത്തികെട്ട യാനപാത്രത്തിൽ ഞാൻ അങ്ങയെ എങ്ങനെ പ്രവേശിപ്പിക്കേണ്ടു. അഴുക്കടഞ്ഞതായ ഈ കൈവിരൽ കൊണ്ടു ഞാൻ അങ്ങയെ എന്റെ ഒഴിഞ്ഞ മണിയറയിലേയ്ക്ക് എങ്ങനെ സ്വീകരിക്കേണ്ടു? എല്ലാം അഴുക്കും, അന്ധകാരവും ദുർഗ്ഗന്ധവുമത്രെ. അവിടത്തെ ആഗമനവീഥിയിൽ വെള്ളവിരിപ്പാൻ നിർമ്മലമായ ഏതൊരു വസ്ത്രമാണ് എന്റെ കൈക്കലുള്ളത്? അങ്ങേയ്ക്കു സമ്മാനിപ്പാൻ ഞാൻ എന്തൊരു ഉപഹാരത്തെയാണു കരുതിവച്ചിട്ടുള്ളത്? തിരുമുമ്പിൽ നിറപറവയ്പാൻ ധാന്യത്തിന്റെ ഒരു ചെറിയ മണിയെങ്കിലും, ഒരു കൈത്തിരിയെങ്കിലും എന്റെ കൈവശമില്ലല്ലോ. എന്റെ ദൈവമേ, ഈ ഒരു നികൃഷ്ടസ്ഥിതിയിൽ അങ്ങേയ്ക്ക് ഉചിതമായ ആതിഥ്യം നൽകാൻ ഞാൻ എങ്ങനെ ശക്തനായിത്തീരുന്നു?

ഞാൻ ഒരു ഖലനോ? മലിനനോ? ആയിരിക്കാം. സത്യം. ഒരു പാതകിയോ ദ്രോഹിയോ ആയിരിക്കാം, വാസ്തവം. അല്ലെങ്കിൽ കൃതജ്ഞതയില്ലാത്ത ഒരു ജന്തുവായിരിക്കാം. എങ്കിലും ദയാവാരിധിയായുള്ളോവേ, ഈ ഒരു മ്ലേച്ഛസ്ഥിതിയിലെങ്കിലും അവിടത്തെ പ്രഥമസൃഷ്ടിയായി നിന്തിരുവടിയുടെ സ്വന്തം സ്വരൂപത്തെ പ്രതിബിംബിക്കുന്ന അവിടത്തെ ഉടമ്പിറവിയായ പുത്രൻ എന്ന പേരിനെ ഇപ്പോഴും അഭിമാനപൂർവ്വം വഹിച്ച് ഇക്കാണായ ചരാചരങ്ങളുടെ മുമ്പിൽ അടിയൻ നിലകൊള്ളുന്നതിനാൽ അവിടത്തെ പിതൃത്വമാഹാത്മ്യത്തോടുമാത്രം ദയതോന്നി അടിയനെ ഉദ്ധരിക്കുകയും തൃപ്പാദശക്തിയുടെ പരമസമ്പത്തിയാൽ അടിയനെ പരിപൂർണ്ണനാക്കുകയും ചെയ്യണമേ. അവിടുന്ന് എന്നെ കൈവെടിയുകയാണെങ്കിൽ സ്വാമിൻ, അചരങ്ങളായ വെറും പുൽച്ചെടികൾ കൂടിയും ഭവാനെ ഭയരഹിതമായി സ്നേഹിക്കുമെന്ന് അവിടുന്നു വിശ്വസിക്കുന്നുവോ? അവ അങ്ങയെ അഭിവന്ദനം ചെയ്യുമോ? വീക്ഷിക്കുമോ? സ്മരിക്കുമോ?

എന്റെ അധർമ്മകൃത്യങ്ങളും ഔദാസീന്യവും മൂലം നിശ്ശേഷം നിന്ദ്യനായിത്തീർന്നിരിക്കുന്ന എനിക്ക് അവിടുന്ന് ഈ അവസരത്തിലും അടിയനെ അതിഗാഢമായി സ്നേഹിക്കുന്നുവെന്നുള്ളതിന്റെ പരമലക്ഷ്യമായി സ്വാമിൻ അങ്ങയിൽനിന്ന് ഉൾക്കളം കുളിർക്കുമാറ് ഒരു ചെറിയ ശിക്ഷയെങ്കിലും ലഭിപ്പാൻ ഞാൻ അത്യധികം അഭിവാഞ്ഛിക്കുന്നു. മൽപ്രഭോ, അത് എത്രയോ ഉചിതവും ഉത്തമവുമായ ഒരു പാരിതോഷികമായിരിക്കും.

എന്റെ അരുമജനകനായുള്ളോവേ, അങ്ങയുടെ ഏതൊരു ശിക്ഷയാണ് എനിക്ക് ആശ്വാസകരവും ആനന്ദകരവുമല്ലാത്തത്? സർവ്വസംഹാരശക്തമായ ഒരു ഭയങ്കരഖണ്ഡഗം തന്നെ അവിടുന്ന് എന്റെ നേരെ മിന്നിച്ചാലും. അതിലും നിന്തിരുവടിയുടെ പ്രേമവാത്സല്യം അതിരുകവിഞ്ഞൊഴുകുമായിരിക്കുമല്ലോ. അങ്ങയുടെ ശിക്ഷയാൽ എന്റെ ശരീരത്തിൽ പതിയുന്നതായ ഓരോ അടിപ്പിണരുകളും അങ്ങേ തിരുനയനകൃപാബാഷ്പം വഴിഞ്ഞൊഴുകുന്നതിനുള്ള സ്ഫടിക നീർച്ചാലുകൾ മാത്രമായിരിക്കും. അങ്ങയുടെ ഇളം പവിഴച്ചുണ്ടിൽനിന്നു വാത്സല്യസുധാവർഷം ചെയ്ത് ഉതിരുന്നതായ കൃപാമന്ദസ്മിത കുസുമങ്ങളുടെ പരിമളശീതളിമയാൽ എന്റെ അടിപ്പിണരുകളെല്ലാം മാഞ്ഞുപോകുകയും ഞാൻ പൂർവ്വാധികം അരോഗദൃഢഗാത്രനായിച്ചമയുകയും ചെയ്യും.

എന്റെ സുകൃതസമ്പത്തിയെ തൂക്കിനോക്കുന്നതിനും എന്റെ കർത്തവ്യാനുഷ്ഠാനത്തെ സമീക്ഷിക്കുന്നതിനും എന്റെ യാചനാഫലമായി അവിടുന്ന് എനിക്കു നൽകുന്നതായ മഹാനുഗ്രഹമരന്ദപുരത്തെ ഉൾക്കൊള്ളുന്നതിൽ അടിയനുള്ള സൽപാത്രത്വത്തെ സംശോധിക്കുന്നതിനുമായി ജഗദീശാ, നിന്തിരുവടി അടിയനെ ദയാപൂർവം അഭിവീക്ഷണം ചെയ്യുമ്പോൾ നിത്യത്വത്തിന്റെ രാജാവെ, എനിക്കു സിദ്ധിക്കുന്ന സർവോൽക്കർഷങ്ങളും നിന്തിരുവടിയുടെ നിസ്തുലദാനമാണെന്നു കരുതി തൃക്കഴലിണയിൽ സുസ്ഥിര കൃതജ്ഞനായിരിപ്പാൻ അടിയനു ശക്തി തരേണമേ.

അങ്ങേ പ്രേമത്തിനായി ഞാൻ അഗ്നിനരകത്തിലേയ്ക്കു പ്രായാണം ചെയ്യണമൊ? ഗുഹാഗർഭത്തിൽ ഏകാകിയായി ജീവിക്കണമോ? അഗാധതലത്തിൽ കുടികൊള്ളണമോ? യാതൊന്നുമില്ലാത്ത ഒരു പ്രവാസിയായി, ഒരു പിച്ചക്കാരനായി, ഒരു മരയോടുമേന്തി വീഥികളിൽ അലയണമോ? അയ്യൊ! കല്പിക്കണെ. നിന്തിരുവടിയുടെ സുധാകണികയെ രുചിപ്പാൻ ജീവനാഥാ, ഞാൻ ഏതൊരവസ്ഥയെ സ്വീകരിക്കണമെന്നു കല്പിച്ചരുളിയാലും!

## VII

നീ എന്നെ സ്നേഹിക്കുന്നുണ്ടോ എന്നറിവാൻ, മണവറയിൽ കടന്ന നർമ്മക്രീഢാലാലസയായ നവോഢയെപ്പോലെ ഞാൻ പ്രകൃതിയിലെ ഓരോ വസ്തുക്കളോടും ചോദിച്ചു. അസ്തമയാരുണവദനം ഇളങ്കുങ്കുമച്ചാർത്തണിഞ്ഞും, പുൽപ്പൂഞ്ചെടികൾ പുതുപ്പുഞ്ചിരിപ്പൂ ചൊരിഞ്ഞും, സ്ത്രീത്വം എന്ന് ആരംഭിക്കുന്നതായ ഒരു പല്ലവിയുടെ രണ്ടു ശീലുകൾ മാത്രം പ്രകാശിപ്പിച്ചു.

## നൂറു വർഷം മുമ്പ്

1924 മെയ് 1
തിരുവിതാംകൂറിലെ ഇംഗ്ലീഷ് സ്കൂളുകളിൽ മലയാളം ചുരുക്കെഴുത്ത് ഒരു വിഷയമായി പഠിപ്പിക്കുന്നതിനായി തീരുമാനിച്ചു. പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി എൻ.എസ്.പണ്ടാലയെ നിയമിച്ചു.

മെയ് 2
വൈക്കം സത്യഗ്രഹത്തിൽ പങ്കെടുക്കാനെത്തിയ ഇ.വി.രാമസ്വാമി നായ്ക്കരെ അറസ്റ്റു ചെയ്തു.
12 പേരടങ്ങിയ അകാലിജാഥ വൈക്കത്തെത്തി.
കോഴിക്കോട് പാറൻഹാളിൽ തിയ്യരുടെ സഭ ഡോ.കുഞ്ഞിക്കണ്ണന്റെ അധ്യക്ഷതയിൽ കൂടി. വൈക്കം സത്യഗ്രഹത്തെ സഹായിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു.
ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, എൻ.കുമാരൻ, കുറൂർ നമ്പൂതിരിപ്പാട് എന്നിവരടങ്ങിയ സത്യഗ്രഹ പ്രതിനിധിസംഘം മഹാത്മഗാന്ധിയെ കാണുന്നതിനായി വൈക്കത്തു നിന്നു യാത്ര തിരിച്ചു.

മെയ് 5
ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമികൾ നിര്യാതനായി.
തളിപ്പറമ്പിൽ വിദ്യാർത്ഥികൾ മുൻകൈയ്യെടുത്ത് തിലകസ്മാരക വായനശാല ആരംഭിച്ചു. തിലകസമാജം എന്ന പേരിൽ ഒരു സമാജവും രൂപീകരിച്ചു.

മെയ് 8
തിരുവിതാംകൂർ അയിരൂർ നായർ സമാജക്കാർ മദ്യപന്മാരെ പ്രാകൃത വേഷം കെട്ടിച്ചു. മര്യാദക്കാരന്മാരാകുവാൻ യോഗം കൂടി ആഹ്വാനം ചെയ്തു.
ഡോ.കുഞ്ഞിക്കണ്ണന്റെ അധ്യക്ഷതയിൽ എസ്.എൻ.ഡി.പി യോഗം കൂടി ആശാന്റെ നിര്യാണത്തിൽ അനുശോചിച്ചു. വിദേശവസ്ത്രം ഉപേക്ഷിച്ച് ഖദർ വസ്ത്രം ധരിച്ച് എല്ലാ തിയ്യരും വൈക്കം സത്യഗ്രഹത്തിൽ പങ്കെടുക്കണമെന്ന പ്രമേയം പാസ്സാക്കി.
വൈക്കത്ത് എസ്എൻഡിപിയുടെ യോഗം വക സമ്മേളനപ്പന്തലിൽ വച്ച് നായർ മഹാജനസഭയും എസ്എൻഡിപി യോഗവും ഒത്തുചേർന്ന് ഒരു വലിയ സമ്മേളനം നടത്തി.

മെയ് 9
വൈക്കം സത്യഗ്രഹനേതാവ് കുരുവിള മാത്യുവിനെ അറസ്റ്റു ചെയ്തു.

മെയ് 12
കൊല്ലം കൊച്ചുപിലാമൂട് കടൽത്തീരത്തു നടന്ന യോഗത്തിൽ പ്രസംഗിച്ച വൈക്കം സത്യഗ്രഹ നേതാവ് ജനാബ് എം.കെ.അബ്ദു റഹിമാനെ അറസ്റ്റു ചെയ്തു.

മെയ് 14
തിരുവിതാംകൂറിലെ പറവൂരിൽ നിന്നും പി.എസ്.ഗോവിന്ദപ്പിള്ളയുടെ പത്രാധിപത്യത്തിൽ രാജാ കേശവദാസ് എന്ന പ്രതിവാര പത്രം പ്രസിദ്ധീകരണം തുടങ്ങി.
മെയ് 17
ശ്രീമൂല മലയാളഭാഷാ ഗ്രന്ഥാവലി എന്ന പേരിൽ മലയാളകൃതികൾ തിരുവിതാംകൂർ സർക്കാർ പ്രസിദ്ധീകരിച്ചുതുടങ്ങി.



## ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

അഹോ! അങ്ങേ സ്ത്രീത്വം. പുരുഷത്വമാവുന്ന സ്നിഗ്ദ്ധ കഞ്ചുകത്താൽ തന്നെത്തന്നെ മറച്ച്, ബാലികയുടെ നിർമ്മലതയും, കന്യകയുടെ കടാക്ഷവും, അമ്മയുടെ വാത്സല്യവും, ഭാര്യയുടെ രാഗമാധുര്യവും, ദാസിയുടെ ക്ഷമയും, യുവതിയുടെ പ്രേമവും, മുഗ്ദ്ധയുടെ വിലാസവും, പ്രഭ്വിയുടെ ദയയും, പിച്ചക്കാരിപ്പെണ്ണിന്റെ ദയനീതയുമാവുന്ന അങ്ങേ സ്വന്തം കാലടികൾ വച്ചു നരജീവിതശൃംഖലയുടെ ഓരോ കണ്ണികളേയും അവിടുന്നു കാരുണ്യപൂർവം പിന്നിട്ടു കടന്നുപോകുന്നുവല്ലൊ. അവിടത്തെ പ്രേമദാനത്തിനായി അവിടന്നു മനുഷ്യവർഗ്ഗത്തിന്നു മഹാമനസ്കതയോടെ നൽകീട്ടുള്ള മഹത്തായ അച്ചാരം--അങ്ങേ പ്രേമഹൃദയശില്പാലയത്തിന്റെ മനോഹരമായ കനകകവാടം--സ്ത്രീത്വം മാത്രമാണ്. അങ്ങേ അന്തരഹൃദയം മുഴുവൻ സ്ത്രീത്വവും, സ്ത്രീത്വത്തിൽ ശിശുത്വവുംതന്നെ. സ്ത്രീത്വത്തെ പ്രകൃതിയിലും പ്രകൃതിയെ സ്ത്രീത്വത്തിലും അവിടുന്നു മുഴുവനായി ഒളിച്ചുവച്ചിരിക്കുന്നു. അതിനാൽ അത്ര ഭവാൻ എന്റെ ഉദ്ധാരകൻ മാത്രമല്ല, എന്റെ അമ്മയും, എന്റെ പ്രാണപ്രിയയും, എന്റെ ദേവിയുമത്രെ. നിനക്കു ലജ്ജയും, കനിവും, കണ്ണുനീരും, കളകളവും, കൊഞ്ചലും, പുഞ്ചിരിയും മൃദുത്വവും, ലാളിത്വവും, കുറുനിരയും സ്തനങ്ങളുമുണ്ട്.

ഹാ! അങ്ങേ സ്ത്രീത്വം കല്പാന്തകാലത്തോളം കരുണാപൂരിതം. അങ്ങേ ആർദ്രത, യഥാർത്ഥമായും വിശ്വസനീയം. അങ്ങേ പ്രേമം പരമാർത്ഥമായും ശാശ്വതം.

കുഞ്ഞു മണ്ണണിഞ്ഞു കളിക്കുകയായിരുന്നു. അമ്മയാവട്ടെ, വാത്സല്യമാറിടം കാണിച്ചുകൊണ്ട് അതിന്റെ പിന്നാലെ നടന്നു. പിഞ്ചുകിടാവൊ ശ്രദ്ധിച്ചില്ല. അത് ഉറ്റ മാതാവിന്റെ മണിമാർവിനേക്കാൾ മൺപാവയുടെ നിർജ്ജീവ കോമളിമയിൽ ഭ്രമിച്ചു വീണ്ടും വീണ്ടും മറവിടത്തിലേയ്ക്കും അപകടത്തിലേയ്ക്കും പിച്ചക്കാൽ വച്ചുപോയി.

'ഓമനേ, ഓടിവന്നാലും' എന്ന് അമ്മ ചുരന്നൊഴുകുന്ന മുലക്കുടം താങ്ങിക്കൊണ്ട് കണ്ണുനീർചിന്തി നിലവിളിച്ചു. പൂമ്പൈതലൊ ഒരു കളിപ്പാട്ടത്തെ വിട്ടു വേറൊരു കളിപ്പാട്ടത്തിന്റെയും, ഒന്നിൽ വിരക്തിതോന്നീട്ടു മറ്റൊന്നിന്റെയും സമീപത്തേയ്ക്കു കൗതുകസംഭ്രാന്തനായി ഓടിപ്പോയി.

പെറ്റ മാതാവ് അടങ്ങിയിരിക്കയൊ? പ്രസവിച്ച ഉദരം മൗനമായിരിക്കയൊ? അഴിഞ്ഞിഴയുന്നതായ സ്വന്തം ചേലാഞ്ചലം വാരിപ്പിടിച്ചുകൊണ്ട് ആത്മജനനി തന്റെ ഗർഭഫലത്തിന്റെ പിന്നാലെ പാഞ്ഞുചെന്ന് അതിനെ തന്റെ ചെന്തളിർ കൈയിലേന്തി മാറത്തണച്ചു.

പെറ്റ മാതാവ് അടങ്ങിയിരിക്കയൊ? പ്രസവിച്ച ഉദരം മൗനമായിരിക്കയൊ?

### VIII

ആരാധനത്തിനും, സേവനത്തിനുമായി അങ്ങു എന്നെ നിയോഗിച്ചു. ഞാനാവട്ടെ എനിക്കായ് കിരീടം ചൂടുന്നതിനും ചെങ്കോൽ പിടിക്കുന്നതിനും എന്റെ കൈകളെ ഊക്കോടെ മുമ്പോട്ടു നീട്ടി. എന്റെ ശക്തി ആകാശത്തിന്റെ അറുതിയോളവും വിപുലമാണെന്നു ഞാൻ വ്യഥാ അഭിമാനിച്ചു. അയ്യോ! കഷ്ടം ആ കഥ പറവാൻപോലും എനിക്കു നാണമാകുന്നു.

അല്ലയോ സർവശക്തനായ സ്വാമിൻ, അങ്ങേ കൊടുങ്കാറ്റിന്റെ മുമ്പിൽ എന്റെ കിരീടവും, നിന്തിരുവടിയുടെ ഇടിവാളിന്റെ മുമ്പിൽ എന്റെ ചെങ്കോലും എന്തുള്ളു? എന്റെ അധിനാഥത്വത്തേക്കാൾ നിന്റെ യാചകത്വവും, എന്റെ ആജ്ഞാശക്തിയേക്കാൾ അങ്ങയുടെ വേണുപ്രണാദവും, എന്റെ സാമ്രാജ്യത്തേക്കാൾ അവിടത്തെ നാറത്തുണിക്കെട്ടും, എത്രയോ മഹത്തരവും അതുല്യപ്രഭാപൂർണ്ണവുമാണ്?

അങ്ങേ ഓടക്കുഴലിന്റെ നാദമാധുര്യം അന്ധകാരപൂർണ്ണമായ എന്റെ മണിയറയിൽ വെളിച്ചം പരത്തുകയും, വിനഷ്ടമായ എന്റെ ജീവശക്തിയെ ഉജ്ജീവിപ്പിക്കുകയും, നിരാശതയാൽ വരണ്ടു കരിഞ്ഞതായ എന്റെ അംഗങ്ങളിൽ ഇതാ തേൻമഴ ചാറ്റുകയും ചെയ്യുന്നു.

അതിനാൽ അസ്തിത്വത്തിന്റെ പ്രഭുവും, അക്ഷയത്വത്തിന്റെ ഉടയവനും, അപാരതയുടെ പരമാധികാരിയുമായുള്ളോവെ, അങ്ങു രാജാവും ഞാൻ യാചകനുമായി അങ്ങയുടെ ദിവ്യസന്നിധിയെ അടിയനിതാ മൂർദ്ധാവു അണച്ച് ആരാധിക്കുന്നു.

ഇതാ ചെങ്കോൽ! ഇതാ കിരീടം! അത് അങ്ങേയ്ക്കുള്ളതും അങ്ങയ്ക്കു മാത്രവുമായിരിക്കട്ടെ.

ഒരു പുൽത്തുരുമ്പിന്റെ സിംഹാസനവും ഒരുപിടി മണ്ണിന്റെ സാമ്രാജ്യവും അങ്ങേയ്ക്കു നിസ്സാരമെങ്കിലും അടിയനിതാ അവ നിന്തിരുവടിക്കായി വച്ചൊഴിയുന്നു.

ഇന്ന് എന്റെ രാജാവിന്റെ പട്ടാഭിഷേകമാണ്. ഇന്ന് എന്റെ യാചകത്വത്തിന്റെ സ്വർഗ്ഗീയത്വമത്രെ. എന്റെ കൈത്തലത്തിൽനിന്ന് ഇന്നു ഭാരം ഒഴിയുന്നു. എന്റെ അശുദ്ധാധരത്തിൽ എന്റെ പ്രിയതമന്റെ വേണുദ്വാരം ഇന്നു സ്പർശിക്കുന്നു.

ചെങ്കോലിനു പകരം മുരളി; രാജത്വത്തിനു പകരം യാചകത്വം; യജമാനത്വത്തിനു പകരം സേവകത്വം; കനകസിംഹാസനത്തിനു പകരം കടച്ചിരട്ട. ഹാ! എന്റെ ഭാഗ്യം അതുല്യവും അവർണ്ണനീയവുമത്രെ.

വനദേവതമാരെ! കടന്നുവരുവിൻ, കടന്നുവരുവിൻ. കിരീടധാരണമഹോൽസവത്തിനായുള്ള ശുഭമുഹൂർത്തം ഇതാ അത്യാസന്നമായിരിക്കുന്നു. വീണക്കമ്പികളെല്ലാം മംഗളോൽഘോഷണത്തിനായി സജ്ജീകരിക്കപ്പെടട്ടെ. ബാലദേവതകൾ തങ്ങളുടെ കൈത്തലങ്ങളിൽ കിങ്കിണിതപ്പുകളോടു കൂടി ഉത്സവനർത്തനത്തിനായി അണിനിരക്കട്ടെ. പ്രകൃതി ഗായകനായ മന്ദസമീരണൻ മംഗളകാഹളദ്ധ്വാനത്താൽ സന്ദർഭഗൗരവത്തെ ഇതാ വിളിച്ചറിയിക്കുന്നു. ആകാശതലം മുഴുവൻ ആശീർവ്വാദവചസ്സുകളാലും സ്വാഗതോക്തികളാലും ഇതാ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ആഹ്ലാദവിവശയായ തരംഗിണീദേവിതന്നെയും തരംഗകലശത്തിൽ അഭിഷേകതീർത്ഥവുമേന്തി ഇതാ എന്റെ സമീപത്തേയ്ക്ക് ആടിയണയുന്നു.

അല്ലയോ, കാരുണ്യമൂർത്തേ, ഭക്തന്മാർക്കും ഭക്തദാസനായുള്ളോവേ, ആശ്വസിപ്പിക്കുന്നവനും, അഴലാറ്റുന്നവനും, താങ്ങുന്നവനും, എഴുന്നേല്പിക്കുന്നവനും, വച്ചുകെട്ടുന്നവനും, കണ്ണുനീരൊഴുക്കുന്നവനുമായ എന്റെ ജീവാധിനാഥനായുള്ളോവേ, എന്റെ പ്രാണനും പ്രാണനായുള്ളോവേ, എന്റെ മഹാരാജാവേ, അങ്ങ് എന്റെ ഒഴിഞ്ഞ ഹൃദയത്തിൽ ഹിരണ്യഗർഭം നടത്തിയാലും! നിന്തിരുവടി എന്റെ മനോവേദിയിൽ സിംഹാസനാരോഹണം ചെയ്താലും! അവിടുന്ന് എന്നെന്നും, എന്റെ ചക്രവർത്തിയും, മഹാറാണിയും, പൂജാവിഗ്രഹവും പ്രേമനിമഗ്നനായ പ്രിയതമനുമായി ചെങ്കോൽ ഉയർത്തി വാണാലും!

എന്റെ നിടിലതലം ഇതാ നിന്തിരുവടിയുടെ തൃക്കാലടിപ്പാടു മാത്രമാകുന്ന മദ്ധ്യാഹ്നസൂര്യഫലകം പോലെ, അങ്ങയുടെ പൂഞ്ചേവടിപ്പൊടി സംഗ്രഹിക്കുന്നതിനുള്ള ചായപ്പലകയായി തൃക്കഴലിണയിൽ നിലത്തോളം താണു പതിയുന്നു.

എന്റെ അധരപുടം ഇതാ അങ്ങേ മണിവായ്ത്തേനിന്റെ മനോഹരമാധുര്യത്തെ അഭിമുദ്രണം ചെയ്യുന്നതായ മൂലലേഖാമുദ്രയായി അത്ര ഭവാന്റെ പദാംഗുലീപല്ലവങ്ങളിൽ പതിയുന്നു.

എന്റെ കണ്ണുകൾ കൈവല്യചിന്മണിയായ എന്റെ പ്രാണപ്രിയനെ ആരാധിക്കുന്നതിനുള്ള വാടാവിളക്കുകളായി തിരുസന്നിധിയിൽ നിത്യം പ്രതിഷ്ഠിക്കപ്പെട്ടതായിരിക്കട്ടെ.

എന്റെ കവിൾത്തടങ്ങൾ എന്റെ അരുമനാഥനായ അങ്ങയുടെ കൃപാബാഷ്പപൂരത്തെ പകർന്നുവയ്ക്കുന്നതിനുള്ള ചെന്തളിർത്താലമായിത്തീരട്ടെ.

എന്റെ വിശ്വാസപരമ്പരകൾ എന്റെ ജീവിതസർവ്വസ്വത്തിന്റെ തങ്കത്തിരുവുടമ്പിനെ തഴുകിത്താലോലിക്കുന്ന തൈമണിക്കാറ്റായി പ്രവഹിക്കട്ടെ.

എന്റെ ബാഹുലതകളും, സ്വസ്തികബന്ധവും കൂപ്പുകൈയും എല്ലാം ശാന്തിമയനും ശമദജോതിസ്വരൂപനുമായ അങ്ങേ കോമളഗളത്തിൽ ചാർത്തുന്നതിനുള്ള വനമാലയും, കൗസ്തുഭവും, ബോധിപത്രവും, കുരിശും, ചന്ദ്രക്കലയുമായി പരിണമിക്കട്ടെ.

ത്രിലോകചക്രവർത്തിയായുള്ളോവേ, വിജയിച്ചാലും! വിജയിച്ചാലും! അങ്ങു പ്രളയകാലത്തോളം മഹാരാജാവായി വാണരുളിയാലും! അജയ്യവീരനായ നിന്തിരുവടി എന്റെ ഹൃദയവേദിയിൽ ആചന്ദ്രതാരം സർവ്വോൽക്കർഷേണ വർത്തിച്ചാലും!

## മേയ്

### ജനനം

01 രവീന്ദ്രനാഥ ടാഗോർ 1861
കെ.പി.ജി. നമ്പൂതിരി 1917
എം.പി.പോൾ 1904
എൻ.ഇ.സുവർണ്ണവല്ലി 1935
02 സി.എ ബാലൻ 1919
ഇ.എം.ജെ.വെണ്ണിയൂർ 1927
വക്കം അബ്ദുൾ ഖാദർ 1012
എസ്.എ.ജമീൽ 1941
03 ഇക്കണ്ടവാര്യർ 1890
വി.കെ.കൃഷ്ണമേനോൻ 1896
04 കെ.സി.മാമ്മൻമാപ്പിള 1871
05 സി.എം.എസ് ചന്തേര 1936
ജി.വിവേകാനന്ദൻ 1923
കാറൽ മാക്സ് 1818
തേറമ്പിൽ ശങ്കുണ്ണിമേനോൻ 1910
സി.കെ.കരിം 1929
കെ.എം.ഡാനിയേൽ 1920
വി.എസ്.ആൻഡ്രൂസ് 1872
06 ഏകലവ്യൻ (കെ.എം.മാത്യു) 1936
07 ദിവാൻ സി.എസ്.നായർ 1894
ജഗതി എൻ.കെ.ആചാരി 1924
09 മേക്കൊല്ല പരമേശ്വരൻപിള്ള 1907
10 വെണ്ണിക്കുളം ഗോപാലക്കുറുപ്പ് 1902
കുഞ്ഞുണ്ണിമാഷ് 1927
പി.ഭാസ്കരൻ 1924
എൻ.കെ.ലോഹിതദാസ് 1955
ഡോ.ടി.ഐ.രാധാകൃഷ്ണൻ 1939
11 വൈലോപ്പിള്ളി ശ്രീധരമേനോൻ 1911
12 സുകുമാർ അഴീക്കോട് 1926
13 എൻ.വി.കൃഷ്ണവാരിയർ 1916
കാവിൽ ശശി 1946
ഡി.വിനയചന്ദ്രൻ 1948
14 മൂർക്കോത്ത് കുഞ്ഞപ്പ 1905
15 വി.പി.ശിവകുമാർ 1947
വാസുദേവൻ ഇളയത് 1910
പി.ടി.അബ്ദുൾ റഹിമാൻ 1940
16 മുല്ലനേഴി നീലകണ്ഠൻ 1948
ഏറ്റുമാനൂർ സോമദാസൻ 1936
17 ഇ.പി.സുഷമ 1964
പ്രൊഫ.കെ.എസ്.നാരായണപിള്ള 1930
18 എം.സി.അപ്പുണ്ണിനമ്പ്യാർ 1927
കലാമണ്ഡലം കേശവൻ 1936
19 സി.വി.രാമൻപിള്ള 1858
20 സർവ്വാധികാരൻ പി.ഗോവിന്ദപ്പിള്ള 1849
മാത്യു എം.കുഴിവേലി 1905
പാപ്പനംകോട് പ്രഭാകരൻ 1931
21 കെ.എൻ.എഴുത്തച്ഛൻ 1911
22 രാജാ റാം മോഹൻ റോയ് 1772
കെ.കെ.വാസുമാസ്റ്റർ 1922
ആചാര്യ നരേന്ദ്രഭൂഷൺ 1937
23 സി.കേശവൻ 1891
പി.പത്മരാജൻ 1945
24 മേലങ്ങത്ത് അച്യുതമേനോൻ 1887
ഇ.ബാലാനന്ദൻ 1924
25 കെ.പി.കറുപ്പൻ 1885
സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 1878
കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ 1924
ഭരത് മുരളി 1954
27 കോട്ടയ്ക്കൽ പി.വി.കൃഷ്ണവാരിയർ 1877
നിധീരിക്കൽ മാണിക്കത്തനാർ 1842
മടവൂർ ഭാസി 1927
28 മൊയ്തു പടിയത്ത് 1931
29 സി.എസ്.ഗോപാലപ്പണിക്കർ 1872
30 മലയാറ്റൂർ രാമകൃഷ്ണൻ 1927
മുൻഷി രാമക്കുറുപ്പ് 1848
31 കെ.സി.എസ്.പണിക്കർ 1911

### ചരമം

01 കെ.പി.പത്മനാഭമേനോൻ 1857–1919
03 തോട്ടയ്ക്കാട്ട് ഇക്കാവമ്മ 1865–1916
ആർ.കെ.നാരായണൻ 2001
വാസു പ്രദീപ് 1931–2011
04 വിജയൻ കരോട്ട് 1940–1991
05 ചട്ടമ്പിസ്വാമികൾ 1852–1924
എം.എം.മേനോൻ 1935–2011
09 വി.കെ. കൃഷ്ണമേനോൻ 1869–1949
12 വി.എം.നായർ 1896–1977
കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ 1915
13 മൊയ്യാരത്ത് ശങ്കരൻ 1901–1948
വി.ആർ.കൃഷ്ണനെഴുത്തച്ഛൻ 1901–1948
14 കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ 1882–1959
വിലാസിനി 1928–1993
നിത്യചൈതന്യയതി 1924–1999
17 ചെങ്ങാരപ്പള്ളി നാരായണപോറ്റി 1917–1993
18 ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ 1869–1916
19 വി.ഉണ്ണിക്കൃഷ്ണൻ നായർ 1893–1985
എം.പി.നാരായണപിള്ള 1939–1998
അയ്പ് പാറമേൽ 2004
ഇ.കെ.നായനാർ 1919–2004
പ്രൊഫ.എം.ശിവശങ്കരൻ 2015
20 സിസ്റ്റർ മേരിബനീഞ്ജ 1901–1985
കൊച്ചീപ്പൻ തരകൻ 1861–1940
ശോഭന പരമേശ്വരൻനായർ 2009
21 രാജീവ് ഗാന്ധി 1944–1991
ശ്രീമൂലനഗരം വിജയൻ 1933–1992
ബാരിസ്റ്റർ ജി.പി.പിള്ള 1864–1903
22 പി.അനന്തൻപിള്ള 1886–1966
23 പനമ്പിള്ളി ഗോവിന്ദമേനോൻ 1908–1970
24 എം.ശേഷഗിരിപ്രഭു 1855–1924
ടി.എൻ.ഗോപിനാഥൻ നായർ 1918–1999
25 സി.ജി.ശാന്തകുമാർ 1938–2006
പിണ്ടാണി എൻ.ബി.പിള്ള 1929–2009
26 ചെമ്പകരാമൻപിള്ള 1891–1934
27 ജവഹർലാൽ നെഹ്റു 1889–1964
പി.കുഞ്ഞിരാമൻ നായർ 1905–1978
ഐ.സി.ചാക്കോ 1875–1966
ഐ.സി.പി.നമ്പൂതിരി 1910–2001
28 ഡോ.കെ.ജി.അടിയോടി 1937–2001
മുട്ടത്തുവർക്കി 1913–1989
29 വെട്ടം മാണി 1921– 1987
പി.മോഹനൻ 1953–2014
31 സി.അന്തപ്പായി 1862–1936
ഏറ്റുമാനൂർ ഗോപാലൻ 1996
കമലാ സുരയ്യ 1933–2009
കെ.കെ.വാസുമാസ്റ്റർ 1922–2010

## നൂറു വർഷം മുമ്പ്

മെയ് 18
കവളപ്പാറമൂപ്പിൽ നായരുടെ അധ്യക്ഷതയിൽ ഗുരുവായൂരിൽ കേരള ജന്മി സഭയുടെ യോഗം കൂടി കുടിയാൻ ബില്ലിനെതിരെ പ്രമേയം പാസാക്കി.

മെയ് 20
അഷ്ടവൈദ്യന്മാരിൽ പ്രധാനിയായ ആലത്തൂർ നമ്പി അന്തരിച്ചു.

മെയ് 24
കൊല്ലം മലയാളിസഭ കെട്ടിടത്തിൽ സഭയുടെ വകയായി ഒരു ഇംഗ്ലീഷ് സ്കൂൾ തുടങ്ങി.

മെയ് 24
അഹിന്ദുക്കളുടെ മാനസിക സഹായം അല്ലാതെ മറ്റൊന്നും വൈക്കം സഹനസമരക്കാർ സ്വീകരിക്കരുതെന്ന് ഗാന്ധി തന്നെ വന്നു കണ്ട സത്യഗ്രഹ കമ്മിറ്റി പ്രതിനിധികളോടു നിർദ്ദേശിച്ചു.

മെയ് 27
പരവൂർ ഈഴവ ഇംഗ്ലീഷ് സ്കൂൾ ശ്രീനാരായണഗുരു ഉദ്ഘാടനം ചെയ്തു. വൈക്കം സത്യഗ്രഹികളുടെ ആശ്രമപ്പന്തലിൽ അകാലികളുടെ മതസംബന്ധമായ യോഗം നടന്നു. സർദാർ ലാൽ സിംഗ് സിക്കുമതതത്വങ്ങളെപ്പറ്റി സംസാരിച്ചു.

മെയ് 28
വൈക്കം സത്യഗ്രഹികളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് തിരുവിതാംകൂറിലെങ്ങും പൊതുജനയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. തിരുവിതാംകൂറിലെ എല്ലാ പൊതുനിരത്തുകളും ജാതിസമുദായ ഭേദമെന്യേ എല്ലാവർക്കും സഞ്ചരിക്കുന്നതിനായി തുറന്നു നൽകണമെന്ന് മഹാരാജാവിന്റെ സർക്കാരിനോട് ആവശ്യപ്പെട്ടു.

മെയ് 30
കണ്ണൂരിൽ കേരളചന്ദ്രിക എന്ന പേരിൽ ഒരു അച്ചുകൂടം പ്രവർത്തിച്ചു തുടങ്ങി.


മെയ് 31
ഷൊർണൂർ- നിലമ്പൂർ തീവണ്ടിപ്പാത പണിയുന്നതിന് ഇന്ത്യാ സെക്രട്ടറിയുടെ അനുമതി ലഭിച്ചു.

## പുസ്തകവിചാരം

## ഷാജി എൻ കരുൺ
## ആത്മവ്യഥകളുടെ അഭ്രസഞ്ചാരങ്ങൾ

**മധു ഇറവങ്കര**

ചിന്താ ബുക്സ്
വില: 220




## സങ്കടൽതീരത്തുനിന്നുള്ള നിലവിളികൾ

### കൃതിയുടെ ആമുഖം

**ഛാ**യാഗ്രാഹകൻ, സംവിധായകൻ,ഫിലിം സൊസൈറ്റി പ്രവർത്തകൻ, ചലച്ചിത്ര സാംസ്കാരിക സ്ഥാപനങ്ങളുടെ മേധാവി എന്നിങ്ങനെ സിനിമയുടെ ഒട്ടേറെ മേഖലകളിൽ വ്യാപരിച്ച ഷാജി എൻ. കരുണിനെപ്പറ്റി ഒരു പുസ്തക രചനയിൽ ഞാൻ എത്തിപ്പെടുന്നത് തികച്ചും യാദൃശ്ചികമായാണ്.

2025 ഏപ്രിൽ 28ന് അദ്ദേഹം നമുക്കിടയിൽ നിന്നും പൊടുന്നനെ മറഞ്ഞ വേളയിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിനും ചലച്ചിത്ര അക്കാദമിയുടെ പ്രസിദ്ധീകരണമായ ചലച്ചിത്ര സമീക്ഷയ്ക്കും വേണ്ടി എഴുതിയ പഠന ലേഖനങ്ങളാണ് അദ്ദേഹത്തിന്റെ സിനിമയുടെ ആഴങ്ങളിലേക്ക് യാത്ര ചെയ്യുവാൻ എന്നെ പ്രേരിപ്പിച്ചത്. അതിലുപരി ഫിലിം ഓഫീസറായി ഷാജി എൻ. കരുൺ ചലച്ചിത്ര വികസന കോർപ്പറേഷനിൽ എത്തിയ കാലം മുതലുള്ള ദീർഘ സൗഹൃദവും, അദ്ദേഹത്തിന്റെ പിറവി മുതൽ ഓളു വരെയുള്ള സിനിമകൾ നീട്ടിത്തന്ന ദൃശ്യവിതാനങ്ങളും എന്നെ സ്വാധീനിച്ചിരിക്കണം. അദ്ദേഹത്തിന്റെ ജീവിതത്തെയും സിനിമയെയും അടയാളപ്പെടുത്തുന്ന കൃതികളുടെ അഭാവവും ശ്രദ്ധിച്ചു. ലോകചലച്ചിത്ര വേദിയിൽ സ്ഥിരപ്രതിഷ്ഠ നേടിയ പ്രതിഭാധനനായ ഈ ചലച്ചിത്രകാരന്റെ കലാസപര്യയെ അടയാളപ്പെടുത്തുന്ന ഒരു പുസ്തകം ഇനിയുമുണ്ടായില്ലെങ്കിൽ അത് നമ്മോടു തന്നെ ചെയ്യുന്ന അനീതിയാണെന്ന ബോധ്യവും പുസ്തക രചനയ്ക്ക് പിന്നിലെ പ്രചോദനമാ യിരുന്നു.

നാം നമ്മെ തന്നെ രേഖപ്പെടുത്തുന്നതിൽ എപ്പോഴും വിമുഖരാണല്ലോ. അതുതന്നെ ഷാജി എൻ. കരുണിന്റെ കാര്യത്തിലും സംഭവിച്ചു. അദ്ദേഹത്തിന്റെ സിനിമകളുമായി ബന്ധപ്പെട്ട ചിത്രങ്ങളോ തിരക്കഥകളോ, ചിത്രീകരണ രേഖകളോ ഒന്നും ക്രമനിബദ്ധമായി സൂക്ഷിച്ചുവയ്ക്കാത്ത ഒരാളുടെ ജീവിതം, പ്രത്യേകിച്ചും ഭൂതകാലം, കണ്ടെടുക്കുക ദുഷ്കരമാണ്. ആകെ ശേഖരിക്കാനായത് അദ്ദേഹത്തിന്റെ പത്നി അനസൂയയുമായുള്ള സംഭാഷണത്തിൽ ലഭിച്ച ചില ഓർമ്മത്തുണ്ടുകൾ മാത്രം. രേഖകൾ കണ്ടെടുക്കുന്നതിൽ അദ്ദേഹത്തിന്റെ കുടുംബം എന്നെ വിശ്വാസത്തിൽ എടുക്കാത്തതും ഒരു കാരണമാകാം. എന്നാൽ അദ്ദേഹവുമായി ബന്ധപ്പെട്ട പല സ്നേഹിതരുടെയും നിസ്സീമമായ സഹകരണം പുസ്തകരചനയിൽ ഉണ്ടായി എന്നത് സന്തോഷം പകരുന്നു

ഷാജി എൻ.കരുണിന്റെ സഹധർമ്മിണി അനസൂയ, തിരക്കഥാകൃത്ത് സജീവ് പാഴൂർ, ഛായാഗ്രാഹകൻ അജേഷ് വേണുഗോപാൽ, ഷാജി എൻ.കരുണിനെക്കുറിച്ച് *ഫ്രെയിംസ് ഓഫ് എ ലൈററ് ബെൻഡർ*എന്ന ഡോക്കുമെന്ററി സംവിധാനം ചെയ്ത ബിനുരാജ് കലാപീഠം, ഷാജി എൻ. കരുണുമായി


2023 ൽനടത്തിയ അഭിമുഖം പ്രസിദ്ധീകരിക്കാൻ അനുവാദം തന്ന കോട്ടയം ന്യൂവേവ് ഫിലിം സൊസൈറ്റി സെക്രട്ടറി മാത്യൂസ് ഓരത്തേൽ, കലാപൂർണ്ണ പത്രാധിപർ ആർട്ടിസ്റ്റ് ജെ. ആർ. പ്രസാദ്, പത്തനംതിട്ട ലൂമിയർ ഫിലിം സൊസൈറ്റിയിലെ എം.ആർ. രഘുനാഥൻ ഉണ്ണിത്താൻ, പുരോഗമന കലാ സാഹിത്യ സംഘം മുൻ സംസ്ഥാന സെക്രട്ടറി പ്രൊഫ. വി. എൻ. മുരളി, ഷാജി എൻ.കരുണിന്റെ പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ സഹപാഠി ത്രിലോക് കാംദാർ എന്നിവരോടുള്ള കടപ്പാട് നിസ്സീമമാണ്.

പുസ്തകത്തിന്റെ പുറംചട്ടയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ ഷാജി.എൻ. കരുണിന്റെ ഛായാചിത്രങ്ങൾ തന്ന പ്രശസ്ത ഫോട്ടോഗ്രാഫർ ബി. ജയചന്ദ്രനോടുള്ള നന്ദിയും മറക്കാവതല്ല.

ഇങ്ങനെയൊരു പുസ്തകത്തിന്റെ ആശയം പങ്കുവെച്ചപ്പോൾ ഒരു മടിയും കൂടാതെ അത് അംഗീകരിച്ച ചിന്ത പബ്ലിഷേഴ്സിലെ ഗോപി നാരായണൻ, പിന്നീട് പുസ്തകത്തിന്റെ രൂപകല്പനയിൽ എനിക്ക് മാർഗ്ഗദർശിയായ ചിന്തയിലെ രഞ്ജിത്ത് എന്നിവരോടും, പുസ്തകത്തിന്റെ പ്രസിദ്ധീകരണം സമയബന്ധിതമായി നിർവ്വഹിച്ച ചിന്ത പബ്ളിഷേഴ്സിനോടുമുള്ള എന്റെ ഹൃദയപൂർവ്വമായ കൃതജ്ഞത രേഖപ്പെടുത്തട്ടെ.



മനുഷ്യന്റെ വ്യഥകളും സഹനങ്ങളും ദുരവസ്ഥകളും ദൃശ്യവല്ക്കരിച്ചു കൊണ്ടു് സങ്കടൽ തീരത്തുനിന്നുള്ള നിലവിളികൾ നമ്മെ കേൾപ്പിച്ച, കാലത്തെ അതിജീവിക്കുന്ന മനോഹര ചിത്രങ്ങൾ ചലച്ചിത്ര ലോകത്തിനുസമ്മാനിച്ച, ഷാജി എൻ. കരുണിന്റെ ഓർമ്മകൾക്കു മുന്നിൽ ആദരാഞ്ജലികളോടെ,

**രേഖ ആർ. താങ്കൾ**



## അനുഗാമി (കവിത) പ്രൊഫ. വി. രാധാമണിക്കുഞ്ഞമ്മ

നാഷണൽ ബുക്ക്സ്റ്റാൾ. വില: 130 രൂപ

വാക്കുകൾ കവിതകളാകുന്നത് അവയിൽ വികാരങ്ങൾ അലിഞ്ഞു ചേരുമ്പോഴാണ്.വികാരങ്ങൾ കവിതകളാകുന്നത് വാക്കുകളിലൂടെ അവ കിനിഞ്ഞിറങ്ങുമ്പോഴാണ്. വാക്കുകളും വികാരങ്ങളും തമ്മിൽ ഉഭയസമ്മതപ്രകാരം നടത്തുന്ന ഒരു പങ്കിടലാണ് കവിത. കവിയുടെ നൈതികതയും രാഷ്ട്രീയവും വൈകാരികതയും വൈചാരികതയും എല്ലാം കവിതയിൽ ആവിഷ്കരിക്കപ്പെടും. വൈകാരി മായ സൂക്ഷ്മഭാവത്തിന് സമുചിതമായ സ്ഥൂലരൂപം സിദ്ധിക്കാൻ ഭാഷ ഒരു പ്രത്യേക രീതിയിൽ പ്രയോഗിച്ചെങ്കിലേ മതിയാവൂ. അതിന് പര്യാപ്തമായ പദസമ്പത്ത് കവിക്ക് കൈമുതലായുണ്ടാവണം.

സംവേദനക്ഷമമായ ബിംബങ്ങളും കൽപ്പനകളും പ്രയോഗിക്കാൻ കഴിയണം. തന്റെ അന്തരംഗത്തിൽ അവ്യക്തമായുദിച്ച അനുഭൂതികളെ പരമ്പരാഗതമായ കാവ്യരചനാരീതിയിലൂടെ സാർവത്രികമായ കാവ്യാനുഭവത്തിലേക്ക് എത്തിക്കുന്ന കവിതകളാണ് പ്രൊഫസർ വി.രാധാമണിക്കുഞ്ഞമ്മ രചിച്ച അനുഗാമി എന്ന കവിത പുസ്തകത്തിലുള്ളത്.

സർഗ്ഗക്രിയയുടെ ഓരോ നിമിഷത്തിലും പ്രപഞ്ചമാതാവിനെ പിന്തുടരുന്ന പൈതലാണ് കവി. തന്നെ രൂപപ്പെടുത്തിയ മാതാപിതാക്കളോട് ഗുരുനാഥന്മാരോട് കുടുംബത്തോട് സുഹൃത്തുക്കളോട് ഒക്കെയുള്ള സ്നേഹം നിറഞ്ഞതുളുമ്പുന്ന പല കവിതകൾ അനുഗാമിയിലുണ്ട്.

മഹാനായ അച്ഛനിൽ നിന്ന് ലഭിച്ച ജീവിതാദർശങ്ങൾ,കാരുണ്യക്കടലായ അമ്മ പകർന്നു നൽകിയ ആർദ്രത ഇവ തന്റെ കവി വ്യക്തിത്വത്തിന്റെ അടിസ്ഥാന ഘടകങ്ങളാണെന്ന തിരിച്ചറിവ് ആവിഷ്കരിക്കുന്നതാണ് ആദ്യ കവിതയായ 'നിത്യവും വിളങ്ങാവൂ.' അടുത്ത കവിതയായ 'അനുഗാമി ' എന്ന കവിതയിലെ കവിയുടെ ആത്മഭാവം ഒരു പൈതലിന്റെതാണ്.നിത്യകന്യകയെ തേടി ഒരായുസ് മുഴുവൻ അലഞ്ഞ പി.കുഞ്ഞിരാമൻ നായരെ പോലെ സർഗ്ഗദേവതയെ അനുഗമിക്കുകയാണ് കവി.

*'ഇനിയും ആലിപ്പഴമാരി നീ ചൊരിയുക*
*കളിയായ് മഞ്ഞിൻ കട്ട തട്ടിയുമുരുട്ടിയും*
*ചെറുതാം പ്രവാഹത്തിൽ ഊളിയിട്ടോടിപ്പാഞ്ഞും*
*ചുഴിയായ് മലരിയായ്*
*ഞാനൊന്ന് രസിക്കട്ടെ!'* എന്നാണ് കവി ആഗ്രഹിക്കുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ലയം വെളിപ്പെടുത്തുന്ന ഈ കവിത മിസ്റ്റിക് സ്വഭാവത്തിലുള്ള ഒന്നാണ്. പൂച്ചെടിയും ഇളങ്കാറ്റും തമ്മിലുള്ള പ്രേമസല്ലാപത്തിന്റെ ജാലകക്കാഴ്ചയാവുന്ന കവിത സാധാരണസംഭവത്തെ അസാധാരണമായി അനുഭവിപ്പിക്കുന്നു. ഒരുപാട് ഭാവങ്ങളിൽ ഉള്ളിലുള്ള അച്ഛന്റെ രൂപങ്ങളിൽ നിന്ന് ഏതാണ് ശ്രാദ്ധത്തിന് തിരഞ്ഞെടുക്കേണ്ടതെന്ന സന്ദേഹത്തിലാണ് 'ശ്രാദ്ധം' എന്ന കവിതയുടെ പിറവി. ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു വ്യക്തിയിൽ സമകാലസാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ദാർശനിക വ്യഥ പല കവിതകളിലും കാണാം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പ്രതീകാത്മകഹത്യയ്ക്ക് വിധേയമാകുന്ന ഗാന്ധിയൻ ആദർശങ്ങളെക്കുറിച്ചോർത്ത് ആശങ്കപ്പെടുന്നുണ്ട് കവിഹൃദയം.

സ്നേഹിതയോടുള്ള ആത്മബന്ധത്തിന്റെ ആഴവും വന്ദ്യഗുരുനാഥനായ ഡോക്ടർ അയ്യപ്പപ്പണിക്കരോടുള്ള ആദരവും സഹപാഠിയായിരുന്ന പ്രൊഫസർ നരേന്ദ്രപ്രസാദിനെക്കുറിച്ചുള്ള ദീപ്ത സ്മരണകളും കവിതയിൽ നിറയുന്നു. സമകാലലോകക്രമത്തിലെ ആസുരതകളോട് കവി കവിതയിലൂടെ പ്രതികരിക്കുന്നു. നീതിബോധത്തിൽ അടിയുറച്ച നിശ്ചയദാർഢ്യം പലകവിതകളിലും പ്രകടമാണ്.

'എനിക്കു ഞാൻ മാത്രമപരൻ ശത്രുവെന്നുരുക്കഴിക്കുന്നു നവനീതിശാസ്ത്രം' എന്നാണ് സമകാലത്തെക്കുറിച്ചുള്ള കവിയുടെ അഭിപ്രായം. സാമൂഹിക പ്രശ്നങ്ങൾക്കും വ്യക്ത്യനുഭവങ്ങൾക്കും ആത്മീയ പരിഹാരം നിർദ്ദേശിക്കുന്നത് കവിയിലെ അനുഗ്രഹീതയായ അധ്യാപികയാണ്. അതുകൊണ്ടു തന്നെ ചില കവിതകളിലെങ്കിലും അന്യാപദേശസ്വഭാവം പ്രകടമാണ്.വ്യക്ത്യനുഭവങ്ങളിൽ നിന്ന് രൂപം കൊണ്ട കവിതകൾ ഈ സമാഹാരത്തിൽ ധാരാളമുണ്ട്.

ഊഷ്മളമായ കുടുംബബന്ധങ്ങളുടെ ഊടുംപാവുമാണ് അവയിൽ കവിതയെ രൂപപ്പെടുത്തുന്നത്. ഭാരതീയസംസ്കാരത്തിന്, മാതാവ്, പിതാവ്, ഗുരു, സുഹൃത്ത്, പ്രകൃതി ഇവയിലെല്ലാം നിറയുന്ന മാനവികതയ്ക്ക് കവിതയിൽ നിർണായകസ്വാധീനമുണ്ട്.

ആഗോളനാഗരികതയുടെ ദുഷ്ടതകളെ എതിർക്കുമ്പോഴും പ്രൊഫസർ രാധാമണിക്കുഞ്ഞമ്മയുടെ കവിതകൾ ജീവിതനിഷേധപരമല്ല. സ്ഥലകാലങ്ങളുടെ ജീർണാവസ്ഥകളെ മാനവികത കൊണ്ട് കവിത ശുദ്ധീകരിക്കുന്നുണ്ട്. ദുര, ആർത്തി, സ്വാർത്ഥത, ഹിംസാത്മകത തുടങ്ങിയ ദുർഗ്ഗുണങ്ങൾക്കിടയിലും സ്വച്ഛവും സുന്ദരവുമാണ് ജീവിതമെന്ന് കവി വിശ്വസിക്കുന്നു. കവിയുടെ ജീവിതസ്നേഹം കവിതയുടെ ആർദ്രതയാകുന്നു.

ജീവിതപ്രേമമാണ് അനുഗാമിയിലെ കവിതകളുടെ രാഷ്ട്രീയം.ആ നിലയ്ക്കാത്ത ഉറവയിൽ നിന്നാണ് കവി കവിത കോരിയെടുക്കുന്നത്.

കാല്പനികതയുടെ വികാരോഷ്മളതയോ അതിഭാവുകത്വമോ വികാരവിക്ഷോഭത്തിന്റെ ആർഭാടമോ ഈ കവിതകളിലില്ല. ദീർഘജീവിതം നൽകിയ പാകതയും ആത്മനിഷ്ഠാനുഭവത്തിന്റെ തീക്ഷ്ണ സ്വരവും കവിതയിലുണ്ട്.

അടിസ്ഥാനപരമായി ഈ കവി റിയലിസ്റ്റിക്കാണ്. സ്വപ്നലോകങ്ങളിലോ ദുർബലാവേഗങ്ങളിലോ അഭിരമിക്കുന്നില്ല.അമ്മ,ഭാര്യ മകൾ, അധ്യാപിക, മുത്തശ്ശി,സാംസ്കാരികപ്രവർത്തകഎന്നിങ്ങനെ വിവിധവേഷങ്ങളിൽ ലഭിക്കുന്ന സാർത്ഥകങ്ങളായ മനുഷ്യാനുഭവങ്ങളെ ധ്വനിസാന്ദ്രമായ കാവ്യഭാഷയിലേക്ക് മൊഴിമാറ്റിയവയാണ് ഈ കവിതകൾ.

41 കവിതകൾ ഉൾപ്പെട്ടിട്ടുള്ള ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത് നാഷണൽ ബുക്ക്സ്റ്റാൾ ആണ്.

9539033525. adwaithrekha123@gmail.com



# സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്

ഭാസിക്കുന്നതാണ് എല്ലാ ജീവചേതനയും. എല്ലാ പ്രപഞ്ചസത്യവും. സ്ഥൂലം, സൂഷ്മം, കാരണം. രൂപത്തിൽ കുടികൊള്ളുന്നതാണ് ഈ കാര്യപ്രപഞ്ചത്തിൽ നിലകൊള്ളുന്നത്. കാരണം ബ്രഹ്മസത്യത്തിൽ അഭിന്നമാണ്. ആ ബ്രഹ്മസത്യമാണ് സത്യമായിരിക്കുന്നത്. തത്ത്വമസി ശേതകേതു. ആ സത്യമാണ് ജീവനായി പ്രകാശിക്കുന്നത്. ഇതാണ് തത്ത്വമസി എന്ന ദർശനം. അതിന് വേദാന്തശാസ്ത്രത്തിൽ ഉപദേശവാക്യം എന്നു പറയാം. ഈ ഉപദേശം നൽകുമ്പോൾ ശിഷ്യരിലുണ്ടാകുന്ന അനുഭവം അഹം ബ്രഹ്മാംസി എന്നാണ്.

ജ്ഞാനം ബ്രഹ്മസത്യമാണ്. ഈശ്വരൻ ബ്രഹ്മസത്യമാണ്. അതിന് അനുഭവവാക്യം എന്നാണ് പറയുന്നത്. തുടർന്ന് ഒന്നു രണ്ടു മഹാവാക്യം കൂടിയുണ്ട്. ഞാൻ അതിലേക്കു പോകുന്നില്ല.

അഴീക്കോട് മാഷ് തത്ത്വമസി എന്ന മഹാവാക്യത്തെ പ്രമേയമായി സ്വീകരിച്ചുകൊണ്ടാണ് തത്ത്വമസി എന്ന ഗ്രന്ഥം എഴുതിയത്. അതിലൂടെ അദ്ദേഹം സിദ്ധാന്തിക്കുന്നത് ഒരേയൊരു അദ്വൈത സത്യമാണ് ഇവിടെ പലതായി പ്രകാശിക്കുന്നത് എന്നാണ്. ഭാരതീയരായ ഋഷിവര്യന്മാരും ശങ്കരാചാര്യരും, പിന്നീട് കേരളക്കരയിൽ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും വാഗ്ഭടാനന്ദനും മറ്റും എല്ലാം സ്വീകരിച്ചുപോന്നത് ഈ ഉപനിഷത്ത് സത്യത്തെയാണ്. ഒരേയൊരുസത്യം പലതായി പ്രകാശിക്കുന്നു. അതുകൊണ്ട് ഇവിടെ എന്തു ഭേദം കല്പിക്കാൻ. ഭേദങ്ങളെല്ലാം നാമരൂപങ്ങളാണ്.

ഹിന്ദുവെന്നോ, മുസ്ലീമെന്നോ, ക്രിസ്ത്യാനിയെന്നോ പറയുന്നതും; നായരെന്നോ, നമ്പൂതിരിയെന്നോ, ഈഴവനെന്നോ പുലയനെന്നോ പറയുന്നതും; ഇന്ത്യക്കാരനെന്നോ, പാകിസ്താൻകാരൻ എന്നോ, അമേരിക്കക്കാരൻ എന്നോ പറയുന്നതും എല്ലാം കേവലമായ കല്പനകൾ മാത്രമാണ്. ഇതാണ് ഭാരതീയ വേദാന്ത ദർശനം. ആ ഭാരതീയ വേദാന്ത ദർശനത്തെ വികസിപ്പിച്ചുകൊണ്ട് അഴീക്കോട് മാഷ് തത്ത്വമസി എഴുതിയപ്പോൾ ഞാനത് രണ്ടുമൂന്നുദിവസമായി വായിച്ചു തീർത്തു. അത്യാഹ്ലാദമാണ് എനിക്കു തോന്നിയത്. ഞാൻ അഴീക്കോട് മാഷിനെ കണ്ട് അക്കാര്യം അദ്ദേഹത്തോടു പറഞ്ഞിട്ട് എന്റെ ഒരു പരിഭവം കൂടി പറഞ്ഞു. പരിഭവം എന്താണെന്നു ചോദിച്ചാൽ അഴീക്കോട് മാഷ് അതിനകത്ത് നാരായണഗുരുവിന്റെ കൃതികളെ വേണ്ടവണ്ണം ഉദ്ധരിച്ചിട്ടില്ല.

**ഹിന്ദുവെന്നോ, മുസ്ലീമെന്നോ, ക്രിസ്ത്യാനിയെന്നോ പറയുന്നതും; നായരെന്നോ, നമ്പൂതിരിയെന്നോ, ഈഴവനെന്നോ പുലയനെന്നോ പറയുന്നതും; ഇന്ത്യക്കാരനെന്നോ, പാകിസ്താൻകാരൻ എന്നോ, അമേരിക്കക്കാരൻ എന്നോ പറയുന്നതും എല്ലാം കേവലമായ കല്പനകൾ മാത്രമാണ്. ഇതാണ് ഭാരതീയ വേദാന്ത ദർശനം. ആ ഭാരതീയ വേദാന്ത ദർശനത്തെ വികസിപ്പിച്ചുകൊണ്ട് അഴീക്കോട് മാഷ് തത്ത്വമസി എഴുതിയപ്പോൾ ഞാനത് രണ്ടുമൂന്നുദിവസമായി വായിച്ചു തീർ ത്തു. അത്യാഹ്ലാദമാണ് എനിക്കു തോ ന്നിയത്. ഞാൻ അഴീക്കോട് മാഷിനെ കണ്ട് അക്കാര്യം അദ്ദേഹത്തോടു പറഞ്ഞിട്ട് എന്റെ ഒരു പരിഭവം കൂടി പറഞ്ഞു.**

ഈ ഉപനിഷത്ത് സത്യത്തെ ഏറ്റവും ഭംഗിയായിട്ട് അവതരിപ്പിക്കുന്നത് ശ്രീനാരായണ ഗുരുവാണ്. ഈ നാലു മഹാവാക്യങ്ങളെയും ഒറ്റ ശ്ലോകത്തിൽ ആക്കിക്കൊണ്ട് ഗുരു എഴുതിയതാണ് ബ്രഹ്മവിദ്യാ പഞ്ചകം. ഭാരതീയ വേദാന്താ ശാസ്ത്രത്തിന്റെ ആവിഷ്കാരമാണ് ബ്രഹ്മവിദ്യാ പഞ്ചകം എന്നുള്ള പദ്യം. ആ പദ്യത്തിൽ-

*പ്രജ്ഞാനാം ത്വഹമസ്മി തത്ത്വമസി തദ്*
*ബ്രഹ്മായമാത്മേതി സം-*
*ഗായൻ വിപ്രചര പ്രശാന്തമനസാ*
*ത്വം ബ്രഹ്മബോധോദയാൽ*
*പ്രാരബ്ധം ക്വനു സഞ്ചിതം തവ കിമാ*
*ഗാമി ക്വ കർമ്മാപ്യസത്*
*ത്വയ്യധ്യസ്തമതോ /ഖിലം ത്വമസി സ-*
*ച്ചിന്മാത്രമേകം വിഭുഃ.*

ഈ പദ്യം ഞാൻ മാഷിനെ ചൊല്ലി കേൾപ്പിച്ചുകൊണ്ടു പറഞ്ഞു, എന്തുകൊണ്ട് ഇത് ഉദ്ധരിച്ചില്ല. ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, സ്വാമിയെപ്പോലെയുള്ളവർ ഇതൊക്കെ ഹൃദിസ്ഥമാക്കി വച്ചിട്ടുണ്ട്. ശ്രീനാരായണ കൃതികൾ വായിക്കാൻ ഞാൻ കുറച്ചു വൈകിപ്പോയിട്ടുണ്ട്. അതുകൊണ്ടാണോ ആശാന്റെ സീതയെക്കുറിച്ച് അങ്ങ് എഴുതിയപ്പോൾ ആ കൃതിയിലും ഗുരുദേവനെയോ ഗുരുദേവകൃതികളെയോ ഉദ്ധരിക്കാതെ പോയത്. അപ്പോൾ അഴീക്കോട് മാഷ് പറഞ്ഞു, ശരിയാണ്. ഞാൻ സീതാകാവ്യത്തെക്കുറിച്ച് എഴുതുമ്പോൾ ഗുരുവിനെ വായിക്കുകയോ പഠിക്കുകയോ ചെയ്തിരുന്നില്ല. അതിനുശേഷമാണ് ഞാൻ ഗുരുവിലേക്കും ഗുരുവിന്റെ കൃതികളിലേക്കും കടന്നുചെന്നത്.

ഇവിടെ പറഞ്ഞതുപോലെ അഴീക്കോട് മാഷ് ശ്രീലങ്ക സന്ദർശിക്കാൻ പോയപ്പോൾ, ആ ശ്രീലങ്കയിലെ ക്ഷണം സ്വീകരിച്ചുകൊണ്ടാണ് മാഷ് ഗുരുദേവന്റെ കൃതികളും ഗുരുദേവന്റെ ജീവിതദർശനവും പഠിക്കുവാനുള്ള വലിയ ശ്രമം നടത്തിയത്. അതിനുശേഷം മടങ്ങിവന്നിട്ട് അദ്ദേഹം ഗുരുവിന്റെ ജന്മശതാബ്ദി പ്രമാണിച്ച് നമ്മുടെ പി.കെ. ബാലകൃഷ്ണൻ നാരായണഗുരു ആന്തോളജി എന്ന പുസ്തകം ഉണ്ടാക്കിയത്.

നാരായണഗുരു ആന്തോളജിയിൽ അഴീക്കോട് മാഷ്'ശ്രീനാരായണന്റെ കവനഹസ്തം' എന്നൊരു പഠനം എഴുതിയിട്ടുണ്ട്. ഗുരുദേവകൃതികളെക്കുറിച്ച് അഴീക്കോട് മാഷിന്റെ ആദ്യത്തെ പഠനമാണ് അത്. ഈ കേരളക്കരയിൽ ശ്രീനാരായണ ഗുരുവിനെക്കുറിച്ച് ഏതെല്ലാം സോവനീറുകൾ പ്രസാധനം ചെയ്തിട്ടുണ്ടോ, ഏതെല്ലാം സ്മാരക ഗ്രന്ഥങ്ങൾ ഗുരുവിനെക്കുറിച്ച് ഉണ്ടായിട്ടുണ്ടോ അതിൽ മിക്കവാറും സോവനീറുകളിലും സ്മാരക കൃതികളിലും അഴീക്കോട് മാഷിന്റെ ലേഖനമുണ്ട്. ഏതെങ്കിലും സോവനീറുകളിൽ അങ്ങനെയൊരു ലേഖനം കാണപ്പെടുന്നില്ലായെങ്കിൽ ഒരുപക്ഷെ അഴീക്കോട് മാഷിന് അതിനുള്ള അവസരം ലഭിച്ചിട്ടുണ്ടാവില്ല; സമയം ലഭിച്ചിട്ടുണ്ടാവില്ല. അല്ലെങ്കിൽ മറ്റേതെങ്കിലും കാരണം ഉണ്ടാകാം. ശ്രീനാരായണ ഭക്തന്മാർ അങ്ങനെയൊരു സോവനീർ പ്രസാധനം ചെയ്യുന്നുവെങ്കിൽ ആദ്യമായിട്ട് ലേഖനം ചോദിക്കുന്നത് അഴീക്കോട് മാഷിനോടായിരിക്കും. കാരണം ഗുരുവിന്റെ കൃതികളെ, ഗുരുവിന്റെ ജീവിതത്തെ അത്രമാത്രം ആഴത്തിൽ പഠിച്ച വ്യക്തിയായിരുന്നു അഴീക്കോട് മാഷ്.

1976 മുതൽ അദ്ദേഹത്തിന്റെ മരണപര്യന്തം അഴീക്കോട് മാഷിനെ അടുത്തു കാണാനും സംസാരിക്കാനും എനിക്ക് സന്ദർഭം ഉണ്ടായിട്ടുണ്ട്. 1976ൽ



ഞാനൊരു ബ്രഹ്മചാരിയായി ശിവഗിരിയിൽ ചേർന്നു പഠിക്കുന്ന കാലം. ആ വർഷം മാഷ് ഇവിടെ തീർത്ഥാടനത്തിനു വന്നു. ഞാൻ അദ്ദേഹത്തെക്കുറിച്ച് ഏറെ വായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കുറിപ്പുകൾ വായിച്ചിട്ടുണ്ട്. തീർത്ഥാടനത്തിന് അദ്ദേഹം വന്നു പ്രസംഗിച്ചു. ആ പ്രസംഗം കേട്ടതിനു ശേഷം ഞാൻ അദ്ദേഹത്തെ ചെന്നു കണ്ടു. ബ്രഹ്മചാരിയാണെന്നും അങ്ങയുടെ ലേഖനങ്ങൾ വായിക്കുന്ന ആളാണെന്നും പറഞ്ഞു പരിചയപ്പെട്ടു. എന്റെ ഗുരുനാഥനായിരുന്നു ഗീതാനന്ദ സ്വാമി. ഗീതാനന്ദ സ്വാമി എന്നോടു പറഞ്ഞു. അഴീക്കോടിന്റെ ഒരു പ്രസംഗവും വിടരുത്. അദ്ദേഹം എവിടെയെല്ലാം പ്രസംഗിക്കുന്നുവോ അവിടെയെല്ലാം ആ പ്രസംഗം പോയി കേട്ടുകൊള്ളണം. കാരണം ആ പ്രസംഗത്തിൽ നവീനമായ ആശയങ്ങൾ ഉണ്ടായിരിക്കും. അഴീക്കോട് മാഷിന്റെ ഏതൊരു പ്രസംഗത്തിലും എപ്പോഴും നവീനമായ ഒരാശയം ഉണ്ടായിരുന്നു. അതാണ് ആ പ്രസംഗത്തിന്റെ ഏറ്റവും വലിയ സവിശേഷത. ഒരേ വിഷയം തന്നെ പല മുഖങ്ങളിലൂടെ അവതരിപ്പിക്കുവാൻ അസാമാന്യമായ പാഠവമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്.

ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീനാരായണ ഗുരുവിന്റെ കൃതികൾക്ക് വ്യാഖ്യാനം എഴുതിയത് പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ ആണ്. ഗുരുദേവ കൃതികൾ വ്യാഖ്യാനങ്ങളായിട്ട് പത്തു വാല്യങ്ങൾ ശിവഗിരി മഠത്തിൽനിന്ന് പ്രസിദ്ധീകരിക്കുകയുണ്ടായി. ശ്രീനാരായണഗുരുവിനെ കേരളക്കര മനസ്സിലാക്കിയത്, ഒരു സാമൂഹിക പരിഷ്കർത്താവായിട്ടും, സാമൂഹിക വിപ്ലവകാരിയുമായിട്ടാണ്.

പ്രൊഫ.ജി.ബാലകൃഷ്ണൻ നായർ തിരുവനന്തപുരത്ത് മിക്കവാറും ദിവസങ്ങളിൽ പ്രഭാഷണം ചെയ്യും. ഓരോ സ്ഥലങ്ങളിലും വേദാന്തപ്രഭാഷണങ്ങൾ നടത്തിപ്പോന്നിരുന്നു. തികഞ്ഞ കമ്യൂണിസ്റ്റുകാരനായിരുന്ന ബാലകൃഷ്ണൻ നായർ സ്വന്തം മകൻ അരവിന്ദൻ മരിച്ചപ്പോൾ ആത്മീയതയിലേക്കു തിരിയുകയും തുടർന്ന് വേദാന്തശാസ്ത്രം സ്വന്തമായി പഠിക്കുകയും ഉപനിഷത്തിനും ഭഗവദ് ഗീതയ്ക്കും ബ്രഹ്മസൂത്രത്തിനും ഭാഗവതത്തിനും വേദാന്ത ശാസ്ത്ര ഗ്രന്ഥങ്ങൾക്കൊക്കെയും അദ്ദേഹം വ്യാഖ്യാനം എഴുതുകയും ആ ഗ്രന്ഥങ്ങളെക്കുറിച്ചെല്ലാം പ്രഭാഷണ പരമ്പര നടത്തുകയും ചെയ്തിരുന്ന ഒരു കാലഘട്ടമാണത്. തിരുനന്തപുരത്ത് അദ്ദേഹം പ്രഭാഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ ആ പ്രഭാഷണം കേട്ടുകൊണ്ടിരുന്ന ഒരു പത്മാവതിയമ്മ അവിടെയുണ്ടായിരുന്നു. ഡോ.പല്പുവിന്റെ ചെറുമകളാണ് പത്മാവതിയമ്മ.

പത്മാവതിയമ്മ ഗുരുദേവന്റെ ആത്മോപദേശ ശതകം ബാലകൃഷ്ണൻനായരുടെ കൈയ്യിൽ കൊടുത്തിട്ടു പറഞ്ഞു, അങ്ങ് ഇതൊന്നു വായിച്ചിട്ട് അർത്ഥമൊന്നു പറഞ്ഞു തന്നാൽ കൊള്ളാം. ബാലകൃഷ്ണൻ നായർ ആ കൃതി വീട്ടിൽ കൊണ്ടുപോയി വായിച്ചു. അദ്ദേഹത്തിനുണ്ടായിരുന്ന പല സംശയങ്ങൾക്കും പരിഹാരമായി. പിന്നീടദ്ദേഹം ശിവഗിരി മഠത്തിൽ വരികയും ബ്രഹ്മവിദ്യാലയത്തിൽ പഠിപ്പിക്കുകയും ചെയ്തു.

ബാലകൃഷ്ണൻനായർ ശിവഗിരി ബ്രഹ്മവിദ്യാലയത്തിലെ ആചാര്യനായി. സർവ്വമത സമ്മേളനം കഴിഞ്ഞ് ഗുരുദേവൻ തന്നെ ശിലാസ്ഥാപനം നടത്തിയ വിദ്യാലയമാണല്ലോ ശിവഗിരി ബ്രഹ്മവിദ്യാലയം സർവ്വമത പാഠശാല. ഉപനിഷത്തും ഭഗവദ്ഗീതയും വേദാന്തശാസ്ത്രവും ബൈബിളും ഖുർ ആനും ഒക്കെ ഇവിടെ പഠിക്കാനുണ്ട്. അതെല്ലാം പഠിച്ചിട്ടാണ് ഇവിടെയുള്ള ബ്രഹ്മചാരികൾ സംന്യാസം സ്വീകരിക്കുന്നത്. അംഗമായി ചേരുന്നത്. അന്നു ഞങ്ങളെ പഠിപ്പിച്ചിരുന്നവരിൽ ഒരാളായിരുന്നു പ്രൊഫ. ബാലകൃഷ്ണൻ നായർ. മുഖ്യ ആചാര്യനായിരുന്നു.

അദ്ദേഹം പറഞ്ഞു, ഗുരുദേവന്റെ സ്വരൂപത്തെക്കുറിച്ച് ഞാൻ ചിന്തിച്ചിരുന്നില്ല. ഗുരു സാമൂഹിക പരിഷ്കർത്താവ് ആണെന്നും വിപ്ലവകാരിയാണെന്നും ഈഴവ സമുദായത്തിന്റെ ഒരു സ്വാമിയാണെന്നുമാണ് ഞാൻ വിചാരിച്ചിരുന്നത്. അതുകൊണ്ട് ഞാൻ ഗുരുവിനെക്കുറിച്ച് ചിന്തിക്കാനോ പഠിക്കാനോ ശ്രമിച്ചില്ല. പക്ഷെ, ഗുരുവിന്റെ ആത്മോപദേശ ശതകം, നൂറു ശ്ലോകങ്ങളും വായിച്ചുകഴിഞ്ഞപ്പോൾ വേദാന്തശാസ്ത്രം എന്താണെന്ന് തിരിച്ചറിഞ്ഞു. തനിയെ പഠിച്ചതുകൊണ്ട് ഒട്ടേറെ സംശയം എനിക്കുണ്ടായിരുന്നു. ആ സംശയങ്ങൾ എല്ലാം എനിക്കു തീർന്നുകിട്ടി. എന്റെ ഗുരുനാഥനാണ് ആത്മോപദേശ ശതകം എന്നു പറയുകയുണ്ടായി. ശ്രീനാരായണ ഗുരു എന്റെ പരമഗുരുവാണെന്നു അപ്പോൾ എനിക്കു ബോധ്യമായി. അങ്ങനെയാണ് പ്രൊഫ.ജി. ബാലകൃഷ്ണൻ ഗുരുവിന്റെ എല്ലാ കൃതികൾക്കും വ്യാഖ്യാനം എഴുതുന്നത്. ആ പത്തുവാല്യങ്ങൾ ശിവഗിരി മഠത്തിൽ നിന്നും പ്രസാധനം ചെയ്യുമ്പോൾ അതിന് അവതാരിക ആരെക്കൊണ്ടാണ് എഴുതിക്കേണ്ടത് എന്ന ആലോചന വന്നപ്പോൾ അന്ന് ധർമസംഘം പ്രസിഡന്റായിരുന്ന ഗീതാനന്ദസ്വാമി അഴീക്കോടിനെക്കൊണ്ട് എഴുതിക്കാമെന്നു പറഞ്ഞു. ഗീതാനന്ദ സ്വാമി ഒരു സാഹിത്യ ആസ്വാദകനായിരുന്നു. എസ്.കെ. പൊറ്റെക്കാട്ട് അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് 'കവി ഹൃദയമുള്ള സ്വാമി' എന്നാണ്. ശിവഗിരിയിൽ അക്കാലത്തു നടന്ന സാഹിത്യ സമ്മേളനങ്ങളിലെല്ലാം അഴീക്കോട് മാഷിനെ ക്ഷണിച്ചുകൊണ്ടുവരുന്നതിൽ ഏറ്റവും അധികം താല്പര്യം കാണിച്ചിരുന്നത് ഗീതാനന്ദ സ്വാമി ആയിരുന്നു.

(തുടരും)




അറിയാം. ഈ മഹോത്സവത്തിന്റെ ഒരു പ്രധാന ഭാഗം ബീറ്റിംഗ് റിട്രീറ്റ് ആണ്. ഇന്ന്, ഞാൻ നിങ്ങളുമായി ബീറ്റിംഗ് റിട്രീറ്റിനെക്കുറിച്ച് ചർച്ച ചെയ്യുന്നു, ഇതിന് പിന്നിൽ ഒരു പ്രത്യേക കാരണമുണ്ട്.

സുഹൃത്തുക്കളേ,
വ്യത്യസ്ത ബാൻഡുകളുടെ വൈവിധ്യമാർന്ന സംഗീത പാരമ്പര്യങ്ങൾ ഈ ചടങ്ങിൽ പ്രദർശിപ്പിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കാം. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഭാരതീയ സംഗീതത്തിന്റെ ഉൾപ്പെടുത്തൽ വർദ്ധിച്ചു, അത് രാജ്യത്തെ ജനങ്ങൾക്ക് ഇഷ്ടപ്പെടുന്നുണ്ട്. ഈ വർഷത്തെ ബീറ്റിംഗ് റിട്രീറ്റ് ചടങ്ങും വളരെ അവിസ്മരണീയമായിരുന്നു. വ്യോമസേന, കരസേന, നാവികസേന, സിഎപിഎഫ് എന്നിവയുടെ ബാൻഡുകൾ വളരെ മികച്ച പ്രകടനങ്ങൾ നടത്തി.

സുഹൃത്തുക്കളേ,
മികച്ച സംഗീതവും ഉജ്ജ്വലമായ ഫോർമേഷനുകളും കൊണ്ട് ഈ പരിപാടി എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നു. വ്യോമസേനാ ബാൻഡുകൾ, സിന്ദൂർ ഫോർമേഷൻ സൃഷ്ടിച്ചു. നാവികസേനാ ബാൻഡ് മത്സ്യ യന്ത്ര ഫോർമേഷൻ സൃഷ്ടിച്ചു. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തെയും ക്രിക്കറ്റിലെ ഭാരതത്തിന്റെ വിജയത്തെയും കരസേനാ ബാൻഡ് പ്രദർശിപ്പിച്ചു.

സുഹൃത്തുക്കളേ,
ബീറ്റിംഗ് റിട്രീറ്റിന് ശേഷം, ഈ കഠിനാധ്വാനവും നേട്ടവുമെല്ലാം ക്രമേണ മങ്ങിപ്പോകുമായിരുന്നു, പക്ഷേ ഇപ്പോൾ അത് പുനരുജ്ജീവിപ്പിക്കാൻ കാര്യമായ ശ്രമം നടന്നിട്ടുണ്ട്. ബീറ്റിംഗ് റിട്രീറ്റിന്റെ സംഗീതം ആദ്യമായി Waves OTTയിൽ ലഭ്യമാണ്. ഭാവിയിൽ, മറ്റ് പ്ലാറ്റ്‌ഫോമുകളിലും ഇത് ലഭ്യമാകും അത് നിങ്ങൾ കേൾക്കണം. നമ്മുടെ സായുധ സേനയെയും അവരുടെ പാരമ്പര്യങ്ങളെയും കുറിച്ച് നിങ്ങൾക്ക് വളരെ അഭിമാനമുണ്ടാകും.

**കഴിഞ്ഞ കുറച്ച് വർഷങ്ങളായി, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രകൃതി സംരക്ഷണത്തിന്റെ പ്രചോദനാത്മകമായ കഥകൾ ഉയർന്നുവന്നിട്ടുണ്ട്. ഈ കഥകൾ നമുക്ക് പ്രതീക്ഷ നൽകുന്നു, നമ്മളിൽ അഭിമാനം നിറയ്ക്കുന്നു. മൻ കി ബാത്ത് ശ്രോതാക്കളുമായി ചില ഉദാഹരണങ്ങൾ പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. അവ കേൾക്കുന്നത് നിങ്ങൾക്ക് സന്തോഷം നൽകും. ആദ്യം, റാൻ ഓഫ് കച്ചിനെക്കുറിച്ച് സംസാരിക്കാം. മഴ അവസാനിച്ചാലുടൻ, ഈ പ്രദേശം ജീവസ്സുറ്റതാകുന്നു. എല്ലാ വർഷവും ലക്ഷക്കണക്കിന് ഫ്ളമിംഗോകൾ ഇവിടെയെത്തുന്നു. മുഴുവൻ പ്രദേശവും പിങ്ക് നിറത്തിലാണ്, അതിനാൽ ഇവിടം ഫ്ളമിംഗോ സിറ്റിഎന്ന് വിളിക്കപ്പെടുന്നു.**

സുഹൃത്തുക്കളേ,

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രകൃതി സംരക്ഷണത്തിന്റെ പ്രചോദനാത്മകമായ കഥകൾ ഉയർന്നുവന്നിട്ടുണ്ട്. ഈ കഥകൾ നമുക്ക് പ്രതീക്ഷ നൽകുന്നു, നമ്മളിൽ അഭിമാനം നിറയ്ക്കുന്നു. മൻ കി ബാത്ത് ശ്രോതാക്കളുമായി ചില ഉദാഹരണങ്ങൾ പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. അവ കേൾക്കുന്നത് നിങ്ങൾക്ക് സന്തോഷം നൽകും. ആദ്യം, റാൻ ഓഫ് കച്ചിനെക്കുറിച്ച് സംസാരിക്കാം. മഴ അവസാനിച്ചാലുടൻ, ഈ പ്രദേശം ജീവസ്സുറ്റതാകുന്നു. എല്ലാ വർഷവും ലക്ഷക്കണക്കിന് ഫ്ളമിംഗോകൾ ഇവിടെയെത്തുന്നു. മുഴുവൻ പ്രദേശവും പിങ്ക് നിറത്തിലാണ്, അതിനാൽ ഇവിടം ഫ്ളമിംഗോ സിറ്റിഎന്ന് വിളിക്കപ്പെടുന്നു. ഈ പക്ഷികൾ ഇവിടെ കൂടുണ്ടാക്കുകയും കുഞ്ഞുങ്ങളെ വളർത്തുകയും ചെയ്യുന്നു. കച്ചിലെ ജനങ്ങൾ അവയെ ലഖാജി കെ ബാരാതി എന്ന് വിളിക്കുന്നു. ഇപ്പോൾ, ഈ ലക്ഷക്കണക്കിനുള്ള ബാരാതികൾ കച്ചിലെ പരിസ്ഥിതി സംരക്ഷണത്തിന്റെ മനോഹരമായ പ്രതീകമായി മാറിയിരിക്കുന്നു.

സുഹൃത്തുക്കളേ,
മറ്റൊരു കഥ മനുഷ്യരും വന്യജീവികളും തമ്മിലുള്ള സഹകരണത്തെക്കുറിച്ചാണ്. ഇത് ഉത്തർപ്രദേശിൽ നിന്നാണ്. ടെറായി മേഖലയിൽ, വിളവെടുപ്പ് സമയത്ത് ആനക്കൂട്ടങ്ങൾ ഗ്രാമങ്ങളിലേക്ക് വരുന്നു, ഇത് മനുഷ്യവന്യജീവി സംഘർഷ സാധ്യത വർദ്ധിപ്പിക്കുന്നു. എന്നിരുന്നാലും, ഗജ് മിത്രപോലുള്ള ശ്രമങ്ങൾ ഇപ്പോൾ ഉത്തർപ്രദേശിലും ആരംഭിച്ചിട്ടുണ്ട്. ആനകളെ നിരീക്ഷിക്കാൻ ഗ്രാമവാസികൾ ടീമുകൾ രൂപീകരിക്കുന്നു. അവർ യഥാസമയം താമസക്കാർക്ക് മുന്നറിയിപ്പ് നൽകുന്നു. ഇത് ഉത്കണ്ഠ കുറയ്ക്കുകയും പൊതുജനവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സുഹൃത്തുക്കളേ,
മധ്യ ഭാരതത്തിൽ നിന്നും ഒരു സന്തോഷവാർത്തയുണ്ട്. ഛത്തീസ്ഗഢിൽ കൃഷ്ണമൃഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടു. അവയുടെ എണ്ണം ഗണ്യമായി കുറഞ്ഞിരുന്നു, പക്ഷേ നിരന്തരമായ ശ്രമങ്ങൾ അവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്ക് നയിച്ചു. ഇന്ന്, അവ വീണ്ടും തുറസ്സായ സ്ഥലങ്ങളിൽ വിഹരിക്കുന്നത് കാണാം. ഇത് നമ്മുടെ നഷ്ടപ്പെട്ട പൈതൃകത്തിന്റെ തിരിച്ചുവരവാണ്. ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡിന്റെ സംരക്ഷണത്തിലും സമാനമായ പ്രതീക്ഷ ദൃശ്യമാണ്. ഈ പക്ഷി നമ്മുടെ മരുഭൂമി പ്രദേശങ്ങളുടെ ഒരു മുഖമുദ്രയായിരുന്നു. എന്നാൽ ഒരുകാലത്ത് അതിന്റെ എണ്ണം ഗണ്യമായി കുറഞ്ഞു. വംശനാശത്തിന്റെ വക്കിലെത്തിയതിനാൽ സ്ഥിതി വളരെ മോശമായിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ സംരക്ഷണത്തിനായി ഒരു പ്രധാന പ്രചാരണം നടക്കുന്നു. ശാസ്ത്രീയ രീതികൾ സ്വീകരിക്കുന്നു. പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെടുന്നു, പുനഃരുജ്ജീവനത്തിന്റെ തുടക്കം ഇപ്പോൾ ദൃശ്യമാണ്.

സുഹൃത്തുക്കളേ,
പ്രകൃതിയും മനുഷ്യരും വേറിട്ടതല്ല. നമ്മൾ പങ്കാളികളാണ്. നമ്മൾ പ്രകൃതിയെ മനസ്സിലാക്കുകയും, അതിനെ ബഹുമാനിക്കുകയും, അതിനോട് യോജിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ, മാറ്റം വ്യക്തമായി കാണാം. ഇന്ന്, ഈ മാറ്റം രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നും ഒരു പുതിയ പ്രതീക്ഷയായി ഉയർന്നുവരുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
വടക്കുകിഴക്കൻ മേഖല നമുക്കെല്ലാവർക്കും അഷ്ടലക്ഷ്മിയാണ്. ഇവിടെ ധാരാളം സാധ്യതകളുണ്ട്, വടക്കുകിഴക്കിന്റെ പ്രകൃതി സൗന്ദര്യവും എല്ലാവരുടെ യും ശ്രദ്ധ ആകർഷിക്കുന്നു. മൻ കി ബാത്തിൽ, വടക്കുകിഴക്കൻ മേഖലയിലെ ജനങ്ങളുടെ നേട്ടങ്ങളെക്കുറിച്ച് നമ്മൾ പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ട്. ഇന്ന്, അത്തരമൊരു നേട്ടത്തെക്കുറിച്ച് ഞാൻ പറയാം. മുളയുമായി ബന്ധപ്പെട്ട മേഖലകളിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ വിജയം. സുഹൃത്തുക്കളേ, ഒരുകാലത്ത് ഒരു ഭാരമായി കണ്ടിരുന്ന കാര്യങ്ങൾ ഇപ്പോൾ തൊഴിൽ, ബിസിനസ്സ്, നൂതനാശയം എന്നിവയ്ക്ക് പുതിയ പ്രചോദനം നൽകുന്നു. നമ്മുടെ അമ്മമാരും സഹോദരിമാരുമാണ് അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ. മുളയുടെ നിർവചനം മാറ്റുന്നതിലൂടെ എത്ര വലിയ മാറ്റമാണ് സംഭവിച്ചതെന്ന് അറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും. സുഹൃത്തുക്കളേ, ബ്രിട്ടീഷുകാർ നിർമ്മിച്ച നിയമമനുസരിച്ച്, മുള ഒരു മരമായി നിർവചിക്കപ്പെട്ടിരുന്നു, അതുമായി ബന്ധപ്പെട്ട നിയമങ്ങൾ വളരെ കർശനമായിരുന്നു. മുള കൊണ്ടുപോകുന്നത് നിയമപ്രകാരം വളരെ ബുദ്ധിമുട്ടായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ, ഇവിടുത്തെ ആളുകൾ മുളയുമായി ബന്ധപ്പെട്ട ബിസിനസുകളിൽ നിന്ന് അകന്ന് തുടങ്ങി. സുഹൃത്തുക്കളേ, 2017 ൽ നിയമം ഭേദഗതി ചെയ്തുകൊണ്ട്, മരങ്ങളുടെ വിഭാഗത്തിൽ നിന്ന് മുളയെ ഒഴിവാക്കി. അതിന്റെ ഫലങ്ങൾ എല്ലാവരുടെയും മുന്നിലുണ്ട്. ഇന്ന് വടക്കുകിഴക്കൻ മേഖല മുഴുവൻ മുളയുമായി ബന്ധപ്പെട്ട വിപണി തഴച്ചുവളരുകയാണ്. ആളുകൾ നിരന്തരം ഇന്നൊവേഷനിലൂടെ അതിന് മൂല്യവർദ്ധനവ് നടത്തിവരുന്നു.

സുഹൃത്തുക്കളേ,
ത്രിപുരയിലെ ഗോമതി ജില്ലയിലെ ബിജോയ് സൂത്രധറിനെയും ദക്ഷിണ ത്രിപുരയിലെ പ്രദീപ് ചക്രവർത്തിയെയും കുറിച്ച് നമുക്ക് സംസാരിക്കാം. പുതിയ നിയമങ്ങളെ തങ്ങൾക്കുള്ള ഒരു വലിയ അവസരമായി അവർ കണ്ടു. അവർ തങ്ങളുടെ ജോലിയെ സാങ്കേതികവിദ്യയുമായി സംയോജിപ്പിച്ചു. ഇന്ന്, അവർ മുമ്പത്തേക്കാളും മികച്ച ധാരാളം മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. നാഗാലാൻഡിലെ ദീമാപൂരിലും പരിസര പ്രദേശങ്ങളിലും, മുള അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഭക്ഷ്യ ഉൽപന്നങ്ങൾ തയ്യാറാക്കുന്ന നിരവധി സ്വയംസഹായ സംഘങ്ങളുണ്ട്. മുള കൊണ്ടുള്ള ഫർണിച്ചറുകളുമായും കരകൗശല വസ്തുക്കളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഖോറോളോ ക്രിയേറ്റീവ് ക്രാഫ്റ്റ് പോലുള്ള ടീമുകളുണ്ട്.

സുഹൃത്തുക്കളേ,
മിസോറാമിലെ മാമിത് ജില്ലയിൽ, ബാംബൂ ടിഷ്യു കൾച്ചറിലും പോളിഹൗസ് മാനേജ്‌മെന്റിലും പ്രവർത്തിക്കുന്ന ടീമുകളുണ്ട്. സിക്കിമിലെ ഗാങ്ടോക്കിനടുത്തുള്ള ലഗാസ്റ്റൽ ബാംബൂ എന്റർ+=!പ്രൈസ് ടീമിനെക്കുറിച്ചും ഞാൻ അറിഞ്ഞു. അവർ മുളയിൽ നിന്ന് കരകൗശല വസ്തുക്കൾ, അഗർബത്തികൾ, ഫർണിച്ചറുകൾ, ഇന്റീരിയർ ഡെക്കർ ഇനങ്ങൾ എന്നിവനിർമ്മിക്കുന്നു.

സുഹൃത്തുക്കളേ,
ഞാൻ ഇവിടെ കുറച്ച് ഉദാഹരണങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. ഭാരതത്തിലെ മുളവിപണിയിലെ വിജയഗാഥകളുടെ പട്ടിക വളരെ നീണ്ടതാണ്. വടക്കുകിഴക്കൻ മേഖലയിൽ നിന്ന് ഏതെങ്കിലും മുള ഉൽപ്പന്നങ്ങൾ വാങ്ങാൻ ഞാൻ നിങ്ങളെല്ലാവരോടും അഭ്യർത്ഥിക്കുന്നു. നിങ്ങൾക്ക് അത് മറ്റുള്ളവർക്ക് സമ്മാനമായി നൽകാം. മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ അധ്വാനിക്കുന്നവരെ നിങ്ങളുടെ ഈ പ്രവൃത്തി പ്രോത്സാഹിപ്പിക്കും.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്, സാങ്കേതികവിദ്യ നമ്മുടെ ജീവിതത്തിന്റെ വലിയൊരു ഭാഗമായി മാറിയിരിക്കുന്നു. ഇന്ന്, നമ്മുടെ ഭൂതകാലത്തെ വർത്തമാനവുമായി ബന്ധിപ്പിക്കുന്ന സാങ്കേതികവിദ്യയുടെ അത്ഭുതങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുകയാണ്. അടുത്തകാലത്ത് ഈ ദിശയിലൊരു ഒരു വികസനം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആളുകളും ചരിത്രത്തിൽ താൽപ്പര്യമുള്ളവരും വളരെ സന്തോഷത്തിലാണ്. സുഹൃത്തുക്കളേ, കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ ഒരു പ്രത്യേക പോർട്ടലിൽ ഒരു സവിശേഷ ഡാറ്റാബേസ് പങ്കിട്ടു. ഈ സ്ഥാപനംവിലമതിക്കാനാവാത്ത 20 കോടിയിലധികം രേഖകൾ ഡിജിറ്റൈസ് ചെയ്യുകയും പരസ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ ചിലത് വളരെ രസകരമാണ് ഏഴാം നൂറ്റാണ്ടിലെ ഗിൽഗിത് കൈയെഴുത്തുപ്രതികൾ ഭൂർജമരത്തിന്റെ തൊലിയിലാണ് എഴുതിയിരിക്കുന്നത്. എട്ടാം നൂറ്റാണ്ടിലെ കൗതുകമുണർത്തുന്ന ശ്രീ ഭുവാലയ എന്ന ഗ്രന്ഥവും ഇവിടെ കാണാം. സംഖ്യകളെ അടിസ്ഥാ




നമാക്കിയുള്ള ഈ ഗ്രന്ഥം ഒരു ഗ്രിഡിന്റെ രൂപത്തിലാണ്. റാണി ലക്ഷ്മിബായിയുമായി ബന്ധപ്പെട്ട ചില പ്രധാന കത്തുകളും നിങ്ങൾക്ക് ഇവിടെ കാണാം. 1857ൽ അവർ എടുത്ത ചില തീരുമാനങ്ങൾ ഇവ വെളിപ്പെടുത്തുന്നു , അത് അവരുടെ ധീരതയെ സ്പഷ്ടമാക്കുന്നു. നേതാജി സുഭാഷിന്റെ ആരാധകർക്ക്, നേതാജിയുടെ ജീവിതം, ആസാദ് ഹിന്ദ് ഫൗജ്, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിരവധി രേഖകൾ ഉണ്ട്. പണ്ഡിറ്റ് മദൻ മോഹൻ മാളവ്യയുമായി ബന്ധപ്പെട്ട നിരവധി രേഖകളും നിങ്ങൾക്ക് കാണാം. ബനാറസ് ഹിന്ദു സർവകലാശാലയുടെ സ്ഥാപനവുമായും ഹിന്ദി സാഹിത്യ സമ്മേളനവുമായും ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. നമ്മുടെ ഭരണഘടനാ നിർമ്മാണസഭയുമായി ബന്ധപ്പെട്ട നിരവധി അതുല്യമായ രേഖകളും ഇവിടെ ലഭ്യമാണ്. www.abhilekhpatal.in സന്ദർശിക്കാൻ ഞാൻ നിങ്ങളെല്ലാവരോ ടും അഭ്യർത്ഥിക്കുന്നു. ഇത് നിങ്ങൾക്ക് ചരിത്രവുമായി ബന്ധപ്പെട്ട വിസ്മയങ്ങൾ നൽകും.

സുഹൃത്തുക്കളേ,

നിങ്ങൾ ലോകമെമ്പാടുമുള്ള ഏറ്റവും കഴിവുള്ള ആളുകളുടെ നടുവിലാണ് എന്ന് സങ്കൽപ്പിക്കുക. നിങ്ങളുടെ മുന്നിൽ വളരെ ബുദ്ധിമുട്ടുള്ള ഗണിതശാസ്ത്ര പ്രശ്നങ്ങളുണ്ട്. അവ പരിഹരിക്കാൻ നിങ്ങൾക്കുള്ള സമയം നാലര മണിക്കൂർ മാത്രം. അതായത് സമയം വളരെ പരിമിതമാണ്, മത്സരം അന്താരാഷ്ട്ര തലത്തിലുള്ളതും വളരെ കഠിനവുമാണ്. അത്തരമൊരു സാഹചര്യത്തിൽ പരിഭ്രാന്തി തോന്നുന്നത് വളരെ സ്വാഭാവികമാണ്. എന്നാൽ ഇത്തരമൊരു അവസരത്തിൽ, നമ്മുടെ പെൺമക്കൾ മികച്ച പ്രകടനം കാഴ്ചവച്ചു. ഈ മാസം ആദ്യം, ഫ്രാൻസിലെ ബോർഡോയിൽ യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡ് നടന്നു. ഗണിതശാസ്ത്രത്തിൽ അതീവ താല്പര്യമുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്കുള്ള ഒരു പ്രധാന മത്സരമായിരുന്നു ഇത്. ലോകത്തിലെ ഏറ്റവും പ്രമുഖമായ മത്സരങ്ങളിൽ ഒന്ന്. ഈ ഒളിമ്പ്യാഡിൽ നമ്മുടെ പെൺമക്കൾ അവരുടെ എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവച്ചു. ഈ ടീമിനെക്കുറിച്ച് ഞാൻ വളരെ അഭിമാനിക്കുന്നു. മുംബൈയിൽ നിന്നുള്ള ശ്രേയ മുന്ധ്ഡ, തിരുവനന്തപുരത്ത് നിന്നുള്ള സഞ്ജന ചാക്കോ, ചെന്നൈയിൽ നിന്നുള്ള ശിവാനി ഭരത് കുമാർ, കൊൽക്കത്തയിൽ നിന്നുള്ള ശ്രീമോയി ബേര എന്നിവരായിരുന്നു അതിൽ ഉൾപ്പെട്ടിരുന്നത്. നമ്മുടെ ടീം ലോകത്ത് ആറാം സ്ഥാനത്തെത്തി. സ്വർണ്ണ മെഡൽ നേടി ശ്രേയ ചരിത്രം സൃഷ്ടിച്ചു, സഞ്ജന വെള്ളി മെഡൽ നേടി, ശിവാനി വെങ്കല മെഡൽ നേടി. സുഹൃത്തുക്കളേ, ഈ ഒളിമ്പ്യാഡിലേക്കുള്ള ഭാരതത്തിലെ സെലക്ഷൻ അത്യന്തം മത്സരാധിഷ്ഠിതമാണ്. മേഖല, സംസ്ഥാന, ദേശീയ തലങ്ങളിലെ വെല്ലുവിളികളെ അതിജീവിക്കേണ്ടതുണ്ട്. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥിനികൾ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലെ ഹോമി ഭാഭ സെന്റർ ഫോർ സയൻസ് എഡ്യൂക്കേഷനിൽ നടക്കുന്ന ഒരു മാസം നീണ്ടുനിൽക്കുന്ന ഗണിത പരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നു. ഈ ക്യാമ്പിന്റെ അവസാനം ഒരു ടീം സെലക്ഷൻ ടെസ്റ്റ്, നടത്തുകയും അതിലെ പ്രകടനത്തെ അടിസ്ഥാനമാക്കി ഇന്ത്യൻ ടീമിനെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

**നിങ്ങൾ ലോകമെമ്പാടുമുള്ള ഏറ്റവും കഴിവുള്ള ആളുകളുടെ നടുവിലാണ് എന്ന് സങ്കൽപ്പിക്കുക. നിങ്ങളുടെ മുന്നിൽ വളരെ ബുദ്ധിമുട്ടുള്ള ഗണിതശാസ്ത്ര പ്രശ്നങ്ങളുണ്ട്. അവ പരിഹരിക്കാൻ നിങ്ങൾക്കുള്ള സമയം നാലര മണിക്കൂർ മാത്രം. അതായത് സമയം വളരെ പരിമിതമാണ്, മത്സരം അന്താരാഷ്ട്ര തലത്തിലുള്ളതും വളരെ കഠിനവുമാണ്. അത്തരമൊരു സാഹചര്യത്തിൽ പരിഭ്രാന്തി തോന്നുന്നത് വളരെ സ്വാഭാവികമാണ്. എന്നാൽ ഇത്തരമൊരു അവസരത്തിൽ, നമ്മുടെ പെൺമക്കൾ മികച്ച പ്രകടനം കാഴ്ചവച്ചു. ഈ മാസം ആദ്യം, ഫ്രാൻസിലെ ബോർഡോയിൽ യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡ് നടന്നു. ഗണിതശാസ്ത്രത്തിൽ അതീവ താല്പര്യമുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്കുള്ള ഒരു പ്രധാന മത്സരമായിരുന്നു ഇത്.**

സുഹൃത്തുക്കളേ,

എല്ലാ വർഷവും, രാജ്യത്തുടനീളമുള്ള ഏകദേശം ആറ് ലക്ഷം വിദ്യാർത്ഥികൾ ഈ ഗണിത ഒളിമ്പ്യാഡ് പ്രോഗ്രാമിൽ പങ്കെടുക്കുന്നു. ഈ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, അതായത് ഒളിമ്പ്യാഡ് സംസ്കാരം രാജ്യത്തിന്റെ പെൺമക്കൾക്കിടയിൽ കൂടുതൽ പ്രചാരത്തിലായിക്കൊണ്ടിരിക്കുകയാണ് എന്നർത്ഥം. പ്രതിഭാധനരായ ഈ പെൺമക്കളെ പിന്തുണയ്ക്കുന്ന അവരുടെ മാതാപിതാക്കളെയും ഞാൻ അഭിനന്ദിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നമ്മുടെ രാജ്യത്ത് ഇപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാമ്പെയ്ൻ നടക്കുന്നുണ്ട്, അതിനെക്കുറിച്ച് ഓരോ ഭാരതീയനും അറിഞ്ഞിരിക്കണം. ഇതാണ് സെൻസസ് കാമ്പെയ്ൻ; ലോകത്തിലെ ഏറ്റവും വലിയ സെൻസസാണിത്. സുഹൃത്തുക്കളേ, ഈ പ്രക്രിയയിലൂടെ ഇതിനകം കടന്നുപോയവർക്ക്, ഇത്തവണ സെൻസസ് അനുഭവം വ്യത്യസ്തമായിരിക്കും. സെൻസസ് 2027, ഡിജിറ്റലാക്കിയിരിക്കുന്നു. എല്ലാ വിവരങ്ങളും നേരിട്ട് ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്തുന്നു. വീടുതോറുമെത്തുന്ന സെൻസസ് പ്രവർത്തകരുടെ പക്കൽ ഒരു മൊബൈൽ ആപ്പ് ഉണ്ട്. നിങ്ങളോട് സംസാരിച്ചതിന് ശേഷം അവർ അതിൽ വിവരങ്ങൾ രേഖപ്പെടുത്തും. സുഹൃത്തുക്കളേ, ഇത്തവണ സെൻസസിൽ നിങ്ങളുടെ പങ്കാളിത്തം എളുപ്പമാക്കിയിരിക്കുന്നു; നിങ്ങൾക്ക് സ്വയം നിങ്ങളുടെ വിവരങ്ങൾ നൽകാം. സെൻസസ് പ്രവർത്തകർ വരുന്നതിന് 15 ദിവസം മുമ്പ് ഈ സൗകര്യം നിങ്ങൾക്കായി തുറക്കും. നിങ്ങളുടെ സൗകര്യത്തിനനുസരിച്ച് വിവരങ്ങൾ നൽകാം. നിങ്ങൾ പ്രക്രിയ പൂർത്തിയാക്കുമ്പോൾ, നിങ്ങൾക്ക് ഒരു പ്രത്യേക ഐഡി ലഭിക്കും. ഈ ഐഡി നിങ്ങളുടെ മൊബൈലിലോ ഇമെയിലിലോആണ് വരുന്നത്. പിന്നീട്, സെൻസസ് പ്രവർത്തകർ നിങ്ങളുടെ വീട് സന്ദർശിക്കുമ്പോൾ, ഈ ഐഡി കാണിച്ചുകൊണ്ട് നിങ്ങൾക്ക് വിവരങ്ങൾ പരിശോധിക്കാൻ കഴിയും. ഇത് വീണ്ടും വിവരങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത ഇല്ലാതാക്കുന്നു. ഇത് സമയം ലാഭിക്കുകയും പ്രക്രിയ ലളിതമാക്കുകയും ചെയ്യുന്നു. സുഹൃത്തുക്കളേ, സെൻസസ് പൂർത്തിയായ സംസ്ഥാനങ്ങളിൽ, സെൻസസ് പ്രവർത്തകർ വീടുകളുടെ പട്ടികയുണ്ടാക്കുന്ന നടപടി ആരംഭിച്ചു. ഇതുവരെ, ഏകദേശം ഒരു കോടി 20 ലക്ഷം കുടുംബങ്ങളുടെ, വീട് പട്ടികപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി. സുഹൃത്തുക്കളേ, രാജ്യത്തിന്റെ സെൻസസ് ഒരു സർക്കാർ നടപടി മാത്രമല്ല. അത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്. നിങ്ങളുടെ പങ്കാളിത്തം നിർണായകമാണ്. നിങ്ങൾ നൽകുന്ന വിവരങ്ങൾ പൂർണ്ണമായും സുരക്ഷിതമാണ്. അവ രഹസ്യമായി സൂക്ഷിക്കുന്നതും ഡിജിറ്റൽ മാർഗ്ഗങ്ങളാൽ സംരക്ഷിക്കപ്പെടുന്നതുമാണ്. വരൂ, നമുക്ക് ഈ പ്രക്രിയയിൽ പങ്കെടുക്കാം. സെൻസസ് 2027 വിജയകരമാക്കൂ.

സുഹൃത്തുക്കളേ,

നമ്മുടെ രാജ്യത്തിന്റെ ഭക്ഷണ പാരമ്പര്യം രുചിയിൽ മാത്രം ഒതുങ്ങുന്നതല്ല. ഭാരതീയ ചീസ് ഈ പാരമ്പര്യത്തിന്റെ രസകരമായ ഒരു ഭാഗമാണ്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ഞാൻ ട്വീറ്റിലൂടെ വിവരങ്ങൾ പങ്കുവെച്ചിരുന്നു. ബ്രസീലിൽ നടന്ന ഒരു അന്താരാഷ്ട്ര ചീസ് മത്സരത്തിൽ രണ്ട് ഇന്ത്യൻ ചീസ് ബ്രാൻഡുകൾക്ക് അവാർഡുകൾ ലഭിച്ചു. ഈ നേട്ടം സോ ഷ്യൽ മീഡിയയിൽ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. ഇന്ത്യൻ ചീസിന്റെ വൈവിധ്യവും ചർച്ച ചെയ്യണമെന്ന് പലരും എന്നോട് പറഞ്ഞു.

സുഹൃത്തുക്കളേ,

ഭാരതത്തിന്റെ ക്ഷീര മേഖല ഗണ്യമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിലെ മൂല്യവർദ്ധനവ് നമ്മുടെ പരമ്പരാഗത രുചികൾക്ക് ഒരു പുതിയ ഐഡന്റിറ്റി നൽകി. ഇന്ന്, ഇന്ത്യൻ ചീസ് ആഗോളതലത്തിൽ അതിന്റെ കീർത്തിമുദ്ര പതിപ്പിക്കുന്നു. പ്രഭാതഭക്ഷണത്തിനോ ഉച്ചഭക്ഷണത്തിനോ അത്താഴത്തിനോ ആകട്ടെ, ഭാരതത്തിന്റെ രുചി ലോകരാജ്യങ്ങളിലെ പ്ലേറ്റുകളിൽ എത്തുകയാണ്. ജമ്മു കശ്മീരിലെ കലാരി ചീസ് എടുക്കുക ഇത് കാശ്മീരിലെ മൊസറെല്ലഎന്നറിയപ്പെടുന്നു. ഗുജ്ജാർബക്കർവാൾ സമുദായം തലമുറകളായി ഇത് ഉണ്ടാക്കുകയും കഴിക്കുകയും ചെയ്യുന്നു. അതേസമയം, സിക്കിം, അരുണാചൽ പ്രദേശ്, ലഡാക്ക് എന്നിവിടങ്ങളിൽ ചുർപ്പി വളരെ ജനപ്രിയമാണ്. മലനിരകളുടെ ലാളിത്യവും സൗമ്യതയും അതിന്റെ രുചിയിൽ പ്രകടമാണ്. ഈ ചീസിന്റെ പ്രത്യേകത ഇത് യാക്കിന്റെ പാലിൽ നിന്നാണ് നിർമ്മിക്കുന്നത് എന്നതാണ്.

സുഹൃത്തുക്കളേ,

മഹാരാഷ്ട്രയിലും ഗുജറാത്തിലും, സുർത്തി ചീസ്എന്ന് അറിയപ്പെടുന്ന ടോപ്ലി നു പനീറിന്അതിന്റേതായ ഒരു പ്രത്യേക രുചിയുണ്ട്. ഞാൻ ഇവിടെ കുറച്ച് പേരുകൾ മാത്രമേ പരാമർശിച്ചിട്ടുള്ളൂ, നമ്മുടെ രാജ്യത്ത് രുചികളുടെ ലോകം വളരെ വിശാലമാണ്. ഇന്ന്, ഈ രുചി പാരമ്പര്യം നവോന്മേഷം നേടുകയാണ്. നിരവധി ഭാരതീയ കമ്പനികൾ ഈ മേഖലയിൽ നിക്ഷേപം നടത്തുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നു, പാക്കേജിംഗ് മെച്ചപ്പെടുന്നു, ലോക നിലവാരത്തിലേയ്ക്ക് നമ്മുടെ ഉൽപ്പന്നങ്ങൾ എത്തുന്നു. ഇന്ത്യൻ ചീസ് ഇപ്പോൾ രാജ്യത്തിന്റെ അതിർത്തികൾ കടന്ന് ആഗോള വിപണികളിലേക്കും ലോകോത്തര റെസ്റ്റോറന്റുകളിലേക്കും എത്തുന്നു. ഇന്ന്, നമ്മൾ ലോക്കൽ ടു ഗ്ലോബൽ എന്നതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, ഇന്ത്യൻ ചീസിന്റെ ഉദാഹരണം നമുക്ക് മാർഗ്ഗദർശകമാണ്. ഭാരത്തിന്റെ രുചി, ഭാരതപാരമ്പര്യം, ഭാരതത്തിന്റെ ഗുണനിലവാരം എന്നിവ ലോകമെമ്പാടുമുള്ള ആളുകൾക്ക് ഒരു പുതിയ അനുഭവം നൽകുകയും ഭാരതവുമായി ഒരു പുതിയ അടുപ്പംഅതുവഴി സൃഷ്ടിക്കുകയും ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,


ഈ മാസം, പുതുവത്സരം ഉൾപ്പെടെ നിരവധി ഉത്സവങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ആഘോഷിച്ചു. കുറച്ച് ദിവസങ്ങൾക്കുള്ളിൽ, മെയ് 9 ന്, പോച്ചിശെ ബോയ്ശാഖിന്റെ വേളയിൽ അതായത് വൈശാഖമാസത്തിലെ 25ാം ദിവസംനമ്മൾ ഗുരുദേവ് ടാഗോറിന്റെ ജന്മദിനം ആഘോഷിക്കും. ഗുരുദേവ് ഒരു ബഹുമുഖ വ്യക്തിത്വമായിരുന്നു. മികച്ച എഴുത്തുകാരനും ചിന്തകനും മാത്രമല്ല, നിരവധി പ്രശസ്ത സ്ഥാപനങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. സുസ്ഥിരമായ തൊഴിൽ നൽകുകയും ഗ്രാമങ്ങൾക്ക് ഗുണം ചെയ്യുകയും ചെയ്യുന്ന വ്യവസായങ്ങൾക്ക് വേണ്ടി ഗുരുദേവ്ടാഗോർ വാദിച്ചു. അദ്ദേഹത്തിന്റെ രബീന്ദ്ര സംഗീതം ലോകമെമ്പാടും പ്രതിധ്വനിക്കുന്നു.

ശാന്തിനികേതനിലേക്കുള്ള എന്റെ സന്ദർശനങ്ങൾ അവിസ്മരണീയമായിരുന്നു. അദ്ദേഹം പൂർണ്ണ സമർപ്പണത്തോടെ വളർത്തിയെടുത്ത സ്ഥാപനമാണിത്. അദ്ദേഹത്തിന് എന്റെ എളിയ ശ്രദ്ധാഞ്ജലി. സുഹൃത്തുക്കളേ, മെയ് മാസം,1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെയും ഓർമ്മിപ്പിക്കുന്നു. ജനങ്ങളിൽ ദേശസ്നേഹം ഉണർത്തിയ ഭാരതമാതാവിന്റെ എല്ലാ ധീരപുത്രന്മാരെയും ഞാൻ നമിക്കുന്നു. സ്കൂൾ കുട്ടികൾ അവരുടെ അവധിക്കാലം പരമാവധി ആസ്വദിക്കാനും പുതിയ എന്തെങ്കിലും പഠിക്കാനും ശ്രമിക്കേണ്ട സമയമാണിത്. ഈ വേനൽക്കാലത്ത്, നിങ്ങൾ എല്ലാവരും നിങ്ങളുടെ ആരോഗ്യത്തെക്കുറിച്ച് നല്ലവണ്ണം ശ്രദ്ധിക്കണം. അടുത്ത മാസം ചില പുതിയ വിഷയങ്ങളും പുതിയ നേട്ടങ്ങളുമായി നമുക്ക് വീണ്ടും ഒത്തുചേരാം. വളരെ നന്ദി.

# ജ്ഞാനസൗരഭ്യം ചൊരിഞ്ഞ

## ഗുരു മുനി നാരായണപ്രസാദ്





ഫലം കഷ്ടവും സങ്കടവും ദുരിതവുമാണെന്ന് പ്രസാദ് ആ പ്രായത്തിൽ തന്നെ തിരിച്ചറിഞ്ഞിരുന്നു. ഒപ്പമുള്ളവർ പെട്ടെന്ന് ചലനമില്ലാത്തവരാകുന്നു. അവർ മരിച്ചുവെന്ന് പറയുന്നു. കുറച്ചു കഴിയുമ്പോൾ അവരെ കുഴിച്ചിടുന്നു. ചില പ്രാർത്ഥനകൾ നടത്തുന്നു. അതോടെ അവർ ഒരോർമയായി മാറുന്നു. അവർ എവിടേക്കാണ് പോയത്.

ആ ബാലമനസ്സിൽ അതൊരു ചോദ്യമായി അങ്ങനെ നീറിക്കിടന്നു. മൂന്നു കുട്ടികളെ സംരക്ഷിക്കേണ്ടുന്ന ചുമതല മാധവനെക്കൊണ്ട് സാധിക്കില്ലായെന്ന് മനസ്സിലാക്കിയ വീട്ടുകാരും സുഹൃത്തുക്കളും കൂടി ചേർന്ന് മറ്റൊരു വിവാഹം ചെയ്യിപ്പിച്ചു. അപ്പോഴേക്കും മാധവന് അമ്പതിനടുത്തു പ്രായവും ഉണ്ടായിരുന്നു. ഭാര്യയ്ക്ക് ഏതാണ്ട് പകുതി പ്രായം മാത്രം. മക്കളെ വളർത്തുക എന്നതു മാത്രമായിരുന്നു ലക്ഷ്യം.

ശ്രീനാരായണഗുരു ജീവിതത്തിലേക്കു കടന്നുവരുന്നത് സമാധി ഓർമ്മയായിട്ടാണ്. അന്ന് എല്ലാവരും കറുത്ത ബാഡ്ജ് നെഞ്ചിൽ കുത്തിയാണ് ആ ദിനം ആചരിച്ചിരുന്നത്. അച്ഛനിൽ നിന്നും ശ്രീനാരായണ ഗുരുവിനെക്കുറിച്ചറിഞ്ഞു. അച്ഛന്റെ ദേശമാണ് വക്കം. പല പ്രാവശ്യവും ശ്രീനാരായണ ഗുരു അവിടെ വരികയും മൂന്നു ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തത് അച്ഛനിൽ നിന്നുമാണ് അറിഞ്ഞത്. അച്ഛനോടൊപ്പം ശിവഗിരിയിലേക്കു പോയി. അഞ്ചു കിലോമീറ്റർ നടന്ന് ആലങ്കോടെത്തി, അവിടെ നിന്നും ബസ്സിൽ ശിവഗിരിയിലേക്ക്. ശാരദാമന്ദിരത്തിന്റെ പടിക്കെട്ടുകളിൽ ഇരുന്നും കിടന്നും പ്രഭാഷണങ്ങൾ കേട്ടു. രാത്രിയുറക്കം കൊച്ചച്ചന്റെ ഭാര്യാവീട്ടിലായിരുന്നു. ശ്രീനാരായണഗുരുവിന്റെ ചിത്രം ആലേഖനം ചെയ്ത ഒരു തകിട്. അത് ബാഡ്ജായി നെഞ്ചിൽ കുത്തിയിരുന്നു. ഉച്ചഭാഷിണി ഇല്ലായിരുന്നതിനാൽ പ്രധാന പ്രസംഗകൻ പറയുന്നത് കേൾവിയകലത്തിൽ നിന്നും മറ്റൊരാൾ ഏറ്റുപറയുമായിരുന്നു. സി.

**ശ്രീനാരായണഗുരു ജീവിതത്തിലേക്കു കടന്നുവരുന്നത് സമാധി ഓർമ്മയായിട്ടാണ്. അന്ന് എല്ലാവരും കറുത്ത ബാഡ്ജ് നെഞ്ചിൽ കുത്തിയാണ് ആ ദിനം ആചരിച്ചിരുന്നത്. അച്ഛനിൽ നിന്നും ശ്രീനാരായണ ഗുരുവിനെക്കുറിച്ചറിഞ്ഞു. അച്ഛന്റെ ദേശമാണ് വക്കം. പല പ്രാവശ്യവും ശ്രീനാരായണഗുരു അവിടെ വരികയും മൂന്നു ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തത് അച്ഛനിൽ നിന്നുമാണ് അറിഞ്ഞത്. അച്ഛനോടൊപ്പം ശിവഗിരിയിലേക്കു പോയി. അ ഞ്ചു കിലോമീറ്റർ നടന്ന് ആലങ്കോടെത്തി, അവിടെ നിന്നും ബസ്സിൽ ശിവഗിരിയിലേക്ക്. ശാരദാമന്ദിരത്തിന്റെ പടിക്കെട്ടുകളിൽ ഇരുന്നും കിടന്നും പ്രഭാഷണങ്ങൾ കേട്ടു.**



കേശവനെയും ടി.എം.വറുഗീസിനെയും അച്ഛൻ ചൂണ്ടിക്കാട്ടി. അവിടെ നടന്ന പ്രസംഗങ്ങൾ എന്താണെന്നു മനസ്സിലായില്ലെങ്കിലും അതിലെല്ലാം ശ്രീനാരായണഗുരു ഉണ്ടായിരുന്നതായി പ്രസാദ് മനസ്സിലാക്കി. ആ വർഷമാണ് ഗാന്ധിജി വെടിയേറ്റു മരിച്ചത്. ഒരാഴ്ചയോളം നാട്ടിൻപുറങ്ങളിൽപോലും സങ്കടം നിറഞ്ഞിരുന്നു. സാധാരണക്കാർ കറുത്ത തുണിക്കഷ ണം നെഞ്ചിൽ കുത്തിയാണ് തങ്ങളുടെ ദുഃഖം പ്രകടിപ്പിച്ചത്.

എം.എൻ. പ്രസാദിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം കിളിമാനൂർ ആർ.ആർ.വി. ഹൈസ്കൂളിൽ ആയിരുന്നു. കിളിമാനൂർ കൊട്ടാരത്തിന്റേതായിരുന്നു ആ സ്കൂൾ. അതുകൊണ്ടു തന്നെ അതിന്റെ വലിപ്പവും പ്രൗഢിയും അവിടെ പ്രകടമായിരുന്നു. സ്കൂളിലെ ചെറിയ കുട്ടികളിൽ ഒരാളായിരുന്നു പ്രസാദ്. സ്കൂളിന്റെ രജത ജൂബിലി വർഷം. ആഘോഷത്തിൽ പ്രധാനിയായി പങ്കെടുത്തത് ഡോ.പി. നടരാജനാണ്. നോട്ടീസ് വായിച്ച അച്ഛൻ പറഞ്ഞു, ഡോ.പി. നടരാജൻ ശ്രീനാരായണഗുരുവിന്റെ ഏറ്റവും പണ്ഡിതനായ ശിഷ്യനാണ്. ഈ അടുത്ത സമയത്ത് അദ്ദേഹം അമേരിക്കയിൽ നിന്നും വന്നതേയുള്ളൂ. ശ്രീനാരായണഗുരുവും നടരാജനും. ആ രണ്ടു പേരുകൾ കൂട്ടിച്ചേർത്തു പറഞ്ഞപ്പോൾ അതിലൊരു സന്തോഷം പ്രസാദിന് അനുഭവപ്പെട്ടു. ഏറ്റവും പണ്ഡിതനായ ശിഷ്യൻ എന്നതാകാം അത്തരത്തിലൊരു സന്തോഷത്തിലേക്ക് നയിച്ചത്.

അറുപതാം വയസ്സിൽ മാധവൻ സർവ്വീസിൽ നിന്നും പിരിഞ്ഞു. അമ്പത്തിയഞ്ചാം വയസ്സിൽ പെൻഷനോടെ വിരമിക്കാം. അല്ലായെങ്കിൽ പെൻഷൻ ഇല്ലാതെ അറുപതാം വയസ്സിലും. കുട്ടികൾ വളർന്നുവരുന്നതിനാലും ചെലവുകൾ കൂടുതലായിരുന്നതിനാലും അഞ്ചുവർഷം കൂടി ജോലി ചെയ്തതിനുശേഷമാണ് മാധവൻ സർവ്വീസിൽ നിന്നും വിരമിച്ചത്.

എം.എൻ. പ്രസാദ് ഉയർന്ന മാർക്കോടെ എസ്.എസ്.എൽ.സി. പാസ്സായി. നാലു ഫസ്റ്റ് ക്ലാസുകാരിൽ ഒരാൾ. കോളേജ് വിദ്യാഭ്യാസം തുടരണമെന്ന് ആഗ്രഹിച്ചുവെങ്കിലും അച്ഛന് സ്ഥിരവരുമാനം ഇല്ലാതിരുന്നതിനാൽ ആ ശ്രമം ഉപേക്ഷിച്ചു. വായനയും ലോകവും പ്രസാദിനു മുന്നിൽ തുറന്നു. അച്ഛനോടൊപ്പം മിക്ക സാംസ്കാരിക സമ്മേളനങ്ങളിലും മതസമ്മേളനങ്ങളിലും പോകുമായിരുന്നു. കുമാരനാശാന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുക്കുന്നതിനായി ഇരുപതു കിലോമീറ്റർ നടന്നാണ് കായിക്കരയിൽ എത്തിയത്. മറ്റു മതപ്രഭാഷണങ്ങൾ നടക്കുന്നിടത്തും പോകുമായിരുന്നു. പ്രസാദും അത്യാവശ്യം പ്രസംഗിക്കും എന്നതും നട്ടറിവായി.

അച്ഛന്റെ ഒരു ബന്ധു മരുതൻവിളാകത്തു കുഞ്ഞുകൃഷ്ണൻ വക്കത്ത് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നുണ്ടായിരുന്നു. അച്ഛന്റെ സമ്മതത്തോടെ അവിടെ ചേർന്നു. പ്രസാദിന് എം.കെ. കുഞ്ഞുകൃഷ്ണന്റെ കൂടെ താമസിക്കുവാനുള്ള അവസരം ലഭിച്ചു. അവിടെ വച്ചാണ് ജയചന്ദ്രപ്പണിക്കരെ (നിത്യചൈതന്യയതി) ആദ്യമായി കാണുന്നത്. നടരാജ ഗുരുവിന്റെ ശിഷ്യനായ ജയചന്ദ്രൻ കുഞ്ഞുകൃഷ്ണന്റെ അതിഥിയാണ്. പ്രസാദും കൂട്ടുകാരും അയൽപ്പക്കത്തുള്ള കുട്ടികളും കൂടി ചേർന്നപ്പോൾ അവിടെ ഒരു ബാലലോകം രൂപപ്പെട്ടു. ജയചന്ദ്രപ്പണിക്കർ അവരുടെ അദ്ധ്യാപകനായി. അദ്ദേഹത്തിൽ നിന്നും ജ്ഞാനത്തിന്റെ പാഠങ്ങൾ കേട്ടതോടെ പ്രസാദ് കൂടുതൽ വായനയിലേക്കു പ്രവേശിച്ചു.

ആ വർഷമാണ് നാരായണ ഗുരുവിന്റെ ജന്മശതാബ്ദി ആഘോഷം വർക്കലയിൽ നടക്കുന്നത്. നാരായണ ഗുരുകുലത്തെ സാമ്പത്തികമായി സഹായിക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ പല ബാച്ചുകളിലായി കുഞ്ഞുകൃഷ്ണൻ പിരിവിന് അയച്ചു. അവർ വീടുകൾ കയറിയിറങ്ങി. ഇരുപത്തിയഞ്ചു പൈസ മുതൽ ഒരണ വരെ കിട്ടി. അതെല്ലാം സമാഹരിച്ചു ആ തുക അദ്ദേഹം ഗുരുകുലത്തിൽ എത്തിച്ചു.

പഠനം ഏതാണ്ട് പൂർത്തിയാകാറായപ്പോൾ കുഞ്ഞുകൃഷ്ണൻ പ്രസാദിനെ ഒരു ദൗത്യം ഏല്പിച്ചു. നടരാജഗുരുവിന് ഒരു ക്ഷേത്രത്തിന്റെ പ്ലാൻ വേണം. എങ്ങനെയൊക്കെ അതു വേണമെന്ന് ഗുരു പറഞ്ഞു തരും. പ്രസാദ് അത് വരച്ചുകൊടുക്കണം. കൺവൻഷൻ തുടങ്ങുന്നതിന്റെ തലേദിവസം പ്രസാദ് ഗുരുകുലത്തിലെത്തി. ആദ്യമായി ഗുരുകുലത്തിൽ എത്തുകയാണ്. ഷീറ്റൊക്കെയിട്ട കുടിൽ സമാനമായ കെട്ടിടം. ആ ഒരു കെട്ടിടം മാത്രമെ അന്ന് അവിടെ ഉണ്ടായിരുന്നുള്ളു. ചെറിയ ഒരിടം പ്രസാദിനും ലഭിച്ചു. ഒരാഴ്ചക്കാലം കൂട്ടുകാരനുമായി അവിടെ കഴിഞ്ഞു. നടരാജഗുരുവിന്റെ ക്ലാസുകളൊക്കെ കേട്ടു. ഒഴിവു സമയങ്ങളിൽ നടരാജഗുരു ക്ഷേത്രസങ്കല്പം വിവരിക്കും. അതൊക്കെ വരയിലാക്കുവാൻ പ്രസാദും കൂട്ടുകാരനും കൂടി ശ്രമിച്ചു. ക്ഷേത്രത്തിന്റെ മാതൃക വരച്ചിട്ട് അവർ സ്ഥാപനത്തിലേക്കു മടങ്ങി. രണ്ടുമാസം കഴിഞ്ഞപ്പോൾ പ്രസാദ് വീണ്ടും ഗുരുകുലത്തിലെത്തി.

ബ്രഹ്മവിദ്യാമന്ദിരം എന്നത് നടരാജഗുരുവിന്റെ സ്വപ്നപദ്ധതിയായിരുന്നു. അതിനാവശ്യമായ സ്ഥലം ശ്രീനിവാസറാവു എന്നൊരാൾ സൗജന്യമായി നൽകിയിരുന്നു. അവിടം മൊട്ടക്കുന്നായിരുന്നു. അവിടെ പോയി കോൺടൂർ സർവ്വേ നടത്തണം. വിദ്യാമന്ദിരം നിർമ്മിക്കുന്നതിന്റെ ഭാഗമായി എവിടെയെല്ലാം, എങ്ങനെയെല്ലാം മല നിരപ്പാക്കണം എന്നാണ് തീരുമാനിക്കേണ്ടത്. ആ യാത്രയോടെ നടരാജഗുരുവുമായി പ്രസാദ് കുറച്ചുകൂടി അടുത്തു പരിചയപ്പെട്ടു. ആദ്യത്തെ അകൽച്ച രണ്ടാമത്തെ യാത്രയോടെ ഇല്ലാതെയായി. ഇതിനോടകം സ്ഥാപനത്തിന്റെ ഉടമ വർക്കലയിൽ വീടും സ്ഥലവും വാങ്ങിയിരുന്നു.

പിറ്റേവർഷം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ബ്രാഞ്ച് വർക്കലയിൽ തുടങ്ങി. ഗുരുകുലത്തിന്റെ സ്ഥലത്താണ് അത് ആരംഭിച്ചത്. 'നാടരാജഗുരു പോളിടെക്നിക്ക്' എന്നാണ് അതിനു പേരിട്ടത്. പ്രസാദ് അവിടെ അദ്ധ്യാപകനാകുമ്പോൾ പ്രായം പതിനേഴു വയസ്സു മാത്രം. ഇതിനിടയിൽ സർക്കാർ പരീക്ഷ എഴുതി വിജയിച്ചു. എഞ്ചിനീയറിംഗ് സെക്ഷനിൽ ആവിശ്യത്തിന് ആളില്ലാത്തതിനാൽ ഒമ്പതു മാസത്തെ പ്രത്യേക ട്രെയിനിംഗ് നടത്തി ഒരു ബാച്ചിനെ പി.എസ്.സി. വഴി തെരഞ്ഞെടുത്തപ്പോൾ അക്കൂട്ടത്തിൽ പ്രസാദും ഉണ്ടായിരുന്നു. കൊച്ചച്ചന്റെ വീട്ടിലായിരുന്നു താമസം. മറ്റൊരിടം കണ്ടെത്തണമെന്ന് കൊച്ചച്ചൻ പറഞ്ഞപ്പോൾ എന്തുകൊണ്ട് ഗുരുകുലത്തിലായിക്കൂടാ എന്നായി. അന്ന് ഗുരുകുലത്തിലെ കാര്യങ്ങളെല്ലാം നോക്കുന്നത് മംഗളാനന്ദസ്വാമി ആയിരുന്നു. മംഗളാനന്ദസ്വാമിയുടെ മനസ്സിലും അതിനോടകം പ്രസാദ് ഇടം പിടിച്ചിരുന്നു. അതോടെ പ്രസാദ് ഗുരുകുലത്തിൽ താമസമാക്കി.

മകൻ വിവാഹം കഴിച്ചുകാണണമെ ന്ന് പിതാവ് ആഗ്രഹിച്ചു. എന്നാൽ അത്തരമൊരു കാര്യത്തെക്കുറിച്ച് പ്രസാദ് ഒരിക്കൽപോലും ചിന്തിച്ചിരുന്നില്ല. വിവാഹമില്ലാതെയും ജീവിക്കാം എന്ന പക്ഷക്കാരനായിരുന്നു. അച്ഛന്റെ ജീവിതം പരാജയമായിരുന്നു. പല വിവാഹങ്ങൾ ചെയ്തിട്ടും കുടുംബസുഖം എന്തെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. എന്നും ബുദ്ധിമുട്ടും പ്രയാസവും ആ കുടുംബ ത്തെ വരിഞ്ഞുമുറുക്കിയിരുന്നു. പല മരണങ്ങളിലൂടെ കടന്നുപോയ വീട്. കുടും ബം എന്ന ചിന്തയോട് ഏതാണ്ടൊരു വിരക്തിയാണ് പ്രസാദിലുണ്ടാക്കിയത്. പിതാവിന്റെ താല്പര്യപ്രകാരം ഗുരുകുലത്തിലെ അദ്ധ്യാപകരും നടരാജഗുരുവും വിവാഹക്കാര്യം പ്രസാദിനോടു പറഞ്ഞുവെങ്കിലും അക്കാര്യത്തിൽ ഒരു ശ്രദ്ധയും അദ്ദേഹം കാണിച്ചില്ല. പിന്നെയാരും നിർബന്ധിച്ചുമില്ല.

മദ്ധ്യപ്രദേശ് സെക്കണ്ടറി എഡ്യുക്കേഷൻ ഇന്റർമീഡിയേറ്റിന് പോസ്റ്റൽ ട്യൂഷൺ നടത്തുന്നുവെന്നറിഞ്ഞപ്പോൾ അതിനു ചേർന്നു. മദ്രാസിലുള്ള

# ജ്ഞാനസൗരഭ്യം ചൊരിഞ്ഞ

## ഗുരു മുനി നാരായണപ്രസാദ്





കൃഷ്ണ ട്യൂട്ടോറിയൽ കോളേജാണ് അതുമായി ബന്ധപ്പെട്ട സ്ഥാപനം. നോട്ട്സുകൾ വായിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ ട്യൂട്ടോറിയൽ അദ്ധ്യാപകരോടൊപ്പം മദ്ധ്യപ്രദേശിൽ പോയി പരീക്ഷ എഴുതി. ആദ്യത്തെ ഉത്തരേന്ത്യൻ യാത്രയായിരുന്നു അത്.

പ്രസാദ് ഗുരുകുലത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെട്ടും സഹകരിച്ചും അവിടുത്തെ അന്തേവാസിയായി. അങ്ങനെ കഴിയവെയാണ് തിരുവനന്തപുരത്തേക്കു സ്ഥലം മാറ്റം ലഭിക്കുന്നത്. അതോടെ ഗുരുകുലത്തിലെ പല കാര്യങ്ങളും സമയത്ത് ചെയ്തു തീർക്കാൻ കഴിയാതെയായി. സർക്കാർ ജോലിയോടും മടുപ്പു തോന്നി. അവധിക്ക് അപേക്ഷിച്ചുവെങ്കിലും നിരസ്സിക്കപ്പെട്ടു. ഒടുവിൽ ജോലി രാജിവച്ച് ഗുരുകുലത്തിലേക്കു മടങ്ങി. ഇനി ഇവിടം കൊണ്ടു ജീവിച്ചാൽ മതിയെന്നായി.

1963ൽ ബ്രഹ്മവിദ്യാലയത്തിന്റെ തറക്കല്ലിടീൽ മഹോത്സവമായി നടന്നു. നിരപ്പാക്കിയ കുന്നിൻനിറുകയിൽ എത്തിച്ചേരാൻ താല്ക്കാലിക പടികൾ ഉണ്ടാക്കി. പടികളുടെ ഇരുവശത്തും കണ്ടഓലകൊണ്ട് കൈവരി ഉണ്ടാക്കി. മുംബൈയിലെ വ്യവസായിയും നിത്യചൈതന്യയതിയുടെ സുഹൃത്തും ആദ്ധ്യാത്മിക കാര്യങ്ങളിൽ താല്പരനുമായ ഹരികിഷൺദാസ് അഗർവാളാണ് തറക്കല്ലിട്ടത്. എട്ട് അടി നീളവും ആറ് അടി വീതിയുമുള്ള ഒരു കൊച്ചുമുറി കെട്ടിയുണ്ടാക്കി. ആസ്ബറ്റോസ് ഷീറ്റിട്ട മേൽക്കൂര. ഭിത്തിയോടു ചേർന്ന് ജനലിന്റെ താഴെയായി പലകകൾ ഉറപ്പിച്ച മേശ. അത് ജനൽപാളിയായും ഉപയോഗിക്കാം. രണ്ടു കട്ടിലും ഒരു മേശയും. നടരാജഗുരു അവിടെ താമസമാക്കി. ഇന്നു കാണുന്ന സവിശേഷതകളോടുകൂടിയ വലിയ ലൈബ്രറിയുടെ തുടക്കമായിരുന്നു അത്.

**ഒഴിവുകിട്ടുമ്പോൾ ബുക് ഷോപ്പുകൾ സന്ദർശിക്കുക ശീലമായി. കൂടുതൽ സമയമെടുത്ത് അവിടെയുള്ള ബുക്കുകൾ പരിശോധിക്കും. ചില പേജുകൾ അവിടെ നിന്നുതന്നെ വായിക്കും. ഒടുവിൽ ഇഷ്ടപ്പെട്ട ഒന്നുരണ്ടു ബുക്കുകൾ വാങ്ങിക്കും. ഓരോ സന്ദർശനം കഴിയുമ്പോഴും ബുക്കുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. മുറിയുടെ ഭിത്തി തുളച്ച് ക്ലാമ്പ് ഉറപ്പിച്ച് അതിൽ ചെറിയ പലകകൾ നിരത്തി ഷെൽഫ് ഉണ്ടാക്കി ബുക്കുകൾ അതിൽ നിരത്തി. അതൊരു കൗതുകവും കാഴ്ചയുമായിരുന്നു. ഒരുവേള നടരാജഗുരു മുറിയിൽ വന്നു. ബുക്കുകൾ പരിശോധിച്ചു. 'പ്രസാദിന്റെ സെലക്ഷൻ കൊള്ളാമല്ലോ' എന്നഭിപ്രായപ്പെട്ടു. ഗുരു തന്നെ അംഗീകരിച്ച ദിനംകൂടിയായിരുന്നു അത്.**

വർഷത്തിൽ രണ്ടുപ്രാവശ്യം നടരാജഗുരു വർക്കലയിൽ എത്തും. ഒന്നു ജൂൺ മാസത്തിലാണ്. പുതിയതായി ചേർന്ന കുട്ടികളെ കാണുവാനാണ്. അവരെ കാണുമ്പോൾ, സംസാരിക്കുമ്പോൾ ഗൗരവം മാഞ്ഞുപോകും. നടരാജഗുരുതന്നെ നട്ടുവളർത്തിയ മാവ് അപ്പോഴേക്കും കായ്ച്ചിട്ടുണ്ടാവും. അതു പറിച്ച് പൊട്ടിച്ച് കുട്ടികൾക്ക് നൽകും. അദ്ദേഹവും തിന്നും. മിക്കവാറും



രണ്ടാഴ്ച കഴിയുമ്പോഴേക്കും അദ്ദേഹം അവിടെ നിന്നും യാത്രയാകും. പിന്നീട് വരുന്നത് ഡിസംബറിന്റെ അവസാനത്തിലാണ്. ഗുരുകുല കൺവൻഷന്റെ സമയം. ആളും അർത്ഥവും ഉള്ള നാളുകൾ. പലദേശങ്ങളിൽ നിന്നും പണ്ഡിതന്മാരും സാധാരണക്കാരും എത്തിച്ചേരും. പരിമിതികളൊന്നും വരുന്നവരുടെ വിഷയമായിരുന്നില്ല. പിറ്റേവർഷം ചെറിയ കെട്ടിടത്തിനു മുന്നിലായി കൺവൻഷൻ പന്തലുണ്ടായി. പിന്നീടതിന്റെ വശങ്ങൾ കാട്ടുകല്ലുകൾ നിരത്തി സിമന്റ് ഇട്ടു ഉറപ്പിച്ചതോടെ അതും നീളത്തിലുള്ള മുറിയായി.


നടരാജഗുരു ഉണ്ടെങ്കിൽ ഗുരുകുലം അഞ്ചുമണിക്ക് ഉണരും. മംഗളാനന്ദസ്വാമിയും നിത്യചൈതന്യയതിയും അപ്പോഴേക്കും അവിടെ എത്തിയിട്ടുണ്ടാവും. കുട്ടികളും തയ്യാറായിട്ടുണ്ടാവും. പ്രസാദ് ചായ ഉണ്ടാക്കി എല്ലാവർക്കും നൽകും. നടരാജഗുരു കുട്ടികൾക്ക് ബിസ്കറ്റ് വിതരണം ചെയ്യുന്നതോടെ ക്ലാസുകൾ ആരംഭിക്കുകയായി. മംഗളാനന്ദ സ്വാമിയും നിത്യചൈതന്യയതിയും ഉണ്ടെങ്കിൽ ആ ക്ലാസുകൾ അവർക്കുവേണ്ടിയുള്ളതാകും. വിഷയം ഗൗരവമാകും. നടരാജഗുരു ഗൗരവക്കാരനുമാകും. ആധ്യാത്മികതയുടെ അതുവരെയില്ലാത്തെ പടവുകളിലൂടെയുള്ള സഞ്ചാരമായിരിക്കും ആ ക്ലാസുകൾ. കുട്ടികൾ മാത്രമാണെങ്കിൽ അവർക്ക് ഇണങ്ങുന്ന രീതിയിലാണ് ക്ലാസുകൾ. ലോകകാര്യങ്ങളും ഗുരുകുലവും ബ്രഹ്മവിദ്യാലയുമൊക്കെയാണ് അപ്പോഴത്തെ വിഷയം.

തന്റെ ഗുരുക്കന്മാരെല്ലാം വലിയ വിദ്യാഭ്യാസം ഉള്ളവരാണ്. തനിക്കും പഠിക്കണം. ബി.എയ്ക്കു ചേരണം. അതിനുള്ള അന്വേഷണമായി. എല്ലാ കോളെജുകളിലും റെഗുലർ ക്ലാസുകൾ മാത്രം. അങ്ങനെയിരിക്കവെ പത്രത്തിൽ നിന്നും ഡൽഹി യൂണിവേഴ്സിറ്റി കറസ്പോണ്ടൻസ് കോഴ്സ് ആരംഭിക്കുന്നുവെന്നറിഞ്ഞു. ഇംഗ്ലീഷ് പൊളിറ്റിക്കൽ സയൻസും ഇക്കണോമിക്സുമാണ് വിഷയം. രണ്ടിനോടും താല്പര്യമില്ലായെങ്കിലും ഡിഗ്രിക്കാരനാകണം എന്ന ആഗ്രഹത്തിൽ അതിനു ചേരാൻ തീരുമാനിച്ചു. വിഷയം നടരാജഗുരുവിന്റെ അടുത്തെത്തി. 'പ്രസാദിന് ഡിഗ്രിയാണോ വേണ്ടത്, അറിവാണോ?' അറിവ് മതിയെന്നായി. 'അതിനുള്ള വഴി ഇവിടുത്തെ പഠനത്തിലൂടെ പ്രസാദിന് ലഭിക്കും' എന്നായി. അതോടെ അതുവരെ ഉണ്ടായിരുന്ന ആകുലതയും പ്രയാസങ്ങളും മാറി. ഉള്ളിൽ മാറാല തീർത്ത സംശങ്ങൾക്കും വിരാമമായി. മനസ്സിപ്പോൾ പ്രശാന്തമായ താഴ്വരയാണ്. നടരാജഗുരു പ്രസാദിനെ ചേർത്തു നിർത്തി. നടരാജഗുരു പ്രസാദിന് 1967ൽ ബ്രഹ്മചര്യദീക്ഷ നൽകി. പേരിനു മാറ്റം കൂടാതെ തന്നെയാണ് ബ്രഹ്മചര്യം നൽകിയത്. എം.എൻ. എന്നത് 'മുനി നാരായണ'നെന്നായി. 'മുനിയായ നാരായണഗുരുവിന്റെ പ്രസാദം' എന്നു വ്യാഖ്യാനിക്കുകയും ചെയ്തു. താടി വളർന്നു തുടങ്ങിയ പ്രസാദ് എപ്പോഴും താടി ചൊറിഞ്ഞുകൊണ്ടിരിക്കും. ഇതു കണ്ട് 'പ്രസാദിനു' താടി വേണ്ടായെന്നായി.

എങ്ങനെയാണ് വിഷയങ്ങളെ സമീപിക്കേണ്ടതെന്നും; പാഠങ്ങൾ പഠിക്കേണ്ടതെന്നും പുതിയ ആശയങ്ങളെ എങ്ങനെയാണ് സ്വാംശീകരിക്കേണ്ടതെന്നും ഗുരുവിൽ നിന്നും അറിഞ്ഞുതുടങ്ങി. പഠിക്കാനിരിക്കുമ്പോൾ ഒരു നോട്ട് ബുക്ക് ഉണ്ടാവണം. പുസ്തകത്തിന്റെ പേര്, ഗ്രന്ഥകർത്താവിന്റെയും പ്രസാധകന്റെയും പേരുവിവരങ്ങൾ, പ്രസിദ്ധീകരിച്ച വർഷം എല്ലാം ആമുഖമായി എഴുതണം. വായിച്ചു തുടങ്ങുമ്പോൾ സംശയമുള്ള വാക്കുകളുടെ അർത്ഥം മനസ്സിലാക്കുന്നതിനായി ഡിക്ഷ്നറി കൈയ്യെത്തുന്ന അകലത്തിൽ ഉണ്ടാവണം. ഡിക്ഷ്നറി ഓഫ് ഫിലോസഫിയും ഉണ്ടെങ്കിൽ കാര്യങ്ങൾ എളുപ്പമായി. എല്ലാ പുസ്തകങ്ങളും ആദ്യാവസാനം വായിക്കണമെന്നില്ല. വിഷയങ്ങളുടെ വിവരപ്പട്ടികയിൽ നിന്നും ഇൻഡെക്സിൽ നിന്നും കാര്യങ്ങളെക്കുറിച്ച് വ്യക്തതയുണ്ടാകും. അപ്പോൾ ആവശ്യമുള്ള ഭാഗങ്ങൾ മാത്രം വായിച്ചാൽ മതിയാകും. നോട്ടുകൾ എഴുതുന്നതിനനുസരിച്ച് ബുക്കിന്റെ ഒടുവിൽ വിഷയസൂചനയുടെ തലവാചകങ്ങൾ നൽകണം. ഒടുവിൽ അത് അകാരാദിക്രമത്തിലാക്കുന്നതോടെ വിഷയം പെട്ടെന്നു കണ്ടെത്താനും കഴിയും. നടരാജഗുരുവിൽ നിന്നും ലഭിച്ച ഈ അറിവ് പ്രസാദിലെ ജ്ഞാനാന്വേഷിയെ തൃപ്തിപ്പെടുത്തിക്കൊണ്ടിരുന്നു.

ഒഴിവുകിട്ടുമ്പോൾ ബുക് ഷോപ്പുകൾ സന്ദർശിക്കുക ശീലമായി. കൂടുതൽ സമയമെടുത്ത് അവിടെയുള്ള ബുക്കുകൾ പരിശോധിക്കും. ചില പേജുകൾ അവിടെ നിന്നുതന്നെ വായിക്കും. ഒടുവിൽ ഇഷ്ടപ്പെട്ട ഒന്നുരണ്ടു ബുക്കുകൾ വാങ്ങിക്കും. ഓരോ സന്ദർശനം കഴിയുമ്പോഴും ബുക്കുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. മുറിയുടെ ഭിത്തി തുളച്ച് ക്ലാമ്പ് ഉറപ്പിച്ച് അതിൽ ചെറിയ പലകകൾ നിരത്തി ഷെൽഫ് ഉണ്ടാക്കി ബുക്കുകൾ അതിൽ നിരത്തി. അതൊരു കൗതുകവും കാഴ്ചയുമായിരുന്നു. ഒരുവേള നടരാജഗുരു മുറിയിൽ വന്നു. ബുക്കുകൾ പരിശോധിച്ചു. 'പ്രസാദിന്റെ സെലക്ഷൻ കൊള്ളാമല്ലോ' എന്നഭിപ്രായപ്പെട്ടു. ഗുരു തന്നെ അംഗീകരിച്ച ദിനംകൂടിയായിരുന്നു അത്.

1967 ജനുവരി 25 പ്രസാദിനെ സംബന്ധിച്ചിടത്തോളം സങ്കടത്തിന്റെ ദിനമായിരുന്നു. മംഗളാനന്ദസ്വാമി മരിച്ച ദിവസം. അന്ന് അദ്ദേഹം പത്തനാപുരത്തിനടുത്ത് പിറവൂരിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് മരണം കടന്നുചെന്നത്. അദ്ദേഹം കുഴഞ്ഞു വീണു. അവിടെവച്ചുതന്നെ മരിച്ചു. നാരായണഗുരുവിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് തനിക്കു മരണം സംഭവിക്കേണ്ടതെന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു. നടരാജഗുരു കോഴിക്കോട് കണ്ണാശുപത്രിയിൽ ചികിത്സയിലാണ്. മംഗളാനന്ദസ്വാമിയുടെ ഭൗതികശരീരം മാനേജർ മനോഹരൻ ഗുരുകുലത്തിൽ കൊണ്ടുവന്നു. പിന്നീട് അയാളെ അവിടെയെങ്ങും ആരും കണ്ടില്ല. എല്ലാ കാര്യങ്ങളും പ്രസാദ് ഏറ്റെടുത്തു നടത്തി. 'ശ്രീനാരായണഗുരു സ്മൃതിയിൽ' പറയുന്ന പ്രകാരം മംഗളാനന്ദസ്വാമിയെ അടക്കം ചെയ്തു. അവിടെ ഒരു മാവിൻ തൈയും നട്ടു. ഡൽഹിയിൽ നിന്നും നിത്യചൈതന്യയതിയും ബാംഗ്ലൂരിൽ നിന്നും ജോൺ സ്പീഴേസും വന്നു. അധികം വൈകാതെ അവർ തങ്ങളുടെ ഉത്തരവാദിത്വത്തിലേക്കു മടങ്ങി. യാത്ര യാകുന്നതിനു മുമ്പ് ഗുരുകുലത്തിന്റെ താക്കോൽ നിത്യ ചൈതന്യയതി പ്രസാദിനെ ഏല്പിച്ചുകൊണ്ട് 'ഇത് പ്രസാദിന്റെ നിയോഗമാണ്' എന്നു പറയുകയുണ്ടായി. അതോടെ ബ്രഹ്മചാരി ഗുരുകുലത്തിന്റെ മേൽനോട്ടക്കാരനായി.



നടരാജഗുരു നാരായണഗിരിയിൽ (ബ്രഹ്മവിദ്യാലയം) വിശ്രമിക്കുമ്പോൾ ബ്രഹ്മചാരി ഒപ്പമുണ്ടാകും. അങ്ങനെയുള്ള സന്ദർഭത്തിലാണ് ഗുരുദേവകൃതികളെ കൂടുതലായി പരിചയപ്പെടുത്തുക. 'ദൈവദശകം' അച്ഛനിൽ നിന്നാണ് ആദ്യം കേട്ടതെങ്കിൽ

# ജ്ഞാനസൗരഭ്യം ചൊരിഞ്ഞ


# ഗുരു മുനി നാരായണപ്രസാദ്






















അതിന്റെ ആഴവും പരപ്പും തിരിച്ചറിഞ്ഞത് നടരാജഗുരുവിൽ നിന്നുമാണ്. താൻ വായിച്ച ദൈവദശകമല്ലല്ലോ ഇപ്പോൾ താൻ അറിയുന്ന ദൈവദശകം. ഗുരുവിലൂടെ അതിനു വ്യാഖ്യാനമുണ്ടായപ്പോൾ അത് എത്രയോ ശ്രേഷ്ഠമായിട്ടാണ് ബ്രഹ്മചാരിക്ക് അനുഭവപ്പെട്ടത്.

1970ൽ ആണ് ഏഴുമലയിൽ നടരാജഗുരുവിന്റെ നേതൃത്വത്തിൽ ലോക സമാധാന സമ്മേളനം നടന്നത്. അതുമായി ബന്ധപ്പെട്ട എല്ലാ ഓഫീസ് വർക്കുകളും ബ്രഹ്മചാരി നിർവ്വഹിച്ചു. സമ്മേളനത്തിന്റെ ഒരു സെഷനിൽ 'യോഗ ഇൻ എതിക്സ്' എന്ന വിഷയത്തിൽ ഒരു പ്രബന്ധം അവതരിപ്പിക്കണമെന്ന് ഗുരു ശിഷ്യനോടു പറഞ്ഞു. എഴുതേണ്ടത് ഇംഗ്ലീഷിലാണ്. ആത്മോപദേശശതകം 21 മുതൽ 25 വരെയുള്ള ശ്ലോകം ആധാരമാക്കിയാണ് എഴുതേണ്ടതെന്നും നിർദ്ദേശിച്ചു. ഇംഗ്ലീഷിൽ അതുവരെ ബ്രഹ്മചാരി എഴുതിയിട്ടില്ല. കാര്യം മനസ്സിലാക്കി ഗുരു എഴുതാൻ നിർദ്ദേശിക്കുകയും തെറ്റുണ്ടെങ്കിൽ തിരുത്താമെന്നും പറഞ്ഞു. ബ്രഹ്മചാരി ഗുരുവിന്റെ നിർദ്ദേശം സ്വീകരിച്ചു. 'ചിലയിടത്ത് ആർട്ടിക്കൾ മാറി' എന്നതല്ലാതെ മറ്റൊരു പിഴവും ഇല്ലെന്നായി. അതോടെ ബ്രഹ്മചാരി എഴുത്തുവഴിയിലേക്കു പ്രവേശിച്ചു. പിറ്റേ വർഷം ശാസ്താംകോട്ടയിൽ ലോകസർവ്വമത സമ്മേളനം നടന്നപ്പോഴും അതിന്റെ പ്രധാന കാര്യക്കാരിൽ ഒരാളായി.

**1970ൽ ആണ് ഏഴുമലയിൽ നടരാജഗുരുവിന്റെ നേതൃത്വത്തിൽ ലോകസമാധാന സമ്മേളനം നടന്നത്. അതുമായി ബന്ധപ്പെട്ട എല്ലാ ഓഫീസ് വർക്കുകളും ബ്രഹ്മചാരി നിർവ്വഹിച്ചു. സമ്മേളനത്തിന്റെ ഒരു സെഷനിൽ 'യോഗ ഇൻ എതിക്സ്' എന്ന വിഷയത്തിൽ ഒരു പ്രബന്ധം അവതരിപ്പിക്കണമെന്ന് ഗുരു ശിഷ്യനോടു പറഞ്ഞു. എഴുതേണ്ടത് ഇംഗ്ലീഷിലാണ്. ആത്മോപദേശശതകം 21 മുതൽ 25 വരെയുള്ള ശ്ലോ കം ആധാരമാക്കിയാണ് എഴുതേണ്ടതെന്നും നിർദ്ദേശിച്ചു. ഇംഗ്ലീഷിൽ അതുവരെ ബ്രഹ്മചാരി എഴുതിയിട്ടില്ല. കാര്യം മനസ്സിലാക്കി ഗുരു എഴുതാൻ നിർദ്ദേശിക്കുകയും തെറ്റുണ്ടെങ്കിൽ തിരുത്താമെന്നും പറഞ്ഞു. ബ്രഹ്മചാരി ഗുരുവിന്റെ നിർദ്ദേശം സ്വീകരിച്ചു. 'ചിലയിടത്ത് ആർട്ടിക്കൾ മാറി' എന്നതല്ലാതെ മറ്റൊരു പിഴവും ഇല്ലെന്നായി. അതോടെ ബ്രഹ്മചാരി എഴുത്തു വഴിയിലേക്കു പ്രവേശിച്ചു.**

ഗുരുകുലത്തിന്റെ പ്രതീക്ഷ നിത്യ ചൈതന്യയതിയിലായിരുന്നു. എന്നാൽ ഗുരുകുലത്തിന് നിത്യ ചൈതന്യയതിയെ കിട്ടാറില്ല. എപ്പോഴും അദ്ദേഹം യാത്രയിലും പ്രഭാഷണത്തിലുമായിരുന്നു. അല്ലെങ്കിൽ ഊട്ടിയിലോ വിദേശത്തോ ആയിരിക്കും. അതിൽ നടരാജഗുരുവിന് നീരസം ഉണ്ടായിട്ടുണ്ട്. അങ്ങനെയാണ് ഗുരു ബ്രഹ്മചാരിയെ ഇഷ്ടപ്പെടാൻ തുടങ്ങിയത്. എന്തിനും ഏതിനും ബ്രഹ്മചാരി വേണം എന്ന തോന്നൽ ബലപ്പെട്ടു. നിത്യ ചൈതന്യയതി ഉള്ളപ്പോഴും കാര്യങ്ങളെല്ലാം പറയുന്നതും ചെയ്യിപ്പിക്കുന്നതും ബ്രഹ്മചാരിയെക്കൊണ്ടാണ്. നിത്യ ചൈതന്യയതിക്ക് ഇത് ഇഷ്ടമായില്ല. നിത്യനിലെ മാറ്റം നടരാജഗുരുവും തിരിച്ചറിഞ്ഞു. ഒരിക്കൽ നടരാജഗുരു ബ്രഹ്മചാരിയോടു പറഞ്ഞു, 'കാരണമില്ലാതെയും ഒരാൾക്ക് മാപ്പു ചോദിക്കാം'. ആകാമെന്ന് ബ്രഹ്മചാരിയും. 'എങ്കിൽ നീപോയി നിത്യനോട് മാപ്പു പറയണം' എന്നായി. ബ്രഹ്മചാരി ഒരു മടിയും കൂടാതെ നിത്യചൈതന്യയതിയുടെ കാലിൽ തൊട്ടു നമസ്കരി ച്ചുകൊണ്ട് മാപ്പു പറഞ്ഞു. ആ സംഭവം നിത്യന്റെ ഉള്ളുലച്ചു. അതോടെ നിത്യനിലെ അകൽച്ച മാറി.

മംഗളാനന്ദസ്വാമിയുടെ വിയോഗത്തോടെ ഗുരുപരമ്പരയുടെ പിൻഗാമികളിൽ രണ്ടാമനും നഷ്ടമായി. ആദ്യ ത്തെ ആൾ ജോൺ സ്പീയേഴ്സ് ആയിരുന്നു. മൂന്നാമത്തെ ആൾ ഗുരു നിത്യചൈതന്യയതിയും. ജോൺ



സ്പീയേഴ്സ് ആശ്രമം വിട്ടു. നിത്യചൈതന്യയതി മാത്രം പരമ്പരയുടെ ഭാഗമായി അവശേഷിച്ചു. മറ്റൊരാളെക്കൂടി പരമ്പരയുടെ അവകാശിയായി ചേർക്കണമെന്ന് നടരാജഗുരു നിശ്ചയിച്ചു. അങ്ങനെയാണ് പ്രായത്തിൽ കുറവുള്ള ബ്രഹ്മചാരി എം.എൻ. പ്രസാദ് ആ പരമ്പരയിലെ രണ്ടാമനാകുന്നത്.

ഒരേ ഘട്ടത്തിൽ നടരാജഗുരുവിന്റെയും നിത്യ ചൈതന്യയതിയുടെയും ശിഷ്യനാകുവാൻ മുനി നാരായണ പ്രസാദിനു കഴിഞ്ഞു. ജ്ഞാനഗുരുക്കളുടെ ശിക്ഷണത്തിൽ മുനി അറിവുകൾ ആർജ്ജിച്ചു. നടരാജഗുരു ജ്ഞാനം കൊണ്ട് പ്രസിദ്ധനാണ്. നിത്യ ചൈതന്യയതി ജ്ഞാനത്തോടൊപ്പം സ്നേഹസൗഹൃദത്തിലൂടെയും ഖ്യാതി നേടി. മുനി നാരായണ പ്രസാദ് നടരാജ ഗുരുവിനെയാണ് പിൻതുടർന്നത്. പെട്ടെന്നുള്ള സൗഹൃദം അദ്ദേഹത്തിന് ഇണങ്ങുന്നതായിരുന്നില്ല. അതുകൊണ്ടുതന്നെ 'പ്രസാദ് സ്വാമി മനുഷ്യപ്പറ്റില്ലാത്ത ആളാണെന്ന്' ചിലരെങ്കിലും കരുതുകയും പറയുകയും ചെയ്തു. സംസാരിച്ചുതുടങ്ങിയാൽ ആ പറച്ചിൽ അസ്ഥാനത്താകുകയും ചെയ്തിരുന്നു.

ഗുരുകുലത്തിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. ഒരു ഘട്ടത്തിലത് നാല്പതും കടന്നു. അവരുടെ കാര്യങ്ങളെല്ലാം നോക്കി നടത്തിയിരുന്നത് മുനി നാരായണപ്രസാദ് ആയിരുന്നു. മംഗളാനന്ദസ്വാമിയുടെ പേരിൽ പ്രിന്റിംഗ് പ്രസ് ആരംഭിച്ചപ്പോൾ അതിന്റെ ചുമതലയും വഹിക്കേണ്ടിവന്നു. അച്ചു നിരത്തു മുതൽ പ്രൂഫ് വായനവരെ നടത്തി. മുടങ്ങി കിടന്ന 'ഗുരുകുലം' മാസിക വീണ്ടും പ്രസിദ്ധീകരിച്ചു തുടങ്ങി. അവയ്ക്കുവേണ്ടിയും 'വാല്യൂസ്' എന്ന ഇംഗ്ലീഷ് മാസികയ്ക്കുവേണ്ടിയും ആവശ്യമായ ലേഖനങ്ങൾ മലയാളത്തിലേക്കും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യുന്ന ജോലി നിർവ്വഹിച്ചിരുന്നത് മംഗളാനന്ദസ്വാമിയും ബ്രഹ്മചാരിയും കൂടിയായിരുന്നു. മംഗളാനന്ദസ്വാമി നിർത്തിയിടത്തുനിന്നും മുനി നാരായണപ്രസാദ് ആ ജോലിയും തുടർന്നു. അതിൽ പ്രധാനം ആത്മോപദേശ ശതകത്തിന്റെ വ്യാഖ്യാനവും 'വേഡ് ഓഫ് ദ ഗുരു'വിന്റെ വിവർത്തനവുമായിരുന്നു.

ഗുരുകുലം മാസികയിൽ നിത്യ ചൈതന്യയതി 'ഭാരതീയദർശന ചരിത്രം' എന്നൊരു പംക്തി എഴുതുന്നുണ്ടായിരുന്നു. നാലഞ്ചു ലക്കങ്ങൾ എഴുതി കഴിഞ്ഞപ്പോൾ താൻ ഇനി അത് എഴുതുന്നില്ലായെന്നും മുനി നാരായണപ്രസാദ് അത് തുടരണമെന്നും പറഞ്ഞു. ആദ്യമൊന്ന് അമ്പരന്നുവെങ്കിലും ഗുരുവിന്റെ വാക്കുകൾ നിരാകരിക്കാൻ കഴിയാത്തതിനാൽ ആ ലേഖന പരമ്പര തുടർന്നു. മുനി നാരായണപ്രസാദ് എഴുതിയ ആദ്യ ലക്കം കണ്ടിട്ട് 'ഇത് ഞാൻ എഴുതുന്നതുപോലെയുണ്ട്' തുടർന്ന് എഴുതിക്കൊള്ളാൻ പറഞ്ഞു. അതൊരു പ്രോത്സാഹനമായിരുന്നു. രണ്ടുപേരുടെയും പേരാണ് അതിനു നൽകിയിരുന്നത്. എന്നാൽ അത് വേണ്ടായെന്നും സ്വന്തം പേരിൽ തന്നെ എഴുതിയാൽ മതിയെന്നും നിർദ്ദേശിച്ചു.

നടരാജഗുരു വിദേശത്തായിരുന്നപ്പോൾ നിത്യചൈതന്യയതി അദ്ദേഹത്തിന്റെ നവീന വിദ്യാഭ്യാസ സമ്പ്രദായത്തിന് ഇണങ്ങുന്ന തരത്തിലുള്ള ഒരു സ്കൂൾ ആരംഭിച്ചു. കെ.ജി.ക്ലാസും ഒന്നാം ക്ലാസും മാത്രമായിരുന്നു ആരംഭത്തിൽ. അതിനാവശ്യമായ അദ്ധ്യാപകരെയും നിയമിച്ചു. നിത്യ ചൈതന്യയതി തന്റെ ദൗത്യവുമായി യാത്രയായപ്പോൾ അതിന്റെ നടത്തിപ്പും മുനി നാരായണ പ്രസാദിലായി. അത് ഭാരമായിത്തീർന്നു. സാമ്പത്തിക ഞെരുക്കം മാത്രമല്ല, അവിടെ ജോലി ചെയ്യുന്നവരും മുനിയെ ബുദ്ധിമുട്ടിലാക്കി. ആ അവധിക്ക് നടരാജഗുരു ഗുരുകുലത്തിലെത്തിയപ്പോൾ തന്നെ കാര്യങ്ങൾ എല്ലാം മനസ്സിലാക്കി. ഗുരുകുലത്തിന് ഒരു സ്കൂൾ വേണ്ടായെന്നു പറഞ്ഞുകൊണ്ട് ആ സ്കൂൾ പൂട്ടി.

1972 ജൂൺ 24ന് ബാംഗ്ലൂരിലെ താമസത്തിനിടയിൽ നടരാജഗുരുവിന് പക്ഷവാതരോഗം പിടിപ്പെട്ടു. അവിടുത്തെ ആശുപത്രിയിലെ ചികിത്സയെ തുടർന്ന് തിരുവനന്തപുരത്തു കൊണ്ടുവന്നു മെഡിക്കൽ കോളെജിലെ ചികിത്സയിലായി. നവംബറോടെ ഗുരുകുലത്തിൽ കൊണ്ടുവന്നു. ശിഷ്യരുടെ ശ്രദ്ധയെല്ലാം പിന്നീട് ഗുരുവിലായി. 1973 മാർച്ച് 19ന് നടരാജഗുരു സമാധിയായി. അദ്ദേഹം വിഭാവനം ചെയ്തിരുന്ന ബ്രഹ്മവിദ്യാമന്ദിരത്തിന്റെ ഏതാണ്ട് ഒത്ത നടുവിലായി തീർത്ത കല്ലറയിൽ അടക്കം ചെയ്തു. പിന്നീടത് ഈസ്റ്റ് വെസ്റ്റ് യൂണിവേഴ്സിറ്റിയായപ്പോൾ അതിന് മീതെ ഒരു ശിവലിംഗം പ്രതിഷ്ഠിച്ചു.

1973 മുതൽ 89 വരെ ഗുരുകുലം മാസികയുടെ പത്രാധിപർ മുനി നാരായണപ്രസാദ് ആയിരുന്നു. ഇക്കാലത്ത് എഴുതിയ വ്യാഖ്യാനങ്ങളും പഠനങ്ങളും ലേഖനങ്ങളും മുഖകുറിപ്പുകളും കാലാകാലങ്ങളിൽ പുസ്തക രൂപത്തിലായി പ്രസിദ്ധീകരിച്ചു. മുനി നാരായണപ്രസാദ് അറിയപ്പെടുന്ന ഗ്രന്ഥകാരനുമായി. 1985ൽ നിത്യ ചൈതന്യയതി സംന്യാസം നൽകി. അതോടെ ഗുരുകുലത്തിന്റെ ഭരണപരമായ കാര്യങ്ങളുടെ പിൻതുടർച്ചക്കാരനുമായി.

1989–1991ൽ ശാന്തസമുദ്രത്തിലുള്ള ഫിജി ദ്വീപിലെ ആശ്രമത്തിന് ഒരു കാര്യദർശിയെ ആ വശ്യമായി വന്നപ്പോൾ ആ ചുമതല മുനി നാരായണ പ്രസാദ് സ്വയം ഏറ്റെടുത്തു. രണ്ടരവർഷക്കാലം അവിടെ പ്രവർത്തിച്ചു. അവിടെവച്ചാണ് 'ആത്മോപദേശ ശതക'ത്തിന്റെ വ്യാഖ്യാനവും നടരാജ ഗുരുവിന്റെ സൗന്ദ ര്യലഹരിയുടെ വിവർത്തനവും നടത്തിയത്. ഭാരതീയരായ കുടുംബങ്ങളിലെ കുട്ടികൾക്കായി 'Basic Lesson's on India's Wisdom' എന്ന പഠന പരമ്പര പ്രസിദ്ധീകരിച്ചു.


2011ൽ സിംലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് നടത്തിയ 'ദ് ഫിലോസഫി, വിഷൻ ആന്റ് വർക്ക് ഓഫ് ശ്രീനാരായണ ഗുരു: ആസ് ആൻ ഇൻസ്ട്രമെന്റ് ഓഫ് എഗാലേറ്റേറിയൻ സോഷ്യൽ ചെയ്ഞ്ച്' എന്ന അന്താരാഷ്ട്ര സെമിനാറിന്റെ അദ്ധ്യക്ഷനായിരുന്നു. ഗൾഫ് രാജ്യങ്ങളിലും അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലും ഗുരുകുല പ്രഭാഷണങ്ങളുടെ ഭാഗമായും ഗീതാ ക്ലാസുകൾ നടത്തുന്നതിനുമായി സഞ്ചരിച്ചിട്ടുണ്ട്. സിംഗപ്പൂർ, മലേഷ്യ, ഓസ്ട്രേലിയ, റഷ്യ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ ദേശങ്ങളിലുള്ള ഗുരുകുലങ്ങളിൽ വർഷത്തിൽ ഒരിക്കൽ സന്ദർശനം നടത്തി അവിടുത്തെ കാര്യങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

വ്യാഖ്യാനങ്ങളും പഠനങ്ങളുമാണ് മുനി നാരായണപ്രസാദിൽ നിന്നും വേദാന്തശാസ്ത്രത്തിനു കൂടുതലായി ലഭിച്ചത്. ന്യായദർശനം, ഹിന്ദുമതത്തിലെ ശാസ്ത്രീയ വീക്ഷണം, പൂർണ്ണജനനം, കുട്ടികളുടെ നാരായണ

# ജ്ഞാനസൗരഭ്യം ചൊരിഞ്ഞ

# ഗുരു മുനി നാരായണപ്രസാദ്





ഗുരു, ഗ്രീക്കു ചിന്തകൾ, സുഭാഷിതങ്ങൾ, യുവദർശനം, നർമ്മങ്ങൾ മർമ്മങ്ങൾ, കൊച്ചുവലിയ കാര്യങ്ങൾ തുടങ്ങിവയെല്ലാം അദ്ദേഹത്തിന്റെ സ്വതന്ത്രകൃതികളാണ്.

ഹൈന്ദവേതരകൃതികളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. അവയിൽ പ്രധാനം 'സുവിശേഷങ്ങൾ വേദാന്തദൃഷ്ടിയിൽ' എന്നുള്ളതാണ്. ബൈബിളിലെ നാലു സുവിശേഷങ്ങളെയും വിശുദ്ധ തോമസ്സിന്റെ സുവിശേഷത്തെയും ഭാരതീയ വേദാന്ത ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ പുനഃപരിശോധിക്കുന്ന കൃതിയാണത്. 'നൂറു ദൈവനാമങ്ങളും അല്ലാഹുവിന്റെ നാമത്തിലും' ഇസ്ലാം മതചിന്തകൾ വെളിപ്പെടുന്നവ യാണ്. ഖുർ ആനിലുള്ള 100 ദൈവനാമങ്ങളെ പതിനാലു ഗണത്തിൽപ്പെടുത്തി മനനത്തിനെടുത്ത കൃതിയാണ് നൂറു ദൈവനാമങ്ങൾ. ദൈവനാമങ്ങൾ ഇന്ദ്രിയാനുഭൂതികളാകുന്നതിലേക്കുള്ള പരിശോധനയാണ് 'അല്ലാഹുവിന്റ നാമത്തിൽ- വിശുദ്ധ ഖുർ ആൻ; ജീവിതദർശനം'.

**ആത്മകഥയാണ് 'ആത്മയാനം.' ആദ്യപതിപ്പ് 2015ൽ പ്രസിദ്ധീകരിച്ചു. പലതും തുറന്നെഴുതുന്ന ഒരു കൃതിയാണത്. അപ്രിയ സത്യങ്ങൾ ഒരു സംന്യാസിക്ക് എഴുതാമോ എന്ന ചോദ്യം ഉയരുന്നുവെങ്കിലും തന്റെ ആത്മാന്വേഷണത്തെ തൃപ്തിപ്പെടുത്തുന്നതാണ് തന്റെ ചിന്തയും വാക്കും പ്രവൃത്തിയുമെന്ന് അദ്ദേഹത്തിന് എന്നും ദൃഢനിശ്ചയം ഉണ്ടായിരുന്നു. ഗുരു നിത്യചൈതന്യയതി തന്നിൽ നിന്നും അകലുവാനുള്ള കാരണത്തിന്റെ കാതൽ അതിൽ വിശദീകരിക്കുന്നു. ഗുരു നിത്യചൈതന്യയതി മുനി നാരായണ പ്രസാദിനെ പലതിൽ നിന്നും ഒഴിവാക്കിത്തുടങ്ങി. ഓരോ ഇടങ്ങളിൽ വരുന്നുണ്ടെറിയുമ്പോഴും ശിഷ്യൻ അദ്ദേഹത്തെ തേടി എത്തിയിരുന്നു.**

പഠനപദ്ധതിയുടെ ഭാഗമായിട്ടാണ് 'ഈശാവാസ്യോപനിഷത്ത്' തുടങ്ങി 'ശ്വേതാശ്വതരോപനിഷത്ത്' വരെയുള്ള പത്ത് ഉപനിഷത്തുക്കളുടെ വ്യാഖ്യാനം, ഗുരുവരുൾ, നടരാജഗുരുവിന്റെ ആത്മകഥ, സത്യാന്വേഷണം, വേദാന്തം; ഒരു പുനരീക്ഷണം, പരമ്പൊരുളുകൾ പാശ്ചാത്യ ദർശനത്തിൽ, ഏകലോക സാമ്പത്തിക ശാസ്ത്രം ഒരു മാർഗരേഖ, വിദ്യാഭ്യാസം ഒരു മാർഗരേഖ തുടങ്ങിയവ വിവർത്തന കൃതികളാണ്. ഇംഗ്ലീഷിലും മലയാളത്തിലുമായി നൂറ്റിയമ്പതിലധികം കൃതികൾ മുനി നാരായണപ്രസാദിന്റേതായിട്ടുണ്ട്.

ആത്മകഥയാണ് 'ആത്മയാനം.' ആദ്യപതിപ്പ് 2015ൽ പ്രസിദ്ധീകരിച്ചു. പലതും തുറന്നെഴുതുന്ന ഒരു കൃതിയാണത്. അപ്രിയ സത്യങ്ങൾ ഒരു സംന്യാസിക്ക് എഴുതാമോ എന്ന ചോദ്യം ഉയരുന്നുവെങ്കിലും തന്റെ ആത്മാന്വേഷണത്തെ തൃപ്തിപ്പെടുത്തുന്നതാണ് തന്റെ ചിന്തയും വാക്കും പ്രവൃത്തിയുമെന്ന് അദ്ദേഹത്തിന് എന്നും ദൃഢനിശ്ചയം ഉണ്ടായിരുന്നു. ഗുരു നിത്യചൈതന്യയതി തന്നിൽ നിന്നും അകലുവാനുള്ള കാരണത്തിന്റെ കാതൽ അതിൽ വിശദീകരിക്കുന്നു. ഗുരു നിത്യചൈതന്യയതി മുനി നാരായണപ്രസാദിനെ പലതിൽ നിന്നും ഒഴിവാക്കിത്തുടങ്ങി. ഓരോ ഇടങ്ങളിൽ വരുന്നുണ്ടെറിയുമ്പോഴും ശിഷ്യൻ അദ്ദേഹത്തെ തേടി എത്തിയിരുന്നു. സ്ട്രോക്ക് ബാധിച്ച് തൃശൂർ വൈദ്യമഠത്തിലെ ചികിത്സയിലാണെന്നറിഞ്ഞപ്പോഴും അവിടെയെത്തി. അപ്പോഴും അകൽച്ച ഉണ്ടായിരുന്നുവെങ്കിലും പ്രകടമാക്കിയിരുന്നില്ല. ചികിത്സയുടെ പല ഘട്ടങ്ങൾ കഴിഞ്ഞു ഗുരു നിത്യചൈതന്യയതി ഊട്ടിയിലെത്തി. ആ വർഷത്തെ ഗുരുപൂജയിൽ പങ്കെ



ടുക്കുന്നതിനായി ഗുരു മുനി നാരായണപ്രസാദും ഊട്ടിയിൽ എത്തി. മടക്കയാത്ര കോഴിക്കോട്ടേക്കായിരുന്നു. രാമദാസിന്റെ വീട്ടിലെത്തിയപ്പോൾ അവരെല്ലാം ടിവിയിലൂടെ ഗുരു നിത്യചൈതന്യ യതിയുടെ സമാധിയുമായി ബന്ധപ്പെട്ട വാർത്തകൾ കണ്ടുകൊണ്ടിരിക്കുന്നതാണ് കണ്ടത്.

1999ൽ ഗുരു നിത്യചൈതന്യ യതി സമാധിയായി. അതോടെ മുനി നാരായണപ്രസാദ് ഗുരുകുലത്തിന്റെ അദ്ധ്യക്ഷനായി. ഗുരുകുലത്തിന്റെ സാമ്പത്തികമായ വരുമാനം ആശയപ്രചരണങ്ങളിൽ നിന്നും ലഭിക്കുന്ന തുകയും ശിഷ്യഗണങ്ങളുടെ സംഭാവനയുമാണ്. എന്തുകൊണ്ട് ഗുരുകുലത്തിന് സ്വന്തമായി സ്കൂളുകളും ആശുപത്രികളും ഉണ്ടായിക്കൂടാ എന്നത് പല സന്ദർഭങ്ങളിലും ഉയർന്നുവന്നിട്ടുള്ള ചോദ്യമാണ്. 'അതൊക്കെ ചെയ്യാൻ മറ്റു സമൂഹങ്ങൾ ഉണ്ടല്ലോ' എന്നായിരുന്നു ഗുരു മുനി നാരായണപ്രസാദിന്റെ മറുപടി. അമേരിക്കൻ നിവാസിയായ ഒരാൾ തങ്ങളുടെ മാതാപിതാക്കളുടെ സ്മരണക്കായി 50 ലക്ഷം രൂപ മുടക്കാൻ തയ്യാറാണെന്നു മനസ്സിലാക്കിയ ഒരാൾ ഇക്കാര്യം ഗുരുവിന്റെ ശ്രദ്ധയിൽപ്പെടുത്തി. 'അത്തരത്തിലുള്ള ഒന്നും ഗുരുകുലത്തിൽ ചെയ്യാൻ പറ്റില്ലാ' എന്നായിരുന്നു മറുപടി. വിദ്യാമന്ദിരവും ഓഫീസിന്റെ ചില ഭാഗങ്ങളും ഒഴിവാക്കിയാൽ ചെറിയ ചെറിയ കെട്ടിടങ്ങളുടെ സംഘാതമാണ് ഗുരുകുലം. ചെറിയ ജീവിത ചുറ്റുപാടുകളിൽ നിന്നുകൊണ്ട് ലോകത്തിന്റെ ക്ഷേമത്തിനും സമാധാനത്തിനും വേണ്ടി വലിയ ചിന്തകളെ ഉല്പാദിപ്പിക്കുന്നിടമാണ് ഗുരുകുലം. അവിടെ ഉത്സവങ്ങളും ആഘോഷങ്ങളുമില്ല. വർഷത്തിലൊരിക്കൽ പഠനക്ലാസുകളോടുകൂടിയ കൺവൻഷൻ മാത്രമാണ് കൂടുതൽപേരെ കൂട്ടിവരുത്തുന്ന ഏകസംവിധാനം.

1998ലാണ് ഗുരു മുനി നാരായണപ്രസാദ് ആദ്യമായി ജന്മദിനം ആഘോഷിക്കുന്നത്. സുഹൃത്തുക്കളുടെ നിർബന്ധത്തിനു വഴങ്ങി തന്റെ അറുപതാം ജന്മദിനാഘോഷത്തിൽ പങ്കെടുത്തു. രാമചന്ദ്രൻ എന്ന സുഹൃത്തായിരുന്നു അതിനു നേതൃത്വം നൽകിയത്. 2009ൽ ഗുരു മുനി നാരായണ പ്രസാദിന്റെ സപ്തതിവർഷമായിരുന്നു. അതിന്റെ ആഘോഷങ്ങളുടെ ഭാഗമായി 'ഗുരുപ്രസാദം' എന്ന പേരിൽ ഡോ.ടി.ഭാസ്കരൻ ചീഫ് എഡിറ്ററായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുകയുണ്ടായി. ജീവിതസൂചിക, വിശദമായ സംവാദം, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ലേഖനങ്ങൾ, കത്തുകൾ ഉൾപ്പെടുന്ന ഈ സ്മരണിക അദ്ദേഹത്തെ സംബന്ധിച്ച ആദ്യത്തെ റഫറൻസ് ഗ്രന്ഥമാണ്.

1999 മെയ് 14ന് ഗുരു നിത്യചൈതന്യയതി സമാധിയായി. മുനിസ്വാമി പുലർച്ചേ നാലുമണിയോടെ ഫേൺഹില്ലിലെത്തി. ഗുരു മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്ത് സമാധിയിരുത്തുന്നതിനുള്ള കാര്യങ്ങൾ ഡോ.തമ്പാന്റെ (തന്മയാനന്ദസ്വാമി) നേതൃത്വത്തിൽ നടന്നു. പരമ്പരയുടെ പിൻഗാമി എന്ന നിലയിൽ നാല്പത്തിയൊന്നാം ദിവസമായ ജൂൺ 23ന് യതിപൂജയും മോക്ഷദീപവും നടത്തി മുനി വർക്കലയിലേക്കു മടങ്ങി. ബ്രഹ്മവിദ്യാ ഹാളിൽ മറ്റൊരു അനുസ്മരണ സമ്മേളനം വിളിച്ചുകൂട്ടി. പ്രത്യേക ചടങ്ങുകൾ ഒന്നുമില്ലാതെതന്നെ മുനി നാരായണപ്രസാദ് ഗുരുകുലത്തിന്റെ അദ്ധ്യക്ഷനായി.

2005 മുതൽ രോഗങ്ങൾ ക്ഷണിക്കപ്പെടാതെ ഗുരു മുനി നാരായണപ്രസാദിന്റെ ജീവിതത്തിലേക്കു കടന്നുവന്നുകൊണ്ടിരുന്നു. മൂത്ര തടസ്സത്തോടെയായിരുന്നു തുടക്കം. 2006ൽ തിരുവനന്തപുരം മെഡിക്കൽ കോളെജിൽ ചികിത്സയിലായിരുന്നു. തുടർന്ന് തിരുവനന്തപുരം റീജനൽ കാൻസർ സെന്ററിലും. മിക്ക വൈകുന്നേരങ്ങളിലും അവിടെ പ്രാർത്ഥനയും ക്ലാസും ഉണ്ടാകുമായിരുന്നു. ചികിത്സിച്ച ഡോക്ടർമാരും അതുമായി ബന്ധപ്പെട്ടവരും അവിടെ വന്ന് അദ്ദേഹത്തിൽ നിന്നും കേൾക്കുമായിരുന്നു. ശരീര ഭാരം അമ്പത്തിയൊമ്പതിൽ നിന്നും നാല്പത്തിയഞ്ചായി കുറഞ്ഞു. ഏറെ നടന്നിരുന്ന ഗുരുവിന് അല്പസമയംപോലും നടക്കാൻ കഴിയില്ലെന്നായി.

ചികിത്സാ കാലയളവിൽ ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണ കൃതികളുടെ പഠനവും ഛാന്ദോഗ്യോപനിഷത്തിന്റെ വ്യാഖ്യാനവും ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചിരുന്നു. നാരായണ ഗുരുവിന്റെ സമ്പൂർണ്ണ കൃതികൾ പ്രസിദ്ധീകരിക്കണം എന്നതായിരുന്നു ജീവിതാഭിലാഷം. അതു നിവൃത്തിയായതിൽ ആശ്വസിച്ചു. പല ആശുപത്രികളിലായി പലവിധ ചികിത്സ നടന്നുകൊണ്ടിരുന്നു. ത്യാഗീശ്വര സ്വാമി ഉൾപ്പെടെയുള്ളവർ ഗുരു സവിധത്തിൽ എപ്പോഴും ഉണ്ടാവും. ഒഴിവാക്കാൻ കഴിയാത്ത പരിപാടികളിൽ പങ്കെടുക്കും. വിശ്രമവും പ്രഭാഷണവും ഒക്കെയായി നാളുകൾ മുന്നോട്ടുപോയി.

ഇതിനിടയിൽ ഗുരു മുനി നാരായണപ്രസാദ് എഴുപതിലെത്തി. കൊച്ചിയിലെ ഗുരുകുലമിത്രം ശതാഭിഷേകം നടത്താൻ തീരുമാനിച്ചു. എറണാകുളം ഫൈൻ ആർട്സ് കോളജ് വേദിയായി. നിയമസഭാ സ്പീക്കർ കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ.സുകുമാർ അഴീക്കോട് അദ്ധ്യക്ഷത വഹിച്ചു. പ്രകാശാനന്ദ സ്വാമികൾ, പ്രൊഫ.എം.കെ.സാനു, ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ എന്നിവർ പ്രസംഗിച്ചു. ശ്രീ നടരാജ സംഗീതസഭയുടെ നേതൃത്വത്തിൽ ഒരു സമ്മേളനം ബ്രഹ്മവിദ്യാമന്ദിരത്തിലും നടന്നു. ആഘോഷത്തിന്റെ ഭാഗമായി പി.ആർ.ശ്രീകുമാറിന്റെ ചുമതലയിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കുകയുണ്ടായി. അഭിമുഖം, അനുഭവം, ആനുഭൂതികം, ആസ്വാദനം, ആവിഷ്കാരം എന്നിങ്ങനെ അഞ്ചു ഭാഗങ്ങളിലായി ഗുരു മുനി നാരായണപ്രസാദിന്റെ ജീവിതവും ദർശനവും കൃതികളും വിലയിരുത്തിക്കൊണ്ട് 'മുനിപ്രസാദം' 2021ൽ പ്രസിദ്ധീകരിച്ചു.

മുനി നാരായണപ്രസാദ് തന്റെ ആത്മകഥയുടെ അവസാനഭാഗത്ത് എഴുതി

"എന്നെ സംബന്ധിച്ചിടത്തോളം ജീവിതം ശവക്കുഴിയിൽ അവസാനിക്കുന്നതല്ല. എന്നിലെ ബാഹ്യരൂപം മാത്രമാണ് അവിടെ അവസാനിക്കുന്നത്. എന്നിലെ സത്യം അനന്തമായി തുടരും; ഏകമായ പരമസത്യവുമായി അലിഞ്ഞുചേർന്ന് അവിരാമം തുടരും."

രണ്ടു പതിറ്റാണ്ടുകാലം രോഗത്തിന്റെ ഉയർച്ച താഴ്ചകളിലൂടെ കടന്നുപോയ ഗുരു മുനി നാരായണ പ്രസാദ് 2026 ഏപ്രിൽ 25ന് എൺപത്തിയെട്ടാമത്തെ വയസ്സിൽ സമാധിയായി.

ശാസ്ത്രത്തെയും അദ്ധ്യാത്മികതയെയും എവിടെയെല്ലാം സമന്വയിപ്പിക്കാൻ കഴിയും എന്നതായിരുന്നു ഗുരു മുനി നാരായണപ്രസാദിന്റെ പഠനമേഖല. ആ ദൗത്യം പൂർണ്ണമായി നിറിവേറ്റിയാണ് അദ്ദേഹം തന്റെ യാത്ര തുടർന്നത്. യൗവ്വനത്തിന്റെ പ്രയത്നം ഏറ്റുവാങ്ങിയ ബ്രഹ്മവിദ്യാലയത്തിന്റെ മറുപാതിയിലെ കുന്നിൻനിറുകയിലാണ് അദ്ദേഹത്തിന്റെസമാധിയിടം.

# IMPORTANT DAYS AND DATES IN MAY 2026

**Labor Day** - May 1
List of important days in May 2026 International: International Labors Day also known as May Day is celebrated every year on May 1 to raise awareness about the laborer's struggle and gains. This day is celebrated as the most important day in May. People around the world can celebrate this day by conducting marches and protests for the rights of workers.

**World Tuna Day** - May 2
List of important days in May 2026 International: World Tuna Day is celebrated every year on May 2 to raise awareness about the importance of Tuna. This day is celebrated by the United Nations General Assembly(UNGA). This day was first observed in 2017. The main aim of this day was to preserve the Tuna fish from crashing.

**Press Freedom Day** - May 3
List of important days in May 2026 International: Press Freedom Day is celebrated every year on May 3. The United Nations General Assembly(UNGA) has declared May 3 as World Press Freedom Day to raise awareness about the freedom of the press and uphold the right to freedom of expression.

**Coal Miner's Day** - May 4
List of important days in May 2026 in India: Coal Miner's Day is celebrated every year on May 4. Coal is one of the major fossil fuels that contain rich Carbon. Sometimes miners face respiratory disease due to the inhale of coals and pollution.

**World Asthma Day** - May 6
List of important days in May 2026 International: World Asthma Day is celebrated every year on the first Tuesday of May. This year World Asthma Day is celebrated on May 6 to raise awareness about Asthma. It affects the human lungs and causes respiratory diseases like breathlessness, chest tightness, and regular coughing. The theme of World Asthma Day 2026 will be updated later.

**World Athletics Day** - May 7
List of important days in May 2026 International: World Athletics Day is celebrated every year on May 7. This Day is observed to raise awareness about sports and athletics. This Day was introduced in 1996. International Amateur Athletic Federation(IAAF) launched this World Athletics Day to honor the sportsperson who has a responsibility to pride the nation.

**World Red Cross And Red Crescent Day** - May 8
List of important days in May 2026 International: World Red Cross and Red Crescent Day are celebrated every year on May 8. This initiative was studied by an International Commission established at the 14th International Conference on the Red Cross. This day is celebrated to raise awareness about the uniqueness and unity of World Red Cross Day.

**World Thalassemia Day** - May 8
List of important days in May 2026 International: World Thalassemia Day is celebrated every year on May 8. This day is celebrated to raise awareness about the struggles of patients suffering from genetic disorders and raise awareness about Thalassemia.

**Victory Day** - May 9
List of important days in May 2026 International: Victory Day is celebrated every year on May 9. Victory Day is celebrated as one of the biggest holidays in Russia commemorating the surrender of Nazi Germany in 1945. It was first inaugurated in 15 Republics in the Soviet Union. Every year Russia observes Victory Day as a major Holiday.

**National Technology Day** - May 11
List of important days in May 2026 National: National Technology Day is celebrated every year on May 11. This day is to raise awareness about the importance of Scientists, Research, etc. This day is celebrated to raise awareness about the Technology that is developed day by day. On National Technology Day, Pokhran nuclear tests were observed on May 11, 1998.

**World Mother's Day** - May 12
List of important days in May 2026 International: World Mother's Day is celebrated every year on the second Sunday in May. This year, Mother's Day is celebrated on May 8. Mother's Day is celebrated every year to honor every Mother of the Family.

**International Nurses Day** - May 12
List of important days in May 2026 International: International Nurses Day is celebrated every year on May 12. Nurses Day is celebrated to praise the Nurses who contribute their work to the Society. This day is to commemorate the anniversary of Florence Nightingale's birthday. The International Council of Nurses(ICN) commemorates the importance of Nurses every year to celebrate.

**International Day Of Families** - May 15
List of important days in May 2026 International: International Day of the Family is celebrated every year on May 15. This day is celebrated to raise awareness about the importance of Family. Family is a basic thing that every human needs nowadays. This day is announced by the United Nations General Assembly(UNGA).

**World Telecommunication And Information Society Day** - May 17
List of important days in May 2026 International: World Telecommunication And Information Society Day is celebrated on May 17. The United Nations General Assembly(UNGA) declared May 17 as World Telecommunication And Information Society Day. Since 1969, World Telecommunication Day has been celebrated annually on May 17 to mark the foundation of ITU.

**World Hypertension Day** - May 17
List of important days in May 2026 International: World Hypertension Day is celebrated annually on May 17. This day is prompted by the World Hypertension League(WHL). The Theme of World Hypertension Day 2026 will be updated later.

**International Museum Day** - May 18
List of important days in May 2026 International: International Museum Day is celebrated every year on May 18 to raise awareness about the museums in society. The International Council of Museums(ICOM) prompted this day every year since 1977. This day is celebrated to create the importance of Museums for the development of Society.

**World AIDS Vaccine Day** - May 18
List of important days in May 2026 International: World AIDS Vaccine Day or HIV Vaccine Awareness Day is observed every year on May 18 to raise awareness about the need for vaccines. World Vaccine AIDS Day marks the importance of Research and scientists to help the better improvement of medicines.

**World Metrology Day** - May 20
List of important days in May 2026 International: World Metrology Day is celebrated on May 20 annually. The Theme of World Metrology Day 2026 will be updated later. This day is observed to raise the importance of Metrology. Metrology Day is prompted by the Measurements Standards Laboratory(MSL).

**World Day For Cultural Diversity For Dialogue And Development** - May 21
List of important days in May 2026 International: World Day for Cultural Diversity for Dialogue and Development was observed on May 21. UNESCO has adopted this day since 2001. In 2002, the United National General Assembly(UNGA) declared May 21 as World Day for Cultural Diversity for Dialogue and Development. This day is observed to raise awareness about Cultural Diversity.

**Anti-Terrorism Day** - May 21
List of important days in May 2026 in India: Anti-Terrorism Day is celebrated every year on May 21. This day is to commemorate the death anniversary of former Prime Minister Rajiv Gandhi. Anti-Terrorism Day is observed annually to spread awareness about the Peace and the violence caused by terrorists.

**International Day For Biological Diversity** - May 22
List of important days in May 2026 International with themes: International Day for Biological Diversity is celebrated every year on May 22. The Theme of International Day for Biological Diversity 2026 will be updated later. This day is observed to raise awareness about Biological Diversity. The United Nations has proclaimed this day as International Day for Biological Diversity.

**Commonwealth Day** - May 24
List of important days in May 2026 in India with themes: Commonwealth Day is celebrated every year on May 24. This day is observed as a holiday in parts of the Commonwealth of Nations. This day is celebrated to commemorate the Birth Anniversary of Queen Victoria. The theme of Commonwealth Day 2026 will be updated later.

**International Day Of Action For Women's Health** - May 28
List of important days in May 2026 International: International Day of Action for Women's Health is observed annually on May 28. This day is observed to raise awareness about the health of Women and well beings such as Sexual and Reproductive Health and Rights(SRHR).

**International Day Of United Nations Peacekeepers** - May 29
List of important days in May 2026 International: International Day of United Nations Peacekeepers is observed every year on May 29. The first United Nations Peacekeeping mission was first established in May 1948. The Theme of International Day of United Nations Peacekeepers 2026 will be updated later.

**International Everest Day** - May 29
List of important days in May 2026 International: International Everest Day is observed annually on May 29. This day is in memory of two people who climbed Mt. Everest in 1953. The persons are Nepalese Tenzing Norgay and New Zealand's Edmund Hillary.

**World No Tobacco Day** - May 31
List of important days in May 2026 International: World No Tobacco Day was observed every year on May 31. This day is also known as World Anti-Tobacco Day. World No Tobacco Day is to spread awareness to the people about the harmful effects of tobacco which causes cancer, lung disease, etc. It is an initiative of the World Health Organization.